ജൂൺ 2018

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം



# ജനവിരുദ്ധതയുടെ 4 വർഷം










2018 മെയ് 28 മുതൽ ജനീവയിൽ ചേർന്ന ഇന്റർനാഷണൽ ലേബർ കോൺഫറൻസിൽ
ഇന്ത്യൻ പ്രധിനിധി സംഘാംഗമായി സ. എളമരം കരീം പങ്കെടുത്തപ്പോൾ




സംയുക്ത മോട്ടോർ തൊഴിലാളി .യൂണിയൻ സംസ്ഥന സമര പ്രഖ്യാപന കൺവെൻഷൻ
സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2017 ജൂൺ വോള്യം: 6. ലക്കം: 11

7 മാർക്സും മുതലാളിത്തവും
പ്രഭാത് പട്നായിക്ക്






10 ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് ഫലം
ആനത്തലവട്ടം ആനന്ദൻ



14 ജനജീവിതം ദുസ്സഹമാക്കിയ നാളുകൾ

കുറിപ്പുകൾ 24
പി. നന്ദകുമാർ

അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് 26
കെ.പി. സഹദേവൻ

ചില്ലറവ്യാപാരരംഗം വാൾമാർട്ടിന് 30
ഡോ. കെ.എസ്. പ്രദീപ്കുമാർ

ട്രംപ്-കിം കൂടിക്കാഴ്ച ചരിത്രപരം 32
എൻ. പത്മലോചനൻ

സ്വതന്ത്ര കമ്പോളവും ട്രേഡ് യൂണിയനുകളും 37
ജോസ് ടി. എബ്രഹാം

സമാനതകളേറെ 40
കെ.എൻ.ഗോപിനാഥ്

ടവർകമ്പനി രൂപീകരണം 42
കെ. മോഹനൻ

വൈദ്യുതിജീവനക്കാർ പണിമുടക്കുന്നു 45
ജെ. ജയപ്രകാശ്

പൊരുതി നേടിയ ഉജ്ജ്വല വിജയം 50
എം.കൃഷ്ണൻ

കൈത്തറിതൊഴിലാളി ക്ഷേമനിധി ബോർഡ് 52
ടി.പി. രാമകൃഷ്ണൻ

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി,
തിരുവനന്തപുരം

എഡിറ്റോറിയൽ

# മനോരമയുടെ മുതലാളിസേവ

എറണാകുളം കോലഞ്ചേരിയിലെ "സിന്തൈറ്റ്സ്" എന്ന കമ്പനിയിലെ തൊഴിലാളികൾ നടത്തിയ സമരത്തെ അധിക്ഷേപിച്ചുകൊണ്ട് മലയാള മനോരമ പത്രം ജൂൺ 6 ന് എഴുതിയ മുഖപ്രസംഗത്തിന്റെ തലക്കെട്ട് "വ്യവസായ കേരളം ലജ്ജിക്കട്ടെ" എന്നായിരുന്നു. യാഥാർത്ഥ്യങ്ങൾ വളച്ചൊടിച്ച് തൊഴിലാളികളെ അധിക്ഷേപിക്കാൻ വേണ്ടിമാത്രം മനോരമ അച്ച് നിരത്തിയത് അവരുടെ വർഗ സ്വഭാവത്തിന് ചേർന്നത് തന്നെ! അല്പം 'കുടുംബ' ബന്ധവും പത്രത്തെ സ്വാധീനിച്ചിരിക്കാനിടയുണ്ട്. ഒരു പ്രശ്നത്തിൽ വ്യത്യസ്ത അഭിപ്രായമുണ്ടാവുന്നതിൽ അൽഭുതമില്ല. എന്നാൽ വസ്തുതകളെ വളച്ചൊടിച്ച് പ്രസിദ്ധീകരിക്കുന്നത് മാന്യമായ പത്ര പ്രവർത്തനമാണോ? ഇതിന് മുമ്പും മുതലാളി വർഗത്തിന്റെയും അവരുടെ ജിഹ്വകളുടെയും ശകാരം കേൾക്കേണ്ടി വന്നവരാണ് തൊഴിലാളി പ്രസ്ഥാനം. അത്കൊണ്ടൊന്നും തൊഴിലാളി വർഗ പ്രസ്ഥാനങ്ങൾ തകരുകയില്ലെന്ന് മനോരമക്ക് ഇനിയും ബോധ്യപ്പെടുന്നില്ല. മനോരമ മുഖപ്രസംഗത്തിലെ കല്ലുവെച്ച നുണ നോക്കൂ- "കോലഞ്ചേരി ഫാക്ടറിയിലെ ഏതാനും തൊഴിലാളികളെ സ്ഥലം മാറ്റിയതിന്റെ പേരിൽ മാർച്ച് അവസാനം സിഐടിയു പണിമുടക്കിയിരുന്നു." "പണിമുടക്ക് 36 ദിവസമാണ് നീണ്ടത്. ഇത് മൂലം സ്ഥാപനത്തിനുണ്ടായ നഷ്ടമാവട്ടെ 50 കോടിയോളം രൂപയുടെയും. ഒടുവിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇടപെട്ടതോടെയാണ് പണിമുടക്ക് പിൻവലിച്ചത്". ഈ പറഞ്ഞതത്രയും കല്ല് വെച്ചനുണയാണ് 7 തൊഴിലാളികളെ ആദ്യഘട്ടത്തിൽ സ്ഥലം മാറ്റിയ നടപടിക്കെതിരെ സിന്തൈറ്റ്സിലെ തൊഴിലാളികൾ പണിമുടക്ക് സമരം നടത്തിയിട്ടില്ല. യൂണിയൻ ഭാരവാഹികളെ ഉൾപ്പെടെ, പ്രതികാര നടപടിയായി സ്ഥലം മാറ്റിയ നടപടിക്കെതിരെ, തൊഴിലാളികൾ കമ്പനിപ്പടിക്കൽ സത്യാഗ്രഹം നടത്തുക മാത്രമാണ് ചെയ്തത്. ഈ കാലയളവിൽ യാതൊരു തരത്തിലുള്ള ഉൽപാദന സ്തംഭനവും ഉണ്ടായിട്ടില്ല. ഈ സമരം അവസാനിപ്പിക്കാൻ മുഖ്യമന്ത്രി ഇടപെട്ടു എന്ന് പറയുന്നതും കളവാണ്. എവിടുന്നാണ് മനോരമക്ക് ഈ 'വിവരം' ലഭിച്ചത്? സംസ്ഥാന ലേബർ കമ്മീഷണർ വിളിച്ചുചേർത്ത അനുരഞ്ജന സംഭാഷണത്തിൽ, മെയ് 15 നാണ് പ്രശ്നം ഒത്തു തീർപ്പായത്. യൂണിയൻ പിടിവാശിയിൽ നിൽക്കാതെ, വിട്ടുവീഴ്ച ചെയ്താണ് ഒത്തിതീർപ്പുണ്ടായത്.

ലേബർ കമ്മീഷണർ മുമ്പാകെ നടന്ന ഒത്തുതീർപ്പ് ചർച്ചകളിൽ മറ്റൊരു സ്ഥലം മാറ്റ നടപടിയെക്കുറിച്ച് മാനേജ്മെന്റ് സൂചിപ്പിക്കുക പോലും ചെയ്തിരുന്നില്ല. മെയ് 15 ന്റെ ഒത്തു തീർപ്പിന് ശേഷം ഒരു മുന്നറിയിപ്പുമില്ലാതെ മെയ് 30 ന് സിഐടിയു യൂണിയൻ പ്രവർത്തകരായ 17 തൊഴിലാളികളെ കോയമ്പത്തൂരിലേക്ക് സ്ഥലം മാറ്റിയ നടപടിയാണ് വീണ്ടും പ്രശ്നങ്ങളുണ്ടാവാൻ ഇടയാക്കിയത്.

സിഐടിയു നേതൃത്വത്തിൽ 'സിന്തൈറ്റ്സ്' ജീവനക്കാർ ട്രേഡ് യൂണിയൻ രൂപീകരിച്ചത് 2018 ജനുവരിയിലാണ്. ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്. തുടർന്ന് ഒരു വിഭാഗം തൊഴിലാളികള ചേർത്ത്, 'സേവ' (സിന്തൈറ്റ്സ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ) എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കാൻ മാനേജ്മെന്റ് മുൻകൈ എടുത്തു. മാനേജ്മെന്റിനോട് കൂറ് പുലർത്തുന്ന ഒരു വിഭാഗമാണ് 'സേവ' യിൽ ചേർന്നത്. അവർക്ക് പലവിധത്തിലുള്ള ആനുകൂല്യങ്ങളും മാനേജ്മെന്റ് നൽകി. സിഐടിയു യൂണിയനിൽ ചേർന്നവർക്ക് അതൊന്നും നൽകിയില്ല. പെർഫോമൻസ് ഇൻസെന്റീവ് സേവയിൽപെട്ടവർക്ക് മാത്രമെ നൽകിയുള്ളൂ. എന്നിട്ടും ഒരു പ്രകോപനത്തിനും, യൂണിയൻ പോയില്ല. കേരളത്തിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളിലെ ഒരു മാനേജ്മെന്റും ഇത്രയും ഹീനമായ വിധത്തിൽ സ്വന്തം തൊഴിലാളികളെ വിവേചനത്തോടെ കണ്ടിട്ടില്ല.

മെയ് 15 നുണ്ടാക്കിയ ഒത്തു തീർപ്പിലെ ഒരു വ്യവസ്ഥ ഇതായിരുന്നു- " തൊഴിലാളികളുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിഷയങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ടി വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 6 മാസം കഴിഞ്ഞ് വീണ്ടും യോഗം ചേരുമെന്ന് ലേബർ കമ്മീഷണർ അറിയിച്ചു" ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ടാണ്, മെയ് 30 ന് സിഐടിയു യൂണിയൻ പ്രവർത്തകരായ 17 പേരെ തെരഞ്ഞ് പിടിച്ച് മാനേജ്മെന്റ് സ്ഥലം മാറ്റിയത്. ഇത് പ്രതികാര നടപടിയല്ലാതെ മറ്റെന്താണ്?

ഈ കടുത്ത പ്രതികാര നടപടിയിൽ പ്രതിഷേധിച്ചാണ് തൊഴിലാളികൾ പണിമുടക്കാരംഭിച്ചത്. പണിമുടക്കി കമ്പനി ഗേറ്റിന് മുമ്പിൽ സത്യാഗ്രഹം നടത്തുന്ന തൊഴിലാളികളെ തള്ളിമാറ്റി കമ്പനിക്കകത്ത് പ്രവേശിക്കാൻ ഒരു സംഘം മാനേജ്മെന്റ് അനുകൂലികൾ വന്നപ്പോഴാണ് പ്രശ്നങ്ങളുണ്ടായത്- ജൂൺ

13 നും 14നും പോലീസ് ബലം പ്രയോഗിച്ച് "കരിങ്കാലികളെ" കമ്പനിക്കകത്ത് കയറ്റി. അവർക്ക് മാത്രമായി കമ്പനി പ്രവർത്തിപ്പിക്കാൻ കഴിയുമായിരുന്നില്ല. പന്ത്രണ്ട് ദിവസമാണ് ഈ പണിമുടക്ക് സമരം നടന്നത്. മാനേജ്മെന്റ് ക്ഷണിച്ച് വരുത്തിയ ഈ പണിമുടക്കിനെതിരായിട്ടാണ് ജൂൺ 6 ന് മനോരമ മുഖപ്രസംഗം എഴുതിയത്.

തൊഴിലാളികൾക്ക് സംഘടന രൂപീകരിക്കാനുള്ള നിയമാനുസൃതമായ അവകാശം വിനിയോഗിച്ചതിനെ എതിർത്ത മാനേജ്മെന്റിന് വേണ്ടി കോൺഗ്രസ് എംഎൽഎ സജീന്ദ്രൻ, നിയമസഭയിൽ അടിയന്തിര പ്രമേയം അവതരിപ്പിച്ചു. സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം സിഐടിയു തകർക്കുന്നുവെന്നായിരുന്നു സജീന്ദ്രന്റെ ആരോപണം. കോൺഗ്രസിന്റെ മുതലാളി പക്ഷപാതം വെളിപ്പെടുത്തുന്നതായിരുന്നു പ്രസ്തുത നടപടി. സിന്തൈറ്റ്സിലെ തൊഴിൽ പ്രശ്നത്തിന്റെ യഥാർത്ഥ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് മുഖ്യമന്ത്രിയും വ്യവസായ വകുപ്പ് മന്ത്രിയും നിയമസഭയിൽ അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞു.

45 വർഷത്തെ പാരമ്പര്യമുള്ള കമ്പനിയിൽ, തൊഴിലാളികൾ നേരിടുന്ന പീഡനങ്ങളെക്കുറിച്ച് യൂണിയൻ പരാതി ഉയർത്തിയത് മാനേജ്മെന്റിനെ കൂടുതൽ രോഷാകുലരാക്കി. മാനേജ്മെന്റ് കൈക്കൊള്ളുന്ന തൊഴിലാളി വിരുദ്ധ നടപടികൾ ചോദ്യം ചെയ്യപ്പെടുന്നത് അവർക്ക് സഹിക്കാനായില്ല. ആധുനിക മാനേജ്മെന്റിന് ചേരാത്തവിധം അവർ പ്രവർത്തിച്ചു. അതാണ് പ്രതികാര നടപടികളുടെ പശ്ചാത്തലം. ഈ സാഹചര്യത്തിൽ തൊഴിലാളികൾ, മറ്റ് മാർഗങ്ങൾ എല്ലാം അടഞ്ഞപ്പോൾ സമരം നടത്തിയതിനെ എങ്ങിനെ കുറ്റപ്പെടുത്താനാവും.

12 ദിവസം നീണ്ടു നിന്ന പണിമുടക്കം ജൂൺ 13 ന് ലേബർ കമ്മിഷണറുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ ഒത്തു തീർപ്പായി. ഇരുകൂട്ടരും വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടാണ് ഒത്തുതീർപ്പുണ്ടായത്. 12 ദിവസം നീണ്ടു നിന്ന പണിമുടക്ക് സമരം വേണ്ടിവന്നു മാനേജ്മെന്റിന് യാഥാർത്ഥ്യബോധമുണ്ടാവാൻ. മനോരമയുടെയും സജീന്ദ്രൻ എംഎൽഎയെപോലുള്ളവരുടെയും ഉപദേശങ്ങൾ കേട്ട്, തങ്ങളുടെ കീഴിലുള്ള തൊഴിലാളികളോട് യുദ്ധം പ്രഖ്യാപിച്ച സിന്തൈറ്റ്സ് മാനേജ്മെന്റിന് വൈകിയിട്ടാണെങ്കിലും വിവേകപൂർവം ചിന്തിക്കാനായത് സ്വാഗതാർഹമാണ്.

തൊഴിലാളികൾ ഒരു വ്യവസായത്തിന്റെ പ്രധാനപ്പെട്ട ഘടകമാണെന്ന് ഏത് മാനേജ്മെന്റും മനസിലാക്കണം. തൊഴിലാളികളുടെ അധ്വാനമാണ് പുതിയ സമ്പത്ത് സൃഷ്ടിക്കുന്നത്. 5 ലക്ഷം രൂപ മുടക്കി 1972ൽ ആരംഭിച്ച സിന്തൈറ്റ്സ് എന്ന കമ്പനി 600 കോടി രൂപ ആസ്തിയുള്ള കമ്പനിയായി വളർന്നതിനു പിന്നിൽ തൊഴിലാളികളുടെ അധ്വാനവും കൂടിയുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. സംഘടന രൂപീകരിക്കൽ, കൂട്ടായ വിലപേശൽ എന്നിവ ലോകമാകെ അംഗീകരിച്ച അവകാശങ്ങളാണ്. അതൊന്നും അംഗീകരിക്കാതെ വ്യവസായം നടത്താൻ അനുവദിക്കലല്ല, വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ. രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അംഗീകരിക്കാൻ ഏത് മാനേജ്മെന്റിനും ബാധ്യതയുണ്ട്. ഇക്കാര്യം സിന്തൈറ്റ്സ് മാനേജ്മെന്റിനെ ധരിപ്പിക്കാൻ മനോരമക്കും സജീന്ദ്രൻ എംഎൽഎക്കും ബാധ്യതയില്ലേ?

സിന്തൈറ്റ്സ് തൊഴിലാളികൾ സിഐടിയു നേതൃത്വത്തിൽ നടത്തിയ സമരത്തെ അധിക്ഷേപിക്കുന്ന മനോരമ, എല്ലാ സമരങ്ങളോടും ഈ നിലപാടല്ല സ്വീകരിക്കുന്നത്. 2015ൽ മൂന്നാർ ചായ തോട്ടങ്ങളിലെ ഒരു ചെറിയ വിഭാഗം തൊഴിലാളികൾ "പൊമ്പിളൈ ഒരുമൈ" എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി, സമരത്തിനിറങ്ങിയപ്പോൾ മനോരമയും കൂട്ടരും ആ സമരത്തെ വാനോളം പുകഴ്ത്തി. ആ സമരത്തെ അനുകൂലിക്കാത്ത ട്രേഡ് യൂണിയനുകളെ അവർ അധിക്ഷേപിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞ്, സംസ്ഥാനത്തെ മൂന്നര ലക്ഷം തോട്ടം തൊഴിലാളികൾ വിവിധ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ ഒന്നിച്ച് സമരം നടത്തിയപ്പോൾ ഒരു പത്രവും ചാനലും തിരിഞ്ഞു നോക്കിയില്ല. സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളെ ദുർബലമാക്കുക അരാജകവാദികളെ പ്രോത്സാഹിപ്പിക്കുക എന്ന മൂലധന ശക്തികളുടെ താല്പര്യമാണ് മനോരമവാദികൾ സംരക്ഷിക്കുന്നത്.

സിന്തൈറ്റ്സ് ഫാക്ടറിയിൽ തൊഴിലാളികൾ പണിമുടക്കിയത് മഹാ അപരാധമായി കാണുന്ന മനോരമ, അത്യാസന്ന നിലയിൽ ചികിത്സയിലുള്ള രോഗികളെ ഉപേക്ഷിച്ച് ആശുപത്രിക്ക് വെളിയിലിറങ്ങി സമരം നടത്തിയ ഒരു വിഭാഗം നഴ്സുമാരുടെ അരാജക സംഘടനയെ എതിർക്കുന്നില്ല. അവർ നടത്തുന്നത് മഹത്തായ സമരമെന്നാണ് മനോരമ ഭാഷ്യം. മനോരമ മുതലായ കുത്തക മൂലധന താല്പര്യം സംരക്ഷിക്കുന്ന മാധ്യമങ്ങൾക്ക് വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. മൂലധനാധിപത്യത്തെ എതിർക്കുന്ന വർഗ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന ട്രേഡ് യൂണിയനുകളെ തകർക്കുക എന്നതാണവരുടെ ലക്ഷ്യം. കുത്തക മാധ്യമങ്ങളുടെ ശരിയായ നിറം തിരിച്ചറിയണം. മുതലാളിത്ത വ്യവസ്ഥക്കെതിരായ സമരം ആ വ്യവസ്ഥയെ താങ്ങിനിർത്താൻ മുതലാളി വർഗം സൃഷ്ടിച്ച മാധ്യമ ഭീകരതെയെയും ചെറുത്ത് തോല്പിക്കുക എന്ന ലക്ഷ്യത്തോടെയാവണം.






# മാർക്സും മുതലാളിത്തവും

**മുതലാളിത്തത്തിന് കീഴിലുള്ള ചൂഷണത്തിന്റെ സ്വഭാവത്തെക്കുറിച്ചും ചൂഷണസ്വഭാവത്തെയും ഈ വ്യവസ്ഥയിലെ വൈരുധ്യങ്ങളെയും അത് അതിന്റെ പ്രവർത്തനങ്ങളിലൂടെ പുനരുൽപ്പാദിപ്പിക്കുമെന്ന വസ്തുതയെക്കുറിച്ചുമുള്ള മൗലികമായ ഉൾക്കാഴ്ചകൾ നൈസർഗികതയെന്ന ഈ വ്യവസ്ഥയുടെ അടിസ്ഥാന സ്വഭാവം സംബന്ധിച്ച കാഴ്ചപ്പാടുമായി കണ്ണിചേർക്കുന്നുണ്ട്. സ്ഥായിയും പരിവർത്തിതവുമായ മൂലധനമെന്ന നിലയ്ക്ക് മൂലധനത്തിന്റെ ജൈവഘടകത്തിന്റെ വളർച്ചയടക്കം ഈ വ്യവസ്ഥയിൽ രൂപം കൊള്ളുന്ന വിവിധങ്ങളായ പ്രതിസന്ധികളെക്കുറിച്ച് മാർക്സ് പരാമർശിക്കുന്നുണ്ട്. സമ്പത്തിന്റെ രൂപമായ പണം ഉപയോഗിക്കുന്ന രീതികൊണ്ട് രൂപപ്പെട്ടതാണ് അമിതിതോൽപ്പാദന പ്രതിസന്ധിയെന്ന അദ്ദേഹത്തിന്റെ കണ്ടെത്തൽ ഇംഗ്ലീഷ് ക്ലാസിക്കൽ ധനതത്വശാസ്ത്രജ്ഞരുടെ നിലപാടിൽനിന്നുള്ള ഏറെ മുന്നോട്ടുപോകുന്നതായിരുന്നു.**



**പ്രഭാത് പട്നായിക്**

മുതലാളിത്തത്തെക്കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്തുന്നതിൽ മാർക്സ് നൽകിയ സംഭാവനകൾ ആ വ്യവസ്ഥയിലേക്ക് അദ്ദേഹം നടത്തിയ ഗഹനങ്ങളായ രണ്ടു സൂക്ഷ്മാന്വേഷണങ്ങളിലേക്ക് കണ്ണോടിച്ചാൽ കാണാം. ഒന്നാമത്തേത് മിച്ചമൂല്യത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചാണ്. സ്വയമേവയോ തത്തുല്യമായോ തൊഴിലാളികളെ ചൂഷണം ചെയ്യാതെ അവരുൾപ്പെടെയുള്ള ചരക്കുകളുടെ ഉടമകൾക്കിടയിലുള്ള വിനിമയം നടക്കുന്ന ലോകത്ത് എങ്ങനെയാണ് മിച്ചമൂല്യം സൃഷ്ടിക്കപ്പെടുക?

തൊഴിലാളിയും തൊഴിൽ ശക്തിയും തമ്മിലുള്ള വേർതിരിവിലാണ് ഈ പ്രഹേളികയ്ക്കുള്ള പരിഹാരം മാർക്സ് കണ്ടെത്തുന്നത്. തൊഴിൽ ശക്തി എന്നത് ചരക്കായി മാറ്റപ്പെടുന്ന ജോലിചെയ്യാനുള്ള ശേഷിയാണ്. എല്ലാ ചരക്കിനും എന്ന പോലെ അതിനും മൂല്യമുണ്ട്. ഒരു യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ സമയത്തിന്റെ ആകെ തുകയ്ക്ക് തുല്യമായ മൂല്യം.

ഒരു ചരക്ക് എന്ന നിലയിൽ തൊഴിൽശക്തിക്കുള്ള തനതായ സവിശേഷത അത് ചെലവഴിക്കുമ്പോൾ അല്ലെങ്കിൽ പ്രയോഗിക്കുമ്പോൾ മൂല്യം സൃഷ്ടിക്കപ്പെടുന്നു എന്നതാണ്.

അതിന്റെ മൂല്യത്തെക്കാൾ വലുതായ ഒന്ന് സൃഷ്ടിക്കുന്നു എന്ന വസ്തുതയിലാണ് മിച്ചമൂല്യത്തിന്റെ ഉത്ഭവം. തത്തുല്യമായ വിനിമയത്തിലാകുമ്പോൾ പോലും എല്ലാ ചരക്കുകളും അതിന്റെ മൂല്യത്തിൽ വിനിമയം ചെയ്യപ്പെടുമ്പോഴാണ് മിച്ച മൂല്യം സൃഷ്ടിക്കപ്പെടുന്നത്.

ഗഹനമായ ഈ ഉൾക്കാഴ്ചയ്ക്ക് നിരവധി വിവക്ഷകളുണ്ട്. ഒന്നാമത് അത് പൊതുവൽക്കരിക്കപ്പെട്ട ചരക്കുൽപ്പാദവും അതുവഴി തൊഴിൽ ശക്തി തന്നെയും ഒരു ചരക്കായി മാറുകയും ചെയ്ത മുതലാളിത്ത വ്യവസ്ഥിതിക്ക് സംക്ഷിപ്തവും കണിശവുമായ ഒരു വ്യാഖ്യാനം നൽകുന്നു. ഒരു വളരെ ലളിതമായ ചരക്കുൽപ്പാദന വ്യവസ്ഥയിലും 'ചരക്ക്' എന്ന വശവും അത് തമ്മിലുള്ള ബന്ധത്തിന്റെ വശവുമുണ്ട്. ഉപയോഗമൂല്യം - വിനിമയ മൂല്യം - തൊഴിൽപ്രക്രിയ - ഉൽപ്പാദന പ്രക്രിയ, ഉൽപ്പന്നം- ചരക്ക്, മൂർത്തമായ തൊഴിൽ- അമൂർത്തമായ തൊഴിൽ തുടങ്ങിയവ. അതിലും വ്യാപകമായ ഉപജീവനത്തിനുള്ള ഉപാധികൾ - മാറിക്കൊണ്ടിരിക്കുന്ന മൂലധനം, മിച്ച ഉൽപ്പാദനം- മിച്ചമൂല്യം അങ്ങനെയാണ്.

രണ്ടാമതായി മിച്ചമൂല്യം സൃഷ്ടിക്കപ്പെടുന്നത് വിനിമയത്തിന്റെ ഒരു തലത്തിലല്ല, മറിച്ച് ഉൽപ്പാദനത്തിന്റെ തലത്തിലാണ്.

ചരക്കുൽപ്പാദനത്തിൽ ഊന്നുന്ന മുതലാളിത്ത സ്ഥാപനങ്ങൾ പരസ്പരം മത്സരിക്കുമ്പോൾ ഒരുഘട്ടത്തിൽ കൂടുതൽ ചെലവു വരുന്ന ഉൽപ്പാദകർ പുറന്തള്ളപ്പെടുകയും ചെലവ് കുറയ്ക്കാൻ നിർബന്ധിതമായി സ്വീകരിക്കേണ്ട നടപടികളിലൂടെ പുതിയ മാർഗങ്ങളും പുതിയ ഉൽപ്പന്നങ്ങളും ആവിഷ്കരിക്കപ്പെടുന്നു.

ഉൽപ്പാദനം വിപ്ലവാത്മകമാക്കാനുള്ള ഇടതടവില്ലാത്തെ ഈ പ്രേരണകളാണ് മുതലാളിത്തത്തെയും അതിനുമുമ്പുള്ള ഉൽപ്പാദന രീതികളെയും വേർതിരിക്കുന്നത്. ഉൽപ്പാദനത്തിന്റെ ഘട്ടത്തിലാണ് മിച്ചമൂല്യം സൃഷ്ടിക്കപ്പെടുന്നതെന്ന വസ്തുത ഇതുമായി ബന്ധപ്പെട്ടതാണ്.

മൂന്നാമതായി മുതലാളിത്തത്തിന്റെ പുതിയ മാർഗങ്ങൾ ആവിഷ്കരിക്കാനുള്ള കഴിവ് മൂലധനത്തിന്റെ വലിപ്പത്തെ ആശ്രയിച്ചാണിരിക്കുന്നത്. വലിയ മൂലധനത്തിന് ചെറുമൂലധനത്തിനുമേൽ ആധിപത്യം സ്ഥാപിക്കാൻ കഴിയും. ഓരോ യൂണിറ്റും മൂലധന സ്വരൂപണത്തിലൂടെ അവയുടെ വ്യാപ്തി വർധിപ്പിക്കാനുള്ള സമ്മർദത്തിന് കീഴ്പ്പെടുന്നു. മുതലാളിത്ത വ്യവസ്ഥിതിക്കുള്ളിൽ തന്നെയുള്ള മത്സരങ്ങൾ ഓരോ യൂണിറ്റിലും സമ്മർദം സൃഷ്ടിക്കുമെന്ന വസ്തുതയാണ് ചു




**മിച്ചമൂല്യം സൃഷ്ടിക്കപ്പെടുന്നത് വിനിമയത്തിന്റെ ഒരു തലത്തിലല്ല, മറിച്ച് ഉൽപ്പാദനത്തിന്റെ തലത്തിലാണ്. ചരക്കുൽപ്പാദനത്തിൽ ഊന്നുന്ന മുതലാളിത്ത സ്ഥാപനങ്ങൾ പരസ്പരം മത്സരിക്കുമ്പോൾ ഒരുഘട്ടത്തിൽ കൂടുതൽ ചെലവു വരുന്ന ഉൽപ്പാദകർ പുറന്തള്ളപ്പെടുകയും ചെലവ് കുറയ്ക്കാൻ നിർബന്ധിതമായി സ്വീകരിക്കേണ്ട നടപടികളിലൂടെ പുതിയ മാർഗങ്ങളും പുതിയ ഉൽപ്പന്നങ്ങളും ആവിഷ്കരിക്കപ്പെടുന്നു.**

രുക്കത്തിൽ മൂലധനത്തിന്റെ സ്വരൂപണം സാധ്യമാക്കുന്നത്. നിലനിൽപ്പിനായുള്ള ഡാർവിനിയൻ സമരത്തിൽ ഓരോ മൂലധന യൂണിറ്റും പരാജയപ്പെടാതിരിക്കാനുള്ള ദയനീയ ശ്രമം നടത്തുന്നു എന്നാണ് വാസ്തവം.(ഇത് ആത്യന്തികമായി കുത്തകമുതലാളിത്തത്തിലേക്കാണ് നയിക്കുന്നത്. അവിടെ ആരെയും പുറന്തള്ളാതെ പ്രകടമായും അല്ലാതെയും നടക്കുന്ന പണ എഗ്രിമന്റുകൾ മറ്റു പല രൂപങ്ങളും ആർജിക്കുന്നുണ്ട്.

നാലാമതായി മുതലാളിത്തം മിച്ചമൂല്യം കൈവശപ്പെടുത്തൽ തുടരുകയാണ്. തൊഴിൽ ശക്തി മൂല്യം എപ്പോഴും അത് ഉൽപ്പാദിപ്പിക്കുന്ന മൂല്യത്തെക്കാൾ കുറവായിരിക്കുമെന്നതിനർഥം മുതലാളിത്ത സംവിധാനത്തിൽ ഒരിക്കലും തൊഴിൽ ശക്തി കുറഞ്ഞു പോകാൻ പാടില്ല എന്നതാണ്. മുതലാളിത്തം തൊഴിലെടുപ്പിക്കുന്ന സജീവമായ തൊഴിൽ സേനയ്ക്ക് അനുബന്ധമായി തൊഴിലാളികളുടെ ഒരു കരുതൽസേന ഇതിനു പകരമായി വേണം. ചെറുകിട ഉൽപ്പാദനത്തെ തകർത്തുകൊണ്ടും തുടർച്ചയായി ജനങ്ങളെ തൊഴിലാളികൾ എന്ന നിലയിലേക്കു മാറ്റിക്കൊണ്ടും നടത്തുന്ന മൂലധന കേന്ദ്രീകരണത്തിലൂടെയാണ് ഈ കരുതൽ സേന രൂപീകരിക്കുന്നത്. മൂലധനത്തിന്റെ സ്വരൂപണം വർധിക്കുന്നതിനൊപ്പം ഈ സേനയുടെ പരമമായ വലിപ്പം സജീവമായ തൊഴിൽ സേനയുടെ വലിപ്പത്തിനൊപ്പം കൂടിക്കൊണ്ടേയിരിക്കും. സമ്പത്തിന്റെ വളർച്ച ഒരു വശത്ത് നിർബന്ധിതമായി വർധിക്കുമ്പോൾ മറുവശത്ത് ദാരിദ്ര്യവും വർധിച്ചുകൊണ്ടിരിക്കും.

കൂലി ഒരു ഉപജീവനത്തിനുതകുന്ന തലത്തിൽ  തുടരുന്നത് ഈ തലത്തിലുള്ള കൂലി ലഭിക്കേണ്ട തൊഴിലാളികൾ പെരുകുന്ന പ്രവണതയുള്ളതുകൊണ്ട് എന്നാണ് ഇംഗ്ലണ്ടിലെ ക്ലാസിക്കൽ ധനതത്വശാസ്ത്രജ്ഞർ പറയുന്നത്. 'മനുഷ്യവംശത്തിന് തന്നെ അപമാനകര'മെന്ന്  വിശേഷിപ്പിച്ച മാൽതൂസ്യൻ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഈ അരോചകമായ ഈ ആശയത്തെ അദ്ദേഹം തള്ളിക്കളഞ്ഞിരുന്നു. ഉപജീവനത്തിനു മാത്രം ഉപകരിക്കും വിധം  കൂലി സ്തംഭിച്ചുപോയതിനുള്ള കാരണങ്ങളും അദ്ദേഹം തെളിവുസഹിതം നിരത്തുന്നുണ്ട്.

അഞ്ചാമതായി ഈ വ്യവസ്ഥയുടെ ആരംഭം ഉൽപ്പാദകരിൽനിന്ന് ഉൽപ്പാദനോപാധികൾ വേർപെടുമ്പോഴും ഈ ഉൽപ്പാദനോപാധികൾ ചിലരിൽ മാത്രം കേന്ദ്രീകരിക്കുമ്പോഴുമാണ്. ഉൽപ്പാദനോപാധികൾ കൈവശം വയ്ക്കുന്ന ചരക്കുടമകളും തൊഴിൽശക്തിയല്ലാതെ മറ്റൊന്നും വിൽക്കാൻ ഇല്ലാത്തവരും മുഖാമുഖം നിൽക്കുകയാണ്. മൗലികമായ ഈ തരംതിരിവ് ഈ വ്യവസ്ഥയുടെ പ്രവർത്തനത്തിൽ പുനരുൽപ്പാദിപ്പിക്കപ്പെടുന്നു.

ആറാമതായി ഉൽപ്പാദനോപാധികളുടെ നിരന്തമായ പരിഷ്കരണം തൊഴിലിന്റെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നു. എന്നാൽ എല്ലാ കാര്യങ്ങളെയും തുല്യമായി നിലനിർത്തുന്ന ഘടകമായി വർത്തിക്കുന്ന തൊഴിൽശക്തിയുടെ കരുതൽ സേനയാകട്ടെ കൂലി ചരിത്രപരമായി തന്നെ ഉപജീവനപരമായ തലത്തിൽ നിലനിർത്തുന്നു. അതു പതുക്കെ വർധിച്ചേക്കാം.

കൂലി ഏറെക്കുറെ പൂർണമായും ഉപയോഗപ്പെടുന്നതോടെ മിച്ചമൂല്യത്തിന്റെ ഒരു ഭാഗം ഉൽപ്പാദന മൂല്യത്തിന് ആനുപാതികമായി സമ്പദ്ഘടനയിലെ ഉപഭോഗ ചോദന കുറയ്ക്കുന്നു. സ്ഥായിയായതും പരിവർത്തിതവുമായ മൂലധനത്തിന് അനുബന്ധമായി മൂലധന സ്വരൂപണത്തിനായി മാത്രം മിച്ചമൂല്യം പൂർണമായും ഉപയോഗപ്പെടാതിരിക്കുമ്പോൾ ഉൽപ്പാദനത്തിന് ആനുപാതികമായി മൊത്തം ഡിമാൻഡിന്റെ അഭാവം എന്ന പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ ധനമൂലധനത്തിന്റെ രൂപത്തിൽ മൂലധന സ്വരൂപണം നടക്കുമ്പോൾ ഉൽപ്പാദനത്തിന്റെ മൊത്തം മൂല്യത്തിൽ മിച്ചമൂല്യത്തിന്റെ പങ്ക് വർധിക്കുന്നത് അമിതോൽപ്പാദനത്തിന്റെ പ്രതിസന്ധി വർധിക്കുന്ന പ്രവണതയിലേക്ക് വിരൽ ചൂണ്ടുന്നു.

സ്ഥായിയും പരിവർത്തിതവുമായ മൂലധനമെന്ന നിലയ്ക്ക് മൂലധനത്തിന്റെ ജൈവഘടകത്തിന്റെ വളർച്ചയടക്കം ഈ വ്യവസ്ഥയിൽ രൂപം കൊള്ളുന്ന വിവിധങ്ങളായ പ്രതിസന്ധികളെക്കുറിച്ച്  മാർക്സ്




**മുതലാളിത്തം മിച്ചമൂല്യം കൈവശപ്പെടുത്തൽ തുടരുകയാണ്. തൊഴിൽ ശക്തിയുടെ മൂല്യം എപ്പോഴും അത് ഉൽപ്പാദിപ്പിക്കുന്ന മൂല്യത്തെക്കാൾ കുറവായിരിക്കുമെന്നതിനർഥം മുതലാളിത്ത സംവിധാനത്തിൽ ഒരിക്കലും തൊഴിൽ ശക്തി കുറഞ്ഞു പോകാൻ പാടില്ല എന്നതാണ്. മുതലാളിത്തം തൊഴിലെടുപ്പിക്കുന്ന സജീവമായ തൊഴിൽ സേനയ്ക്ക് അനുബന്ധമായി തൊഴിലാളികളുടെ ഒരു കരുതൽ സേന ഇതിനു പകരമായി വേണം.**

പരാമർശിക്കുന്നുണ്ട്. സമ്പത്തിന്റെ രൂപമായ പണം ഉപയോഗിക്കുന്ന രീതികൊണ്ട് രൂപപ്പെട്ടതാണ് അമിതിതോൽപ്പാൽപ്പാദന പ്രതിസന്ധിയെന്ന അദ്ദേഹത്തിന്റെ കണ്ടെത്തൽ സേയുടെ നിയമത്തെ അംഗീകരിച്ച ഇംഗ്ലീഷ് ക്ലാസിക്കൽ ധനതത്വശാസ്ത്രജ്ഞരുടെ നിലപാടിൽനിന്നുള്ള ഏറെ മുന്നോട്ടുപോകുന്നതായിരുന്നു. 1930കളിലെ മഹാസാമ്പത്തിക തകർച്ചയുടെ സമയത്ത് രൂപം കൊണ്ട കെയ്നീഷ്യൻ വിപ്ലവത്തെ അടിസ്ഥാനമാക്കി 75 വർഷത്തേക്കെങ്കിലും ഈ ആശയം സ്വീകരിക്കപ്പെടുമെന്ന് അവർ ധരിച്ചു.

മുതലാളിത്തത്തിന് കീഴിലുള്ള ചൂഷണത്തിന്റെ സ്വഭാവത്തെക്കുറിച്ചും ചൂഷണസ്വഭാവത്തെയും ഈ വ്യവസ്ഥയിലെ വൈരുധ്യങ്ങളെയും അത് അതിന്റെ പ്രവർത്തനങ്ങളിലൂടെ പുനരുൽപ്പാദിപ്പിക്കുമെന്ന വസ്തുതയെക്കുറിച്ചുമുള്ള മൗലികമായ ഉൾക്കാഴ്ചകൾ നൈസർഗികതയെന്ന ഈ വ്യവസ്ഥയുടെ അടിസ്ഥാന സ്വഭാവം സംബന്ധിച്ച കാഴ്ചപ്പാടുമായി കണ്ണിചേർക്കുന്നുണ്ട്.

ഒരു കൂട്ടം വ്യക്തികളുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അത് പ്രവർത്തിക്കുമ്പോൾ വ്യക്തികൾ അവരുടെ പ്രവർത്തനം വ്യവസ്ഥയിൽ അടിച്ചേൽപ്പിക്കുകയാണ്. ഈ വ്യവസ്ഥയുടെ യുക്തിയാൽ നിയന്ത്രിക്കപ്പെടുന്ന വ്യക്തികളുടെ പ്രവർത്തനങ്ങളാണ് ഇതിനെ സ്വന്തം നിയന്ത്രണത്തിൽ ചലിക്കുന്ന ഒരു വ്യവസ്ഥയാക്കുന്നത്. ഈ വ്യവസ്ഥ ആവശ്യപ്പെടുന്ന വിധം പ്രവർത്തിക്കാത്ത ഏത് വ്യക്തിക്കും അവന്റെ/അവളുടെ ഇടം നഷ്ടപ്പെടുകയും മൂലധനസ്വരൂപണം നടത്താത്തപക്ഷം വഴയിൽ വീണുപോകുകയുംചെയ്യുന്നു. അതോടൊപ്പം വ്യക്തികളുടെ പ്രവർത്തനം മൊത്തത്തിൽ ഈ വ്യവസ്ഥതയുടെ സവിശേഷതകളായ മൂലധനകേന്ദ്രീകരണം, സർവവ്യാപിയായ ചരക്കുവൽക്കരണം, കരുതൽ തൊഴിൽ സേനയുടെ പുനരുൽപ്പാദനം, ചെറുകിട ഉൽപ്പാദകരെ കുടിയൊഴിപ്പിക്കൽ, സമ്പത്തിന്റെ കുന്നുകൂടൽ, ദാരിദ്ര്യത്തിന്റെ ആധിക്യം എന്നീ പ്രവണതകളിലേക്കാണ് നയിക്കുക.

മാർക്സിന്റെ രണ്ടാമത്തെ ഉൾക്കാഴ്ചക്ക് വിപുലമായ വിവക്ഷകളുണ്ട്. വ്യക്തിപരമായ സ്വാതന്ത്ര്യം ഉറപ്പാക്കുന്നു എന്ന് അവകാശപ്പെടുന്ന മുതലാളിത്ത വ്യവസ്ഥയുടെ പ്രധാന സവിശേഷത സാർവലൗകികമായ അന്യവൽക്കരണമാണ്. അവിടെ ഓരോ സാമ്പത്തിക ഘടകവും വ്യക്തിയുടെ ഇച്ഛകൾക്ക് അനുസൃതമായല്ല പ്രവർത്തിക്കുന്നത്. മറിച്ച് അവനെയോ അവളെയോ അനുസരിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വന്തം താൽപര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാതെ മുതലാളിമാർ പോലും മുതലാളിത്ത വ്യവസ്ഥിതിയിൽ അന്യവൽക്കരിക്കപ്പെട്ടുപോകുന്നുണ്ടെങ്കിലും മുതലാളിമാരെല്ലാം ഉൾപ്പെട്ടെ ഡാവിനിയൻ സമരത്തിൽ ഏർപ്പെടാൻ നിർബന്ധിതരാകുന്നു. 'മൂലധനത്തിന്റെ മൂർത്തീകരണമായി മുതലാളിമാരെ വിശേഷിപ്പിച്ചതിലൂടെ മുതലാളിത്തവ്യവസ്ഥയുടെ അന്തർലീനമായ പ്രവണതകളിൽനിന്നുള്ള പ്രവർത്തനങ്ങൾക്കുള്ള വെറുമൊരു ഉപാധിയയാണ് മുതലാളിമാരുടെ പ്രവർത്തനങ്ങളെന്നാണ് മാർക്സ് നിരീക്ഷിച്ചത്.

രണ്ടാമതായി വ്യവസ്ഥയുടെ നൈസർഗികത എന്നതിനർഥം ഒരു രാഷ്ട്രീയ ഇടപെടലിലൂടെ മാറ്റം കൊണ്ടുവരാവുന്ന വിധം മാറ്റം വരുത്താവുന്നതല്ല അതിലെ സാമ്പത്തിക പ്രവർത്തനം എന്നാണ്. തീർച്ചയായും 'നൈസർഗികത' അടിച്ചേൽപ്പിക്കാനുള്ള മുതലാളിത്ത സ്റ്റേറ്റിന്റെ രാഷ്ട്രീയ ഇടപെടലിനുള്ള പങ്ക് അതിലെ അന്തർലീനമായ പ്രവണതകളിൽനിന്നുള്ള നേട്ടങ്ങൾക്ക് ആക്കം കൂട്ടാനുള്ളതാണ്. യാദൃച്ഛികമായെങ്കിലും ചില സാഹചര്യങ്ങളിൽ ഈ നൈസർഗികത രാഷ്ട്രീയ ഇടപെടലുകളിലൂടെ പരിമിതപ്പെടുന്നുണ്ടെങ്കിൽ അത്തരം പരിമിതപ്പെടുത്തലുകൾ വ്യവസ്ഥയെ പ്രവത്തനക്ഷമമല്ലാതാക്കും. വ്യവസ്ഥയെ മാറ്റുന്നതിനോ നൈസർഗികതരെ തിരിച്ചുപിടിക്കാനുള്ള ഇടപെടലുകളെ ഇല്ലാതാക്കാനോ നിർബന്ധിതമാക്കുന്നതിലേക്ക് വളരും.

(അടുത്ത ലക്കത്തിൽ തുടരും)




**വ്യക്തിപരമായ സ്വാതന്ത്ര്യം ഉറപ്പാക്കുന്നു എന്ന് അവകാശപ്പെടുന്ന മുതലാളിത്ത വ്യവസ്ഥയുടെ പ്രധാന സവിശേഷത സാർവലൗകികമായ അന്യവൽക്കരണമാണ്. അവിടെ ഓരോ സാമ്പത്തിക ഘടകവും വ്യക്തിയുടെ ഇച്ഛകൾക്ക് അനുസൃതമായല്ല പ്രവർത്തിക്കുന്നത്. മറിച്ച് അവനെയോ അവളെയോ അനുസരിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വന്തം താൽപര്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ലാതെ മുതലാളിമാർ പോലും മുതലാളിത്ത വ്യവസ്ഥിതിയിൽ അന്യവൽക്കരിക്കപ്പെട്ടു പോകാറുണ്ട്.**





ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് ഫലം

# ബിജെപി-യുഡിഎഫ് മാധ്യമ സഖ്യത്തിന് തിരിച്ചടി



ആനത്തലവട്ടം ആനന്ദൻ

**ഇടതുപക്ഷ മുന്നണി ഗവണ്മെന്റിന്റെ പിന്നിട്ട രണ്ടു വർഷത്തെ ഭരണത്തിന് ജനങ്ങൾ കലവറയില്ലാത്ത പിന്തുണയാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിലൂടെ നൽകിയിരിക്കുന്നത്. അവരുടെ ഈ സ്നേഹാതിരേകം വിനയപൂർവം സ്വീകരിച്ച് നിരഹങ്കാരത്തോടെ ജനാഭിലാഷം നിറവേറ്റാനുള്ള വിധിയെഴുത്തായി ഈ തെരഞ്ഞെടുപ്പ് ഫലത്തെ നമുക്ക് സ്വാഗതം ചെയ്യാം. അതോടൊപ്പം ബിജെപിയെ തോല്പിക്കാൻ കോൺഗ്രസിനേ കഴിയൂവെന്ന കണക്കും, ത്രിപുരക്കു ശേഷം കേരളം എന്ന ബിജെപിയുടെ മോഹവും കരിയിച്ചു കളഞ്ഞതാണ് ചെങ്ങന്നൂരിലെ വിധി.**

ഇടതുപക്ഷത്തിന്, പ്രത്യേകിച്ച് സിപിഎം ന് സ്വാധീനമുള്ള സംസ്ഥാനമാണ് ത്രിപുര. മണിക് സർക്കാരിന്റെ നേതൃത്വത്തിലുള്ള ഇടതുമുന്നണി ഭരണമാണ് അവിടെ നിലനിന്നിരുന്നത്. ഇന്ത്യയിൽ ഏറ്റവും മികച്ച സംസ്ഥാനമെന്ന ബഹുമതി നേടാനും ത്രിപുരക്കു കഴിഞ്ഞു. തെരഞ്ഞെടുപ്പിൽ തിരിച്ചുവരുമെന്ന പ്രതീക്ഷയാണ് സിപിഎംനുണ്ടായിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി തെരഞ്ഞെടുപ്പിൽ പരാജയം സംഭവിച്ചു.

അവിടെ ഗോത്രവർഗക്കാർക്ക് 33 ശതമാനം വോട്ടും 20 മണ്ഡലങ്ങളുമുണ്ട്. ആകെ സീറ്റ് 60 ആണ്. 59 മണ്ഡലങ്ങളിലേക്കാണ് തെരഞ്ഞെടുപ്പു നടന്നത്. 2013 ൽ നടന്ന തെരഞ്ഞെടുപ്പിൽ ബിജെപിക്ക് 1.7% വോട്ടും കോൺഗ്രസിന് 36.8% വോട്ടും സിപിഎംന് 48.1% വോട്ടുമാണ് ലഭിച്ചിരുന്നത്. ഈ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ്, പ്രതിപക്ഷമായിരുന്ന കോൺഗ്രസിന്റെ 10 എംഎൽഎമാരും കോൺഗ്രസിൽ നിന്നു രാജിവച്ച് ബിജെപിയിൽ ചേർന്നു. മാത്രമല്ല അവർ തന്നെ ബിജെപി സ്ഥാനാർത്ഥികളായി ഇപ്പോൾ മത്സരിച്ചു. കോൺഗ്രസും 59 മണ്ഡലങ്ങളിലും സ്ഥാനാർത്ഥിയെ നിർത്തി. 59 ലും കെട്ടിവച്ച കാശു നഷ്ടമായി. ഒരു മണ്ഡലത്തിൽ മാത്രമാണ് 500 വോട്ടിൽ കൂടുതൽ കിട്ടിയത്. 2013 ൽ 36.8% വോട്ടു ലഭിച്ച കോൺഗ്രസിന് ഇത്തവണ (2018) ൽ ലഭിച്ചത് 1.8% വോട്ടാണ്. ബിജെപിക്ക് കഴിഞ്ഞതവണ (2013 ൽ) 1.7% വോട്ട് ലഭിച്ചിരുന്നത് ഇത്തവണ 41.4% ആയി വർധിച്ചത് കോൺഗ്രസിന്റെ 35% വോട്ടുകൂടെ അവർക്ക് നൽകിയതു കൊണ്ടാണെന്ന് വ്യക്തം. സിപിഎം ന് 48.1% വോട്ടുണ്ടായിരുന്നത് 45.6% ആയി മാത്രമേ കുറഞ്ഞുള്ളൂ. ഇതിൽ നിന്ന് സിപിഎം ന്റെ അടിത്തറ തകർന്നിട്ടില്ലെന്നു കാണാം.

അഗർത്തല മണ്ഡലത്തിൽ കഴിഞ്ഞ തവണ 22160 വോട്ടു നേടിയായിരുന്നു കോൺഗ്രസ് ജയിച്ചിരുന്നത്. എന്നാൽ ഇത്തവണ അവിടെ കോൺഗ്രസ് സ്ഥാനാർത്ഥിക്കു കിട്ടിയത് 646 വോട്ടാണ്. അവിടെ ബിജെപി ജയിച്ചു. കോൺഗ്രസിനേയും വിഘടനവാദസംഘടനകളേയും വിലക്കുവാങ്ങിയും, നടക്കാത്ത വാഗ്ദാനങ്ങൾ വാരിവിതറിയും ത്രിപുരയുടെ ഭരണം കൈക്കലാക്കിക്കൊണ്ട് അടുത്ത ലക്ഷ്യം കേരളം പിടിക്കലാണെന്ന് ബിജെപി പ്രഖ്യാപിച്ചു. അതിന്റെ ഡ്രസ് റിഹേഴ്സലായിരിക്കും ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പെന്ന് വീമ്പിളക്കിയതും വായനക്കാർ ഓർക്കുമല്ലോ!

ചെങ്ങന്നൂർ പിടിക്കാൻ ത്രിപുര പിടിച്ചതിന് ചുക്കാൻ പിടിച്ച ആർഎസ്എസ് സംഘപരിവാർ പട തന്നെ നിയോഗിക്കപ്പെട്ടതായും വീരവാദം മുഴക്കിക്കൊണ്ടാണ് ചെങ്ങന്നൂർ അങ്കത്തിന് ബിജെപി എത്തിയത്.

ചെങ്ങന്നൂർ മണ്ഡലം യുഡിഎഫിന്റെ ഒരു പരമ്പരാഗത മണ്ഡലമായിട്ടാണ് അറിയപ്പെട്ടിരുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ത്രികോണ മത്സരത്തിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച കെ കെ രാമചന്ദ്രൻനായർ 7683 വോട്ടിനു വിജയിച്ചു. അന്ന് എൽഡിഎഫിന് 52880 വോട്ടും യുഡിഎഫിന് 44897 വോട്ടും ബിജെപി മുന്നണിക്ക് 42682 വോട്ടുമാണ് ലഭിച്ചിരുന്നത്. ചുരുങ്ങിയ കാലത്തെ പ്രവർത്തനം കൊണ്ടു തന്നെ രാമചന്ദ്രൻ നായർ മണ്ഡലത്തിലെ ജനങ്ങളുടെ സ്നേഹാദരവുകൾ നേടി. ദീർഘകാലം യുഡിഎഫ് എംഎൽഎമാർ വിജയിച്ചു കൈവശം വച്ചിരുന്ന ചെങ്ങന്നൂരിൽ അവശ്യം വേണ്ടുന്ന വികസന പ്രവർത്തനങ്ങൾ നടത്താൻ അവർക്കു കഴിയാതെ പോയതും ചുരുങ്ങിയ കാലം കൊണ്ട് 740 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞതും, രാമചന്ദ്രൻ നായരിലും അതിലൂടെ ഇടതുപക്ഷ മുന്നണിയിലും ചെങ്ങന്നൂരിലെ ജനങ്ങൾ പ്രതീക്ഷയർപ്പിച്ചു. നിർഭാഗ്യവശാൽ അകാലത്തിൽ രാമചന്ദ്രൻനായർ നമ്മെവിട്ടുപിരിഞ്ഞു.

തുടർന്നാണ് മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പു വന്നത്. ചെങ്ങന്നൂരിലെ ജനങ്ങൾ രാമചന്ദ്രൻ നായർ തുടങ്ങിയ വികസന പ്രവർത്തങ്ങൾ പൂർത്തീകരിക്കാനും കൂടുതൽ വികസനം നടക്കാനും ഇടതുപക്ഷ മുന്നണി ഗവണ്മെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ ആ പക്ഷക്കാരനായ ഒരാൾ എംഎൽഎ ആകുന്നതാണ് നല്ലതെന്ന നിലയിൽ എത്തി. അഥവാ അങ്ങിനെ ചിന്തിപ്പിക്കാൻ ഇടതുപക്ഷ മുന്നണിക്കു കഴിഞ്ഞു. പകരക്കാരനായി എന്തുകൊണ്ടും അതിനനുയോജ്യനായ സജി ചെറിയാനെ സിപിഎം ചെങ്ങന്നൂർ സ്ഥാനാർത്ഥിയായി നിശ്ചയിച്ചു. പാർടി ജില്ലാ സെക്രട്ടറിയെന്ന നിലയിലും ജൈവകൃഷിയുടെ പ്രോത്സാഹനം, കരുണ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സേവനം ഇതിലെല്ലാം സജി ചെറിയാന്റെ മുൻകൈ പ്രവർത്തനം തെരഞ്ഞെടുപ്പു വിജയത്തിൽ പങ്കുവഹിച്ചിട്ടുണ്ട്.

എതിർ സ്ഥാനാർത്ഥികളായ യുഡിഎഫിന്റെ അഡ്വ. വിജയകുമാറും, ബിജെപിയുടെ അഡ്വ. പി എസ് ശ്രീധരൻപിള്ളയും അവരുടെ പിന്നിലുള്ള മുന്നണികളും സിപിഎം നെയും ഇടതുപക്ഷ മുന്നണി ഗവണ്മെന്റിനേയും തറപറ്റിക്കാൻ വീണുകിട്ടിയ ഒരവസരമായി ഉപതെരഞ്ഞെടുപ്പിനെ കണ്ട് ആവനാഴിയിലുള്ള എല്ലാ ആയുധങ്ങളുമായി രംഗത്തിറങ്ങി. എൽഡിഎഫ് ഭരണത്തിന്റെ വിലയിരുത്തലായി തെരഞ്ഞെടുപ്പ് വിധി, അവർ മുൻകൂട്ടി പ്രഖ്യാപിച്ചു. ഫലം അവർക്കനുകൂലമാക്കാൻ നട്ടാൽ കുരുക്കാത്ത നുണകൾ, അപവാദങ്ങൾ, ആക്ഷേപങ്ങൾ ഇതെല്ലാം നിരന്തരം ആവർത്തിച്ചു കൊണ്ടേയിരുന്നു.

നാലു വർഷത്തെ മോദി ഭരണം രാജ്യത്തിനു വരുത്തിവച്ച വിനാശവും ജനങ്ങളുടെ ജീവിതം ദുസഹമാക്കിയ നടപടികളും ജനങ്ങളോട് വിശദീകരിക്കുന്നതിനോടൊപ്പം രണ്ടു വർഷത്തെ എൽഡിഎഫ് ഗവണ്മെന്റ് കേരളത്തിന് കൈവരിച്ച ഭരണ നേട്ടങ്ങളും വോട്ടറന്മാരെ ബോധ്യപ്പെടുത്താൻ എൽഡിഎഫ് ക്ഷമയോടു കൂടി ചിട്ടയായ പ്രവർത്തനം സംഘടിപ്പിച്ചു. അതിനുള്ള പ്രതികരണമായിരുന്നു തെരഞ്ഞെടുപ്പു ഫലം.

ബിഡിജെഎസിനേയും കെ എം മാണിയേയും

കൂടെ നിർത്താൻ ബിജെപിയും മാണിയെ കൂട്ടാൻ യുഡിഎഫും കിണഞ്ഞു ശ്രമിക്കുകയുണ്ടായി. തെരഞ്ഞെടുപ്പിനോടടുത്ത ദിവസങ്ങളിൽ തുഷാറിനെ കൂടെ നിർത്താൻ ബിജെപിക്കും മാണിയെ കൂട്ടാൻ കോൺഗ്രസിനും കഴിഞ്ഞു. പക്ഷേ ബിഡിജെഎസിലും കേരളാ കോൺഗ്രസിലുമുള്ള സാധാരണ ജനങ്ങൾ ജാതിമത വ്യത്യാസമില്ലാതെ ഇടതുപക്ഷ മുന്നണിയോടൊപ്പം നിന്നു.

ഈ ഉപതെരഞ്ഞെടുപ്പിൽ കണ്ട പ്രത്യേകത ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാ ജാതിമത വിഭാഗങ്ങളിലും പെട്ടവർ മതേതരത്വവും വികസനോന്മുഖവും അഴിമതി മുക്തവുമായ ഒരു ഭരണം നിലനിൽക്കണമെന്ന ആഗ്രഹമുള്ളവരായി മാറി എന്നതാണ്. ചെങ്ങന്നൂർ മണ്ഡലത്തിൽ നല്ലൊരു ശതമാനം പട്ടികജാതി ജനവിഭാഗമുണ്ട്. അവർ മുൻകാലങ്ങളിൽ പാർടിയുടെ വോട്ടു ബാങ്കും സംഘടിത ശക്തിയുമായിരുന്നു. എന്നാൽ കുറെ നാളുകളായി അവരെ വർഗപ്രസ്ഥാനത്തിൽ നിന്നും അകറ്റി വർഗീയ പ്രസ്ഥാനങ്ങളിലേക്കും, അവരെ അടിച്ചമർത്തി ഭരിച്ചവരുടെ താവളങ്ങളിലേക്കും സ്വാധീനിച്ചിരുന്നു. ഈ തെരഞ്ഞെടുപ്പിൽ കണ്ട പ്രത്യേകത, അടിച്ചമർത്തപ്പെട്ടിരുന്ന ആ ജനവിഭാഗം അവരുടെ തറവാടിലേക്കു തിരിച്ചുവന്നുവെന്നതാണ്. കുടുംബയോഗങ്ങളിലും പൊതുയോഗങ്ങളിലും അവരുടെ നിറഞ്ഞ സാന്നിദ്ധ്യവും സന്തോഷവും ഇടതുപക്ഷ മനസുകളെ സന്തുഷ്ടരാക്കിയിട്ടുണ്ട്.

"പ്രായമായ അമ്മമാർ, ആദ്യകാല കോൺഗ്രസ് ഭരണകാലത്ത് അവരുടെ പെൺമക്കളെ ജന്മിമാരുടെ മക്കളും ഗുണ്ടകളും മാനഭംഗപ്പെടുത്താതിരിക്കാൻ പനം പായിൽ ചുരുട്ടി ഒളിപ്പിച്ചാണ് വളർത്തിയെടുത്തത്. അന്ന് ഞങ്ങളുടെ കുടിലുകൾക്ക് സംരക്ഷണം നൽകിയവർ നാട്ടിലെ കമ്യൂണിസ്റ്റുകാരായിരുന്നു". കുടുംബ യോഗത്തിൽ പങ്കെടുത്ത ഒരമ്മ പഴയ നാളുകൾ അയവിറക്കിയപ്പോൾ മറ്റൊരമ്മ മുന്നാഴി നെല്ലായിരുന്നു അന്ന് കൂലിയായി ലഭിച്ചത്, അതുകൊണ്ട് എങ്ങിനെ ജീവിക്കും, അവിടെനിന്നും പത്തിനൊന്നു പതം കൂലി നേടാനും ഇന്ന് ഏതു തൊഴിലിനു പോയാലും അഞ്ഞൂറും അറുനൂറും രൂപ കൂലി ലഭിക്കാനും ഇടവരുത്തിയവരെ എങ്ങനെ മറക്കുമെന്ന ചോദ്യവും യോഗത്തിൽ പങ്കെടുത്ത പുത്തൻ തലമുറക്കും - മക്കൾക്കും ചെറുമക്കൾക്കും - പുതിയൊരറിവായിരുന്നു. അവരുടെയെല്ലാം കൂട്ടായ്മയും തറവാടിലേക്ക് തിരിച്ചുവന്ന സന്തോഷവും തെരഞ്ഞെടുപ്പിൽ കണ്ടു. 20956 വോട്ടിന്റെ ലീഡിലാണ് സജി ചെറിയാൻ വിജയിച്ചത്.

ഈ ജനശക്തിയെ പരാജയപ്പെടുത്താൻ യുഡിഎഫിനും ബിജെപിക്കും എല്ലാ ആയുധങ്ങളും നൽകി അവരോടൊപ്പം അവസാന നിമിഷം വരെ പോരാടാനുണ്ടായിരുന്നവരാണ് നമ്മുടെ സംസ്ഥാനത്തെ മാധ്യമങ്ങൾ. തെരഞ്ഞെടുപ്പ് ദിവസം പ്രഭാതം മുതൽ പ്രദോഷം വരെ ഒരു സെക്കന്റു

**ഈ ഉപതെരഞ്ഞെടുപ്പിൽ കണ്ട പ്രത്യേകത ന്യൂനപക്ഷമെന്നോ ഭൂരിപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാ ജാതിമത വിഭാഗങ്ങളിലും പെട്ടവർ മതേതരത്വവും വികസനോന്മുഖവും അഴിമതി മുക്തവുമായ ഒരു ഭരണം നിലനിൽക്കണമെന്ന ആഗ്രഹമുള്ളവരായി മാറി എന്നതാണ്.**

പാഴാക്കാതെ ഇടതുമുന്നണി ഭരണത്തിനും മുഖ്യമന്ത്രി പിണറായി വിജയനും എതിരായി നടത്തിയ വിഷലിപ്തമായ അസത്യ പ്രചരണങ്ങൾ ചാനൽ അവതാരകർ ശ്വാസം വിടാതെ നടത്തിക്കൊണ്ടിരുന്നു. ക്രിമിനൽ പട്ടികയിൽപെട്ട ഏതെങ്കിലും പോലീസുകാരൻ വരാപ്പുഴയിൽ ചെറുപ്പക്കാരനെ പിടിച്ചു തല്ലികൊന്നതും, പെൺകുട്ടി അവരുടെ കാമുകന്റെ കൂടെ പോയതും, പ്രായമാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതും, ഒരുവൾ പരപുരുഷനെ സ്വീകരിക്കുന്നതും, ആരെങ്കിലും കിണറ്റിൽ ചാടി മരിക്കുന്നതോ, കെട്ടിതൂങ്ങി മരിച്ചതോ അതെല്ലാം പിണറായി വിജയന്റെ കുറ്റം കൊണ്ടെന്നു സമർത്ഥിക്കാൻ ചാനൽ വിചാരകന്മാർ നടത്തിയ പാഴ്ശ്രമങ്ങളെ ചെങ്ങന്നൂരിലെ ജനങ്ങൾ അവജ്ഞയോടെ പുച്ഛിച്ചു തള്ളി. എന്തുകൊണ്ട്? മേല്പറഞ്ഞ സംഭവങ്ങൾക്കുത്തരവാദികളായ ഒരാളെ പോലും സംരക്ഷിച്ചില്ലെന്നു മാത്രമല്ല, എത്ര ഉന്നതരായാലും അവരുടെയെല്ലാം പേരിൽ നിർദാക്ഷിണ്യ നടപടി സ്വീകരിച്ചു ജയിലിൽ അടക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. അങ്ങിനെയുള്ള ഒരു ഭരണാധികാരി എങ്ങനെ കുറ്റവാളിയാകും അതുകൊണ്ടാണ് ഇടതുപക്ഷ മുന്നണി പോലും പ്രതീക്ഷിക്കാത്ത വോട്ട് എൽഡിഎഫിന് കിട്ടയത്. അതിന്റെ "അണ്ടർ കറന്റ്" എന്താണെന്ന് ഒരു ചാനൽ ചർച്ചയിൽ യുഡിഎഫ് പ്രതിനിധി ചോദിക്കാനിടയായി. അതിനു പറഞ്ഞ മറുപടി ഇവിടെ പ്രസക്തമാണ്. സത്യമേ നിലനിൽക്കൂ. സത്യം വിജയിക്കും. അപവാദവും അസത്യവും പ്രചരിപ്പിച്ചു എക്കാലവും ജനങ്ങളെ പറ്റിക്കാമെന്നു ചിലർ കരുതി. അവർക്ക് മനപൂർവ്വം വാശിയോടെയോ ബോധപൂർവവുമായ മറുപടി നൽകാൻ ചെങ്ങന്നൂരിലെ ജനങ്ങൾ തീരുമാനിച്ചു.

ഇടതുപക്ഷ മുന്നണി ഗവണ്മെന്റിന് 3 വർഷം കൂടി കാലാവധിയുണ്ട്. പിന്നിട്ട രണ്ടു വർഷത്തെ ഭരണത്തിന് ജനങ്ങൾ കലവറയില്ലാത്ത പിന്തുണ നൽകിയിരിക്കുന്നു. അവരുടെ ഈ സ്നേഹാതിരേകം വിനയപൂർവം സ്വീകരിച്ച് നിരഹങ്കാരത്തോടെ ജനാഭിലാഷം നിറവേറ്റാനുള്ള വിധിയെഴുത്തായി ഈ തെരഞ്ഞെടുപ്പ് ഫലത്തെ നമുക്ക് സ്വാഗതം ചെയ്യാം. അതോടൊപ്പം ബിജെപിയെ തോല്പിക്കാൻ കോൺഗ്രസിനേ കഴിയൂവെന്ന കണക്കും, ത്രിപുരക്കു ശേഷം കേരളം എന്ന ബിജെപിയുടെ മോഹവും കരിയിച്ചു കളഞ്ഞതാണ് ചെങ്ങന്നൂരിലെ വിധി. ■

# സി ബി സി വാര്യർ പുരസ്കാരം സ. കെ എൻ രവീന്ദ്രനാഥിന്



സി ബി സി വാര്യർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മികച്ച ട്രേഡ് യൂണിയൻ പ്രവർത്തകനുള്ള സി ബി സി വാര്യർ പുരസ്കാരം സിഐടിയു നേതാവ് കെ എൻ രവീന്ദ്രനാഥിന് പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ നൽകി.

രാഷ്ട്രീയത്തിലും ട്രേഡ് യൂണിയൻ രംഗത്തും സംശുദ്ധതയുടെയും സൈദ്ധാന്തിക പ്രതിബദ്ധതയുടേയും പ്രതീകമായ നേതാവാണ് കെ എൻ രവീന്ദ്രനാഥെന്ന് മന്ത്രി ജി സുധാകരൻ പറഞ്ഞു.

കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അന്തഃസത്തയിൽ അടിയുറച്ചുനിന്ന് തൊഴിലാളി സംഘടനാ പ്രവർത്തനം നടത്തി മറ്റ് ട്രേഡ് യൂണിയൻ നേതൃത്വത്തിന്റെ ആദരവ് നേടിയ വ്യക്തിത്വമാണ് രവീന്ദ്രനാഥിന്റേത്. ഏഴ് പതിറ്റാണ്ട് നീണ്ട രാഷ്ട്രീയ തൊഴിലാളി സംഘടനാ പ്രവർത്തന ത്തിനിടെ ഒരാരോപണംപോലും കേൾക്കാനിടയായില്ലെന്നത് അദ്ദേഹത്തിന്റെ സംശുദ്ധിയും മഹത്വവുമാണ് വ്യക്തമാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

തൊഴിലാളിവർഗം സുദീർഘ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത മൗലിക നേട്ടങ്ങൾ കൈവിട്ടുപോകുന്ന രാഷ്ട്രീയ സാഹചര്യങ്ങളെ അതീവ ഗൗരവതരമായി കണ്ട് പരിഹാരം കാണാൻ അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് അവാർഡ് ഏറ്റുവാങ്ങി കെ എൻ രവീന്ദ്രനാഥ് പറഞ്ഞു.

തൊഴിലാളികൾ ജാതിമത വർഗ പ്രാദേശിക വിഭാഗീയതകളിലും കുടുങ്ങി അരാഷ്ട്രീയതയിലേക്ക് പോകാതിരിക്കാനുള്ള രാഷ്ട്രീയബോധവും അശയ ദാർഢ്യവും പ്രോത്സാഹിപ്പിക്കാനാണ് സിഐടിയു ശ്രമിക്കുന്നതെന്നും രവീന്ദ്രനാഥ് പറഞ്ഞു.

അവാർഡ് തുകയായ 25,000 രൂപ കെ എൻ രവീന്ദ്രനാഥ് സിപിഐ എം ആലപ്പുഴ ജില്ലാ കമ്മിറ്റി നേതൃത്വം നൽകുന്ന കരുണാ പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി ചെയർമാൻ സജി ചെറിയാൻ എംഎൽഎ്ക്ക് കൈമാറി. പ്രസ്തുത തുക സിബിസി ഫൗണ്ടേഷനു കീഴിൽ പ്രവർത്തിക്കുന്ന കരുതൽ പാലിയേറ്റീവ് സൊസൈറ്റിക്ക് സജി ചെറിയാൻ തിരികെ നൽകി.

ചടങ്ങിൽ സിഐടിയു അഖിലേന്ത്യാ സെക്രട്ടറി കെ. ചന്ദ്രൻപിള്ള, സജി ചെറിയാൻ എം.എൽ.എ, സിഐടിയു നേതാവ് ആർ.നാസർ, സിഐടിയു സംസ്ഥാന സെക്രട്ടറി പി.പി. ചിത്തരഞ്ജൻ തുടങ്ങിയ സഖാക്കൾ സംബന്ധിച്ചു.



# സ. എളമരം കരീം രാജ്യസഭയിലേക്ക്

സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറിയും ദേശീയ സെക്രട്ടറിയുമായ സ. എളമരം കരീം രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സിപിഐ എം പ്രതിനിധിയായിട്ടാണ് അദ്ദേഹം രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.



# ജനജീവിതം ദുസ്സഹമാക്കിയ നാളുകൾ

**നരേന്ദ്ര മോഡി സർക്കാർ അധികാരമേറിയിട്ട് നാലുവർഷം പൂർത്തിയായി. ഭീതിയോടെമാത്രമേ ഈ കാലത്തെക്കുറിച്ച് ഒരു ഇന്ത്യൻ പൗരന് ഓർക്കാൻ കഴിയൂ. സാധാരണ ജനജീവിതത്തെ എല്ലാ അർഥത്തിലും ദുസ്സഹമാക്കിയ നാളുകളാണ് കടന്നുപോയത്. സാമ്പത്തികജീവിതം മാത്രമല്ല, സാമൂഹ്യജീവിതവും ഏറെ ദുഷ്കരമായ കാലമായിരുന്നു ഇത്. ഒരുവർഷത്തിനുള്ളിൽ പൊതുതെരഞ്ഞെടുപ്പ് നടക്കുന്നുവെന്നതുമാത്രമാണ് ജനങ്ങൾക്ക് ആശ്വാസം പകരുന്നത്. വാഗ്ദാനങ്ങൾ മറന്ന, വർഗീയാസ്വാസ്ഥ്യങ്ങൾ കെട്ടഴിച്ചുവിട്ട, ജനവിരുദ്ധ സർക്കാരിനെ പുറത്താക്കാൻ പ്രബുദ്ധരായ ഇന്ത്യൻ ജനത ജനവിധിയെ ഉപയോഗപ്പെടുത്തുമെന്നതിൽ തർക്കമില്ല. ഉത്തർപ്രദേശിലെ ഉപതെരഞ്ഞെടുപ്പുകളും കർണാടക നിയമസഭാ തെരഞ്ഞെടുപ്പുഫലങ്ങളും തെളിയിക്കുന്നത് മറ്റൊന്നുമല്ല.**




എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം വാഗ്ദാനം ചെയ്തുകൊണ്ടാണ് മോഡിസർക്കാർ 2014 മെയ് 26ന് അധികാരമേറ്റത്. എന്നാൽ, കോർപറേറ്റുകൾ തടിച്ചുകൊഴുക്കുന്നതുമാത്രമാണ് ദൃശ്യമായത്. നീരവ് മോഡിയും മെഹുൽ ചോക്സിയും വിജയ് മല്യമാരുമാണ് യഥാർഥത്തിൽ പൊതുമുതൽ കൊള്ളയടിച്ച് തടിച്ചുകൊഴുത്തത്. ഒപ്പം മോഡിയെ പിന്തുണച്ച അദാനിയും അംബാനിമാരും. കോർപറേറ്റുകളുടെ പകൽക്കൊള്ള തടയാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, അവരെയൊക്കെ രക്ഷപ്പെടാൻ മോഡിസർക്കാർ പഴുതൊരുക്കുകയും ചെയ്തു. ഏറ്റവും അവസാനമായി തമിഴ്നാട്ടിലെ തൂത്തുക്കുടിയിലെ ജനങ്ങൾക്ക് ദുരിതം വിതയ്ക്കുന്ന സ്റ്റെർലൈറ്റ് കമ്പനിക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ഉൾപ്പെടെ എല്ലാ ഒത്താശയും ചെയ്തുകൊടുത്തത് മോഡിസർക്കാരാണെന്നാണ് വെളിപ്പെട്ടിട്ടുള്ളത്.

മോഡിസർക്കാരിന്റെ വാഗ്ദാനലംഘനത്തിന്റെ വ്യാപ്തി വ്യക്തമാക്കാൻ രണ്ടു കാര്യങ്ങൾമാത്രം ഇവിടെ പരിശോധിക്കാം. കാർഷികമേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുമെന്നും അഞ്ചുവർഷത്തിനുള്ളിൽ പത്തുകോടി തൊഴിൽ സൃഷ്ടിക്കുമെന്നുമുള്ള മോഡിയുടെ വാഗ്ദാനത്തെക്കുറിച്ച് നോക്കാം. ഉൽപ്പാദനച്ചെലവിന്റെ ഇരട്ടി തുക താങ്ങുവിലയായി പ്രഖ്യാപിച്ച് കർഷകരുടെ കണ്ണീർ ഒപ്പുമെന്നായിരുന്നു മോഡി 2014ലെ തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ വാഗ്ദാനം നൽകിയത്. എന്നാൽ, അധികാരമേറ്റശേഷം ഇതേ മോഡിസർക്കാർ സുപ്രീംകോടതിയിൽ പറഞ്ഞത് ഈ വാഗ്ദാനം പാലിക്കാനാകില്ലെന്നും അത് കമ്പോളത്തെ അസ്ഥിരമാക്കുമെന്നുമായിരുന്നു. സർക്കാർ വാഗ്ദാനം ചെയ്ത താങ്ങുവില ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ ഫാർമേഴ്സ് അസോസിയേഷൻ നൽകിയ ഹർജി പരിഗണിക്കവെയായിരുന്നു സർക്കാരിന്റെ വഞ്ചന പുറത്തായത്. ഉയർന്ന താങ്ങുവില പ്രതീക്ഷിച്ച കർഷകർ ഇതോടെ പ്രതിസന്ധിയിലായി. പലരും ആത്മഹത്യചെയ്തു. മോഡിസർക്കാർ അധികാരമേറ്റ് അടുത്തവർഷം (2015ൽ) 8007 കർഷകരാണ് ആത്മഹത്യചെയ്തത്. ഇതിൽ ഏറ്റവും കൂടുതൽ ബിജെപിതന്നെ ഭരണം നടത്തുന്ന മഹാരാഷ്ട്രയിലുമായിരുന്നു. 2014നേക്കാൾ 2015ൽ 3000 കർഷകരാണ് ആത്മഹത്യ ചെയ്തത്. അതിന്നും തുടരുന്നു. കാർഷികവളർച്ചയും പിന്നോട്ടുപോയി. യുപിഎ സർക്കാരിന്റെ കാലത്തെ ശരാശരി വളർച്ച മൂന്ന് ശതമാനമായിരുന്നുവെങ്കിൽ മോഡിസർക്കാരിന്റെ കാലത്ത് അത് രണ്ടിലും താഴെയാണ്. രാജ്യത്തെ 52 ശതമാനംപേർ ഉപജീവനം നടത്തുന്ന കാർഷികമേഖലയെയാണ് മോഡിസർക്കാർ പൂർണമായും അവഗണിച്ചത്. വിശപ്പ് സൂചികയിൽ 119 രാഷ്ട്രങ്ങളുടെ പട്ടികയിൽ ഇന്ത്യ നൂറാംസ്ഥാനത്തേക്ക് താഴുകയും ചെയ്തു.

മോഡിസർക്കാരിന്റെ മറ്റൊരു പ്രധാന വാഗ്ദാനം, ഭരണം അഞ്ചുവർഷം പൂർത്തിയാക്കുമ്പോൾ പത്തുകോടി തൊഴിൽ ലഭ്യമാക്കുമെന്നായിരുന്നു. ഓരോ വർഷവും രണ്ടുകോടി തൊഴിൽ നൽകുമെന്നർഥം. എന്നാൽ, മോഡി അധികാരത്തിൽ വന്ന് രണ്ടുവർഷത്തിനകം 21 ലക്ഷംപേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നാണ് കണക്ക്. ഇതിൽ ഭൂരിപക്ഷവും ഉൽപ്പാദനമേഖലയിലാണ്. ചൈനയെപ്പോലെ ഇന്ത്യയെയും ലോകത്തിന്റെ ഉൽപ്പന്നകേന്ദ്രമാക്കുമെന്ന് പറഞ്ഞാണ് മോഡി 'മേയ്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് തുടക്കമിട്ടത്. എന്നാൽ, ഈ വേളയിലാണ് ഇത്രയും തൊഴിൽനഷ്ടം ഉണ്ടായത്. നോട്ട് നിരോധനവും വേണ്ടത്ര തയ്യാറെടുപ്പില്ലാതെ ജിഎസ്ടി നടപ്പാക്കിയതും തൊഴിൽനഷ്ടം വൻതോതിൽ ഉയർത്തി. ദിനംതോറും 30,000 പേരെങ്കിലും തൊഴിൽകമ്പോളത്തിലേക്ക് വരുന്ന രാജ്യത്ത് രണ്ട് ശതമാനത്തിനുപോലും തൊഴിൽ നൽകാൻ കഴിയുന്നില്ലെന്നതാണ് യാഥാർഥ്യം. സർക്കാർമേഖലയിൽമാത്രം (കേന്ദ്ര, സംസ്ഥാന) 20 ലക്ഷം ഒഴിവുകളുണ്ടെന്നാണ് കണക്കാക്കുന്നത്. ഇരുപതിലധികം സംസ്ഥാനങ്ങളിൽ ഭരണം നടത്തുന്നതും ബിജെപിതന്നെയാണ്. സർക്കാർ സർവീസിലുള്ള തൊഴിൽ നിയമനങ്ങളിൽ 90 ശതമാനത്തിന്റെ ഇടിവ് ഉണ്ടായെന്നാണ് കണക്കാക്കുന്നത്. ഈ നിയമനങ്ങൾ പൂർത്തിയാക്കിയാലെങ്കിലും തൊഴിലില്ലായ്മയ്ക്ക് അൽപ്പമെങ്കിലും ആശ്വാസം നൽകാൻ




കഴിയുമായിരുന്നു. എന്നാൽ, അഞ്ചുവർഷമായി ഒഴിഞ്ഞു കിടക്കുന്ന ഒഴിവുകളിൽ ഈ നിയമനം ആവശ്യമില്ലെന്ന തീർത്തും പ്രതിലോമകരമായ തീരുമാനമാണ് മോഡിസർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ത്രിപുര മുഖ്യമന്ത്രി അടുത്തയിടെ തൊഴിൽ തേടുന്ന യുവാക്കളോട് പറഞ്ഞത് സർക്കാരിന് തൊഴിൽ നൽകാനാകില്ലെന്നും അതിനാൽ പശുക്കളെ പോറ്റി ജീവിക്കാനുമാണ്. എന്നാൽ, കന്നുകാലികളെ വളർത്തലും ഗോസംരക്ഷക കാപാലികന്മാർ ഇറങ്ങിയതോടെ അസാധ്യമായി.

രാജ്യസ്നേഹം തെളിയിക്കാൻ സിനിമാ തിയറ്ററിനെപ്പോലും ഉപയോഗിച്ച മോഡിസർക്കാർ ഇപ്പോൾ രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രതിരോധമേഖലപോലും സ്വകാര്യമേഖലയ്ക്ക് കൈമാറുകയാണ്. അമേരിക്കയിൽനിന്ന് വാങ്ങുന്ന പടക്കോപ്പുകൾ ഏത് ഘട്ടത്തിലും പരിശോധിക്കാൻ അമേരിക്കയ്ക്ക് അനുവാദം നൽകിയ നടപടി തുടരുന്നതിലും മോഡിക്ക് രാജ്യസ്നേഹം തടസ്സമാകുന്നില്ല. ഇന്ത്യൻ പ്രതിരോധ ആയുധങ്ങളും സംവിധാനങ്ങളും സ്വകാര്യമേഖലയെ ഏൽപ്പിക്കുന്നത് എത്രമാത്രം സുരക്ഷിതമായിരിക്കുമെന്ന് ജനങ്ങളോട് വിശദീകരിക്കാൻ മോഡിസർക്കാർ തയ്യാറാകണം. മാത്രമല്ല, പല ആയുധ കരാറുകളും രാജ്യസുരക്ഷയുടെ പേരു പറഞ്ഞ് രഹസ്യമാക്കി വയ്ക്കാനും മോഡി സർക്കാർ തയ്യാറാകുമ്പോൾ രാജ്യരക്ഷയും ഈ സർക്കാരിന്റെ കൈകളിൽ സുരക്ഷിതമല്ലെന്ന് വരുന്നു.

ലൗ ജിഹാദും ഗോസംരക്ഷണവും ദളിത് ന്യൂനപക്ഷ പീഡനങ്ങളും വർധിച്ചുവരുന്ന വർഗീയലഹളകളും ആഭ്യന്തരസുരക്ഷയും താറുമാറാക്കി. പെട്രോൾ വില വർധന അവശ്യവസ്തുക്കളുടെയാകെ വില വർധിപ്പിച്ചു. ജനജീവിതം അക്ഷരാർഥത്തിൽ ദുസ്സഹമായി. മോഡിസർക്കാരിനെ അധികാരത്തിൽനിന്ന് പുറത്താക്കേണ്ടത് സ്വൈരജീവിതം ആഗ്രഹിക്കുന്ന ഏതൊരു പൗരന്റെയും ആവശ്യമായിരിക്കുന്നു.

# വഞ്ചനയുടെ 4 വർഷം

കേന്ദ്ര സർക്കാർ നാലുവർഷം തികയ്ക്കുന്ന സന്ദർഭത്തിന്റെ പ്രധാന സവിശേഷത എന്തെന്നാൽ, 2014ൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനത്തിന്റെ ഏതാണ്ട് സമ്പൂർണ നിരാകരണമെന്നതാണ് ഉത്തരം. നല്ല ദിനങ്ങളാണ് വാഗ്ദാനം ചെയ്യപ്പെട്ടത്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള കഴിഞ്ഞ ഏഴ് ദശകത്തിനിടയ്ക്ക് ആർജിക്കാനാകാത്ത ഔന്നത്യത്തിലെത്തത്തക്കവിധം ഇന്ത്യയെ സുശക്തമായ ഒരു രാഷ്ട്രമായി മാറ്റിത്തീർക്കും എന്നായിരുന്നു നൽകപ്പെട്ട ഉറപ്പ്. എല്ലാവരുടെയും കൂടെ എല്ലാവർക്കും വികസനം എന്നതായിരുന്നു വാഗ്ദാനം. ഈ മുദ്രാവാക്യങ്ങളോരോന്നും പൊള്ളയായിരുന്നു. വാഗ്ദാനങ്ങളെല്ലാം വഞ്ചനകളായി മാറിയിരിക്കുന്നു.

ഈ നാലുവർഷം ഒരു രാജ്യമെന്ന നിലയ്ക്ക് ഇന്ത്യക്കുനേരെയും അതിലെ ജനങ്ങളുടെ അതിജീവനത്തിനുനേരെയും അഭൂതപൂർവമായ ആക്രമണങ്ങളാണ് നടന്നത്. ഒരു ചതുർഭുജ ആക്രമണത്തിനാണ് ദിനേനയെന്നോണം ശക്തി കൂടിവരുന്നത്. ആക്രമണത്തിന്റെ നാല് ഘടകങ്ങൾ ഇവയാണ്: 1) ജനങ്ങളിൽ മഹാഭൂരിപക്ഷത്തിന്റെയും ജീവിതത്തിൽ നാശംവിതയ്ക്കുന്ന നവലിബറൽ സാമ്പത്തിക പരിഷ്കാരങ്ങളുടെ ആക്രമണോത്സുകമായ നടത്തിപ്പ്. 2) നമ്മുടെ സമൂഹത്തെ പിച്ചിച്ചീന്തുന്ന വർഗീയ ധ്രുവീകരണത്തിന്റെ മൂർച്ച കൂട്ടൽ. 3) പാർലമെന്ററി ജനാധിപത്യത്തിനും ഭരണഘടനാ സ്ഥാപനങ്ങൾക്കും അധികാരികൾക്കും നേരെയുള്ള സർവതലസ്പർശിയായ ആക്രമണം. 4) ഇന്ത്യയുടെ സ്വതന്ത്ര വിദേശനയവും നമ്മുടെ പരമാധികാരംതന്നെയും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആജ്ഞയ്ക്കനുസരിച്ച് സമ്പൂർണമായി അടിയറവ് വയ്ക്കൽ. ഈ നാലും ചേർന്നാണ് നമ്മുടെ രാജ്യത്തിനും ജനങ്ങൾക്കും നേരെയുള്ള ഏറ്റവും കടുത്ത ആക്രമണങ്ങൾ അഴിച്ചുവിടുന്നത്. രാജ്യത്തിന്റെയും ജനങ്ങളുടെയും ഭാവി സുരക്ഷിതമാക്കണമെങ്കിൽ ഈ സർക്കാരിനെ തൂത്തെറിഞ്ഞുകൊണ്ടേ സാധ്യമാകൂ എന്നാണ് ഈ നാലുവർഷം തെളിയിച്ചത്.




# ജനങ്ങൾക്കുനേരെയുള്ള സാമ്പത്തികാക്രമണങ്ങൾ

നോട്ട് റദ്ദാക്കലും ജിഎസ്ടി നടപ്പാക്കലുംവഴി നടത്തിയ ഇരട്ട ആക്രമണത്തോടെ ഇന്ത്യയുടെ സാമ്പത്തികാടിത്തറയുടെ ശക്തിയാണ് ചോർത്തിക്കളഞ്ഞത്. അവ കാരണം പിറകോട്ടടിക്കപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങൾ തിരിച്ചുപിടിക്കാൻ കഴിയാത്തത്ര വലിയ തകർച്ചയാണ് സമ്പദ് വ്യവസ്ഥയ്ക്കുണ്ടായത്. നമ്മുടെ മൊത്തം ആഭ്യന്തരോൽപ്പാദനത്തിന്റെ പാതിയിലേറെയും സംഭാവന ചെയ്യുന്ന, കാർഷികേതര ജോലികളിൽ ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന ഇന്ത്യയുടെ അനൗപചാരികമേഖല ഇന്ന് ഫലത്തിൽ തകർന്നുകിടക്കുകയാണ്. കോടിക്കണക്കിന് ഇന്ത്യക്കാർക്ക് ജീവരേഖ പ്രദാനംചെയ്യുന്ന ചെറുകിട ഇടത്തരം സംരംഭങ്ങൾ ജിഎസ്ടി കാരണം തളർന്നു. നമ്മുടെ സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും വിദേശ പ്രത്യക്ഷ നിക്ഷേപം അനുവദിക്കുകയാണ്. ഈ വിദേശ പ്രത്യക്ഷ നിക്ഷേപം പിൻവാതിലിലൂടെ നമ്മുടെ ചില്ലറവിൽപ്പനമേഖലയിലും പിടിമുറുക്കി. ഇന്ത്യൻ ചെറുകിട വ്യാപാരമേഖല നാല് കോ ടിയിലേറെപ്പേർക്കാണ് നേരിട്ട് ജോലി നൽകുന്നത്. നമ്മുടെ ആഭ്യന്തര വാണിജ്യം വൻകിട ബഹുരാഷ്ട്ര ഭീമന്മാർ ഏറ്റെടുക്കാനിടയായാൽ അത് ജനസംഖ്യയിൽ അഞ്ചിലൊരു ഭാഗത്തെ സാരമായി ബാധിക്കുമെന്നർഥം. ഈയിടെ അന്താരാഷ്ട്ര റീട്ടെയിൽ ഭീമനായ വാൾമാർട്ട് ഇന്ത്യൻ കമ്പനിയായ ഫ്ലിപ്കാർട്ടിനെ ഏറ്റെടുത്തത്, നമ്മുടെ റീട്ടെയിൽമേഖലയിൽ വിദേശ മൂലധന പ്രവേശനത്തിന് നിയമ സമ്മതി നേടിക്കൊടുത്തിരിക്കുകയാണ്.

രാജ്യത്തെ കാർഷികമേഖലയിലെ തകർച്ച ആപൽക്കരമാംവിധം വഷളായിക്കൊണ്ടിരിക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ യഥാർഥ കൂലി കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള കൂലിയിലും എത്രയോ താഴെയാണ്. കർഷകർക്ക് ഉൽപ്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി താങ്ങുവില ഉറപ്പാക്കും എന്ന വാഗ്ദാനം പാലിക്കാതെ സർക്കാർ ലക്ഷക്കണക്കിനു കർഷകരെ തങ്ങളുടെ കടം തിരിച്ചടയ്ക്കാനാകാത്ത ഗതികേടിലേക്കും ആത്മഹത്യയിലേക്കും തള്ളിവിടുകയാണ് കർഷകരുടെ വായ്പ ഒറ്റത്തവണ തീർപ്പാക്കാൻ തയ്യാറല്ലാത്ത സർക്കാർ വൻകിട കോർപറേറ്റുകൾ എടുത്ത ലക്ഷക്കണക്കിനു കോടി രൂപ എഴുതിത്തള്ളുകയാണ്. നാടനും മറുനാടനുമായ വൻകിട കോർപറേറ്റുകൾക്ക് ലാഭം വർധിപ്പിക്കുന്നതിനുള്ള അനന്തസാധ്യതകൾ തുറന്നുകൊടുത്തതോടെ രാജ്യത്ത് അസമത്വം ഭീതിജനകമാംവിധം പെരുകുകയാണ്. ധനികർ അതിവേഗം അതി ധനികരാവുകയാണ്. ദരിദ്രർ അതി ദരിദ്രരും. 2017ൽ ഉണ്ടായ അധികസമ്പത്തിന്റെ 73 ശതമാനവും ജനസംഖ്യയിൽ ഒരു ശതമാനം വരുന്നവർ സ്വന്തമാക്കിയിരിക്കുന്നു. ശിങ്കിടി മുതലാളിത്തം അരങ്ങ് തകർക്കുന്നു. കോർപറേറ്റുകൾ എടുത്ത വായ്പയിൽ 11 ലക്ഷം കോടി രൂപയിലേറെയാണ് പിരിഞ്ഞുകിട്ടാൻ ബാക്കി. അത് മിക്കവാറും ദേശസാൽകൃത ബാങ്കുകളിൽനിന്ന് എടുത്തവയാണുതാനും. എല്ലാ മൗലിക സാമ്പത്തിക സൂചികകളും തകർച്ചയോ അല്ലെങ്കിൽ മുരടിപ്പോ ആണ് കാട്ടുന്നത്. അങ്ങനെ നോക്കുമ്പോൾ, ഈ നാലു വർഷം ജനങ്ങളെ സംബന്ധിച്ചേടത്തോളം ജീവിതാവസ്ഥ കുത്തനെ തകർന്ന കാലമാണ്. ജനങ്ങളുടെ മേലുള്ള അമിതഭാരം കൂടിക്കൂടി വരികയാണ്.

## ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും നേരെയുള്ള ആക്രമണങ്ങൾ

ഉന്നത വിദ്യാഭ്യാസത്തെയും ഗവേഷണത്തെയും വർഗീയരീതിയിലൂടെ അട്ടിമറിച്ചുകൊണ്ടും യുക്തിചിന്തയെയും ശാസ്ത്രബോധത്തെയും കടന്നാക്രമിച്ചു കൊണ്ടുമാണ് സമൂഹത്തിന്റെ




അപമാനവീകരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യാചരിത്രത്തെ ഹിന്ദു പുരാണങ്ങൾക്കൊത്ത് തിരുത്തിക്കുറിക്കാനാണ് ശ്രമം. ജനങ്ങളുടെ ചിന്താപ്രക്രിയയെത്തന്നെ ഇങ്ങനെ വർഗീയവൽക്കരിക്കുന്നത് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കിനെ അവരുടെ അസഹിഷ്ണു മതാധിഷ്ഠിത ഫാസിസ്റ്റ് ഹിന്ദുരാഷ്ട്ര ഭാഷ്യത്തിന് അനുകൂലമാക്കി മാറ്റിത്തീർക്കാനാണ്. ഇന്ന് നമ്മുടെയൊക്കെ സങ്കൽപ്പത്തിലുള്ള ഇന്ത്യയെ തകർക്കാനുള്ള ഒരാക്രമണമാണ്. 'സബ് കേ സാത്തിനു' പകരം ഇക്കഴിഞ്ഞ നാലുകൊല്ലംകൊണ്ട് നാം കണ്ടത്, ദളിതരെയും മതന്യൂനപക്ഷങ്ങളെയുംപോലെയുള്ള നമ്മുടെ ജനതയിൽ ഒരു വലിയ വിഭാഗത്തെ പുറംതള്ളുന്നതിലേക്ക് നയിക്കുന്ന ഹിന്ദുത്വ കടന്നാക്രമണങ്ങളാണ്.

## സബ് കാ വികാസ്?

ജനങ്ങളുടെ ഉപജീവനമാർഗവുമായി നേരിട്ട് ബന്ധപ്പെടുന്ന ഏത് സാമൂഹ്യമേഖലയായാലും ശരി, അതിനുവേണ്ടി കേന്ദ്ര സർക്കാർ ചെലവിട്ട സംഖ്യയിൽ ഈ നാലുവർഷംകൊണ്ട് ഗണ്യമായ ഇടിവാണുണ്ടായത്. വിദ്യാഭ്യാസത്തിന് ജിഡിപിയുടെ ആറു ശതമാനം നീക്കിവയ്ക്കും എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മോഡി സർക്കാർ അധികാരത്തിലേറിയത്. സംഭവിച്ചതോ? 2014-15ൽ ചെലവാക്കിയ ജിഡിപിയുടെ 0.55 ശതമാനം 201819 ആയപ്പോൾ 0.45 ആയി ചുരുങ്ങി. യൂണിയൻ ബജറ്റിന്റെ ശതമാനക്കണക്കിൽ പറഞ്ഞാൽ, 2014-15ലെ 4.1 ശതമാനം ചെലവ് 2018-19ൽ 3.6 ശതമാനമായി. ഇന്ത്യയിലുടനീളം കുടിവെള്ളമെത്തിക്കുന്ന കാര്യത്തിലും ശുചിത്വം ഉറപ്പ് വരുത്തുന്ന കാര്യത്തിലും വലിയ വാഗ്ദാനങ്ങളും സ്വച്ഛ് ഭാരതത്തെപ്പറ്റിയുള്ള പറച്ചെണ്ടയടികളും ഉണ്ടായിരുന്നിട്ടും, സംഭവിക്കുന്നത് നേർ വിപരീതമായാണ്. ദേശീയ സാമ്പിൾ സർവേ ഓഫ് ഇന്ത്യ 2015-16ൽ നടത്തിയ പഠനം വെളിപ്പെടുത്തിയത്, സ്വച്ഛ് ഭാരത് അഭിയാനു കീഴിൽ നിർമിച്ച കക്കൂസുകളിൽ 10ൽ ആറ് എണ്ണത്തിലും ജലലഭ്യത ഇല്ല എന്നാണ്. മറ്റുപല മുദ്രാവാക്യങ്ങളുമെന്നപോലെ ഇതും പാഴ്‌വാക്കായി മാറുകയായിരുന്നു. അതേപോലെ എംഎൻആർഇജിക്കും ആരോഗ്യമേഖലയ്ക്കും ഉള്ള നീക്കിയിരിപ്പും തീരെ അപര്യാപ്തമാണ്. ഇതിൽ ഏറ്റവും മോശമായത് എസ്‌സി/ എസ്ടി ഉപ പദ്ധതികൾക്കായുള്ള നീക്കിയിരിപ്പാണ്.

## വർഗീയ ധ്രുവീകരണം

നമ്മുടെ സമ്പന്നവും അത്യപൂർവവുമായ നാനാത്വത്തെ ഉപയോഗപ്പെടുത്തി ജനങ്ങളെ ധ്രുവീകരിക്കാനുള്ള ഒടുങ്ങാത്ത പരിശ്രമമാണ് ദളിതർക്കും മുസ്ലിം ന്യൂനപക്ഷങ്ങൾക്കും നേരെയുള്ള കടന്നാക്രമണങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഗോരക്ഷകരെപ്പോലുള്ള സ്വകാര്യ സൈന്യവും യുപിയിലെ റോമിയോവിരുദ്ധ സ്‌ക്വാഡുപോലുള്ള സദാചാര പൊലീസിങ് സംഘങ്ങളും നമ്മുടെ യുവാക്കളോട് എന്ത് ഭക്ഷിക്കണമെന്നും എന്ത് വസ്ത്രം ധരിക്കണമെന്നും ആരുമായി സൗഹൃദമാകാമെന്നും കൽപ്പിക്കുകയാണ്. വർഗീയ വൈറസിന്റെ വിഷലിപ്തത നമ്മുടെ സമൂഹത്തെ അപമാനവീകരണത്തിന്റെ പടുകുഴിയിലേക്ക് നയിക്കുകയാണ്. സമീപകാലത്തെ മൃഗീയ ബലാത്സംഗങ്ങളും പെൺക്കുഞ്ഞുങ്ങളെ കൊലപ്പെടുത്തിയതുമെല്ലാം നൽകുന്ന സൂചനകൾ വ്യക്തമാണ്.

## നൊമ്പരമായി കഠ്‌വയിലെ പെൺകുട്ടി

ജമ്മു കശ്മീരിലെ കഠ്‌വയിൽ എട്ടുവയസ്സുകാരിയെ തട്ടിക്കൊണ്ടുപോയി കൂട്ടബലാത്സംഗംചെയ്ത് കൊന്ന സംഭവം രാജ്യമനഃസാക്ഷിയെ ഞെട്ടിച്ചു. ഹിന്ദു ഭൂരിപക്ഷമേഖലയിൽനിന്ന് ഗുജ്ജർ, ബക്കർവാൾ സമുദായങ്ങളെ ഓടിക്കാൻവേണ്ടിയാണ് ബക്കർവാൾ സമുദായത്തിൽപ്പെട്ട പെൺകുട്ടിയെ ക്രൂരമായി പീഡിപ്പിച്ച് കൊന്നതെന്ന് അന്വേഷണസംഘം കണ്ടെത്തി. ജനുവരി പത്തിനാണ് കുട്ടിയെ തട്ടിക്കൊണ്ടുപോയത്. 17ന് മൃതദേഹം കണ്ടെത്തി. പ്രധാന പ്രതി സഞ്ജി റാമിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിലെ ദേവസ്ഥാനിൽവച്ചാണ് പെൺകുട്ടിയെ ബലാത്സംഗം ചെയ്തത്. പ്രതികളിൽ നാലുപേർ പൊലീസുകാരാണ്. പ്രതികളെ അനുകൂലിച്ചു നടന്ന പ്രകടനത്തിൽ പങ്കെടുത്ത ജമ്മുകശ്മീരിലെ 2 ബിജെപി മന്ത്രിമാർ രാജിവച്ചിരുന്നു. ബിജെപിയുടെ അറിവോടെയായിരുന്നു സംഭവം ആസൂത്രണം ചെയ്തത്.

# പാർലമെന്ററി ജനാധിപത്യത്തിനു നേരെയുള്ള ആക്രമണങ്ങൾ

ഇക്കഴിഞ്ഞ നാലുവർഷമായി പാർലമെന്ററി ജനാധിപത്യത്തിന്റെ സകല സ്ഥാപനങ്ങളും അതിഗുരുതരമായ ആക്രമണങ്ങൾക്കാണ് വിധേയമായത്. സർക്കാർ നടപടികളെ നിയന്ത്രിക്കുന്നതിനും അതിനെ ഉത്തരവാദിത്തപൂർവം പ്രവർത്തിപ്പിക്കുന്നതിനുമുള്ള പാർലമെന്റിന്റെ പ്രവർത്തനശേഷി തന്നെ പരിമിതപ്പെടുത്തിക്കളഞ്ഞിരിക്കുകയാണ്. കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ് സംഭവിക്കുന്നത്. അവിശ്വാസ പ്രമേയം ചർച്ചചെയ്യാൻ സമ്മതിക്കുന്നില്ല. ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന നിയമനടപടികൾ രാജ്യസഭയെ മറികടക്കാനായി ഫിനാൻസ് ബില്ലായി ഒളിച്ചുകടത്തുകയാണ്. തെരഞ്ഞെടുപ്പു കമീഷൻപോലുള്ള മറ്റെല്ലാ ഭരണഘടനാ സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ചും വലിയ ചോദ്യചിഹ്നമാണ് ഉയരുന്നത്.

സമീപകാലത്ത് മുൻ ചീഫ് ഇലക്ഷൻ കമീഷണർമാർ നിലവിലുള്ള തെരഞ്ഞെടുപ്പ് കമീഷണറോട് അതിന്റെ വിശ്വാസ്യതയും നിഷ്പക്ഷതയും തിരിച്ചുപിടിക്കണമെന്ന് നിർദേശിച്ചത് ഗുരുതരമായ വിഷയമാണ്. സർക്കാരിന്റെ രാഷ്ട്രീയാവയവങ്ങളായാണ് എല്ലാ അന്വേഷണ ഏജൻസികളും പ്രവർത്തിക്കുന്നത്. തെരഞ്ഞെടുപ്പുകളിൽ തോറ്റമ്പിയപ്പോഴും ഗോവയിലും മണിപ്പുരിലും മേഘാലയയിലും പിന്നീട് ബിഹാറിലും കണ്ടപോലെ, വൻതോതിലുള്ള ധനശക്തി ഉപയോഗിച്ചും ഭീഷണിയും പീഡനവും വിരട്ടലും നടത്തിയും സർക്കാരുകൾ ഉണ്ടാക്കാൻ ബിജെപിക്ക് കഴിയുന്നു.




ഉത്തരവാദിത്തമുള്ള അഴിമതിരഹിത ഭരണം എന്ന വാഗ്ദാനം കാറ്റിൽ പറത്തുകയാണ്. എന്നിട്ടും അഴിമതിനിർമാർജനത്തെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ ഗീർവാണങ്ങൾ പെരുകുകയാണ്. 2013 ഡിസംബറിൽ പാസാക്കിയതും 2014 ജനുവരിയിൽ ഉത്തരവാക്കിയതുമായ ലോക്പാലും ലോകായുക്ത നിയമവും ഇതുവരെ നടപ്പാക്കാൻ തുടങ്ങിയിട്ടില്ല. അഴിമതി നിവാരണ നിയമമാകട്ടെ, 2016ൽ സർക്കാർ കൊണ്ടുവന്ന ഭേദഗതിയോടെ തീർത്തും ദുർബലമാക്കപ്പെട്ടിരിക്കുന്നു. വിസിൽ ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്ട് (അഴിമതി ചൂണ്ടിക്കാട്ടുന്നവർക്ക് പരിരക്ഷ നൽകുന്ന നിയമം) ഇനിയും നടപ്പാക്കുന്നില്ല. ഇതു കാരണം പല അഴിമതികളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒട്ടേറെപേർക്ക് ജീവൻ വെടിയേണ്ടിവന്നിട്ടുണ്ട്; സ്ഥാപിത താൽപ്പര്യക്കാരുടെ ഇടപെടൽവഴി. പരാതി പരിഹാര ബിൽ (Grievance Redressal Bill) പുനരവതരിപ്പിക്കാൻ ഇനിയും മോഡി സർക്കാരിനായിട്ടില്ല. അറിയാനുള്ള അവകാശ നിയമം (Right to information act) ഭേദഗതി ചെയ്തിരിക്കുകയാണ്. കേന്ദ്ര ഇൻഫർമേഷൻ കമീഷന്റെ 11 പോസ്റ്റിൽ നാലെണ്ണം ഇനിയും നികത്തിയിട്ടില്ല. 2018ൽ ചീഫ് കമീഷണറടക്കം നാലുപേർകൂടി റിട്ടയർചെയ്യുകയാണ്. സർക്കാരാകട്ടെ, അറിയാനുള്ള അവകാശത്തെ വ്യക്തമായും പ്രയോജനരഹിതമാക്കുകയാണ്.

രാഷ്ട്രീയ പാർടികൾക്ക് സംഭാവന നൽകുന്ന കാര്യത്തിൽ വരുത്തിയ ഗുരുതരമായ മാറ്റങ്ങളോടെ രാഷ്ട്രീയ അഴിമതിയെ ഫലത്തിൽ നിയമവിധേയമാക്കിയിരിക്കുന്നു. തെരഞ്ഞെടുപ്പ് ബോണ്ടുകൾ നടപ്പാകുന്നതോടെ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനു പകരം ഉത്തരവാദിത്ത രഹിതവും കൂടുതൽ ഇരുണ്ടതുമായ ഒരവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുക. രാഷ്ട്രീയ കക്ഷികൾക്കുള്ള സംഭാവനയുടെ കാര്യത്തിൽ വരുത്തിയ ഇമ്മാതിരി മാറ്റങ്ങളാകട്ടെ, ഫിനാൻസ് ബില്ലിന്റെ രൂപത്തിൽ നിയമനിർമാണവേദിയിൽ കള്ളക്കടത്ത് നടത്തി അവതരിപ്പിച്ചെടുത്തതാണുതാനും. ഇതാകട്ടെ, രാഷ്ട്രീയത്തിൽ പൊതുവെയും തെരഞ്ഞെടുപ്പിൽ പ്രത്യേകിച്ചും വൻതോതിലുള്ള ധനാധികാരപ്രയോഗത്തെ നിയമവിധേയമാക്കുന്ന ഒന്നാണ്.

ഈ ബിജെപി സർക്കാർ പോയേ പറ്റൂ. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ കാര്യത്തിൽ കാണിച്ച വഞ്ചനമാത്രമല്ല, പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രായോഗികതയെയും റിപ്പബ്ലിക്കിന്റെ മതനിരപേക്ഷ ജനാധിപത്യ സ്വഭാവത്തെയും തകർത്തെറിയാനുള്ള പരിശ്രമങ്ങളായാലും, ജനങ്ങളുടെ ജീവിതാവസ്ഥയ്ക്കുമേൽ അഭൂതപൂർവമായി നടത്തുന്ന കടന്നാക്രമണങ്ങളുടെ കാര്യത്തിലായാലും, മോഡി സർക്കാർ ജനവിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണ് എന്ന് സ്വയം തെളിയിച്ചിരിക്കുകയാണ്. സർക്കാരിന്റെ ഈ അവസാന വർഷം ഇന്ത്യൻ ജനതയ്ക്കു മുന്നിലുള്ള മുൻഗണനാപരമായ കടമ മറ്റൊന്നുമല്ല, ഇത്തരം ആക്രമണങ്ങൾക്കെതിരെയുള്ള ജനകീയ പ്രതിഷേധം ഉയർത്തിക്കൊണ്ടുവന്ന് ഈ സർക്കാരിനെ തൂത്തെറിയുക എന്നതാണ്.

# വളമിട്ട് വളർത്തിയത് വർഗീയത



ഗോസംരക്ഷകരെന്ന് അവകാശപ്പെടുന്നവർ നാലുവർഷത്തിനുള്ളിൽ രാജ്യത്ത് മുപ്പതോളം പേരെയാണ് തല്ലിക്കൊന്നത്. ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ, ജമ്മുകശ്മീർ, ഡൽഹി, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നിവിടങ്ങളിൽ അടിക്കടി കലാപങ്ങൾ ഉണ്ടായി. ആയുധമേന്തി നടത്തിയ രാമനവമി ഘോഷയാത്രകളെ തുടർന്ന് കഴിഞ്ഞ മാർച്ചിൽ പശ്ചിമബംഗാളിൽ പൊട്ടിപ്പുറപ്പെട്ട വർഗീയകലാപങ്ങളിൽ നാലുപേരാണ് കൊല്ലപ്പെട്ടത്. ബിഹാറിലെ ഔറംഗബാദിൽ രാമനവമി ആഘോഷമെന്ന പേരിൽ ബൈക്കുകളിലെത്തിയ നൂറോളം പേരുടെ വർഗീയവിദ്വേഷജനകമായ മുദ്രാവാക്യങ്ങൾ വൻകലാപത്തിനു കാരണമായി. ബിഹാറിലെ നവഡ, സമസ്തിപുർ, ഉത്തർപ്രദേശിലെയും കർണാടകത്തിലെയും വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിലും വർഗീയ സംഘർഷവും ആക്രമണങ്ങളുമുണ്ടായി. ഹനുമാൻ ജയന്തി ആഘോഷത്തെച്ചൊല്ലി രാജസ്ഥാനിലെ പാലി ജില്ലയിലെ ജയ്താരൺ പട്ടണത്തിലും കലാപവും ഏറ്റുമുട്ടലുമുണ്ടായി. കഴിഞ്ഞ ജനുവരിയിൽ എബിവിപിയും വിഎച്ച്പിയും നടത്തിയ ബൈക്ക് റാലിയാണ് ഉത്തർപ്രദേശിലെ കസ്ഗഞ്ചിനെ ചോരക്കളമാക്കി മാറ്റിയത്. 'തിരംഗ യാത്ര' എന്ന പേരിൽ റാലി നടത്തിയത് അധികൃതരുടെ അനുമതി വാങ്ങാതെയാണ്. ദേശീയപതാകയോടൊപ്പം കാവിക്കൊടിയും ഉയർത്താൻ നാട്ടുകാരെ നിർബന്ധിച്ചു. ഇതോടെ സംഘർഷം പൊട്ടിപ്പുറപ്പെടുകയും ഏറ്റുമുട്ടലുകളും കൊള്ളിവയ്പും കല്ലേറും വ്യാപിക്കുകയും ചെയ്തു. പൊലീസ് നിഷ്ക്രിയമായിരുന്നു.




സംഘപരിവാർ സംഘടനകൾ മതപരമായ ആഘോഷങ്ങൾ ശക്തിപ്രകടനത്തിനും വിദ്വേഷപ്രചാരണത്തിനുമായി ദുരുപയോഗിക്കുന്നതാണ് സംഘർഷങ്ങൾക്ക് വഴിയൊരുക്കുന്നത്. പലയിടത്തും ബിജെപി നേതാക്കൾ തന്നെ ഇത്തരം പ്രകടനങ്ങൾക്ക് നേതൃത്വം നൽകുന്നു. ജനങ്ങളെ വർഗീയമായി ധ്രുവീകരിക്കാൻ ഏതുവഴിയും സംഘപരിവാർ സ്വീകരിക്കുമെന്ന് ബിജെപി മുഖ്യമന്ത്രിമാരുടെ പ്രസ്താവനകൾ തന്നെ വ്യക്തമാക്കുന്നു. മുസ്ലിങ്ങൾ നിസ്കാരം നടത്തേണ്ടത് പള്ളികളിലോ മദ്രസകളിലോ വീടുകളിലോ മാത്രമാണെന്നാണ് ഹരിയാന മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടർ പ്രതികരിച്ചത്. ഗുഡ്ഗാവിൽ ഹിന്ദുത്വസംഘടനകൾ നമാസ് തടഞ്ഞതിനോട് പ്രതികരിക്കവെയാണ് ഖട്ടർ ഈ പരാമർശം നടത്തിയത്. മെയ് നാലിനു പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിച്ചെത്തിയ ഹിന്ദുത്വസംഘടനാ പ്രവർത്തകർ പത്ത് സ്ഥലത്ത് മുസ്ലിംവിശ്വാസികളെ ഭീഷണിപ്പെടുത്തി പിരിച്ചുവിട്ടു. 'ജയ് ശ്രീറാം', 'ബംഗ്ലാദേശികൾ മടങ്ങിപ്പോകൂ' എന്നിങ്ങനെ വിളിച്ചുപറഞ്ഞുകൊണ്ടാണ് ഹിന്ദുത്വസംഘടനാ പ്രവർത്തകർ വിവിധ കേന്ദ്രങ്ങളിൽ എത്തിയത്.

കഴിഞ്ഞ വർഷങ്ങളിൽ ബക്രീദിനു മുന്നോടിയായി ഹരിയാനയിൽ ബിരിയാണി വിൽക്കുന്ന സ്ഥലങ്ങളിൽ പൊലീസിന്റെയും മൃഗസംരക്ഷണ അധികൃതരുടെയും റെയ്ഡ് നടന്നിരുന്നു. ബിരിയാണി ഉണ്ടാക്കാൻ ബീഫ് ഉപയോഗിക്കുന്നുവെന്ന് പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് പരിശോധനയെന്നാണ് അധികൃതർ വിശദീകരിച്ചത്.

ഈയിടെ, ഡൽഹി സഫ്ദർജംഗ് എൻക്ലൈവിലെ മുസ്ലിം കുടീരത്തിൽ കാവി പെയിന്റ് അടിക്കുകയും ഉള്ളിൽ ശിവവിഗ്രഹം കൊണ്ടുവയ്ക്കുകയും ചെയ്തിരുന്നു. ഡൽഹി സർക്കാരിന്റെ സാംസ്കാരികവകുപ്പ് പൈതൃകകേന്ദ്രമായി അംഗീകരിച്ച കുടീരമാണ് കാവി പെയിന്റടിച്ച് വികൃതമാക്കിയത്.

# ജീവനൊടുക്കിയത് 60000 കർഷകർ



ബിജെപിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ കർഷകർക്ക് ഒട്ടേറെ വാഗ്ദാനങ്ങളുണ്ടായിരുന്നു. പിന്നീട് ഉത്തർപ്രദേശ് തെരഞ്ഞെടുപ്പ് പ്രചാരണകാലത്തും വാഗ്ദാനങ്ങൾ വാരിവിതറി. പാലം കടന്നശേഷം എല്ലാം വിസ്മരിച്ചു. കടക്കെണിയിലായ 60,000ത്തോളം കർഷകരാണ് നാലുവർഷത്തിനിടെ രാജ്യത്ത് ജീവനൊടുക്കിയത്. മഹാരാഷ്ട്രയിലെ മറാത്ത്വാഡ മേഖലയിൽമാത്രം ഇക്കൊല്ലം ആദ്യ രണ്ടരമാസത്തിൽ 221 കർഷകർ ജീവനൊടുക്കി.

ഉൽപ്പാദനചെലവും അതിന്റെ 50 ശതമാനവും ചേർത്തുള്ള തുക കാർഷികവിളകളുടെ വിലയായി ഉറപ്പാക്കുമെന്ന് 2014ലെ പ്രകടനപത്രികയിൽ പറഞ്ഞു. കർഷകരുടെ വരുമാനം അഞ്ചുവർഷത്തിനുള്ളിൽ ഇരട്ടിയാക്കുമെന്ന് മോഡി ആദ്യബജറ്റിൽ പ്രഖ്യാപിച്ചു. നാലുവർഷത്തിനുശേഷം എല്ലാ പ്രധാന വിളകളുടെയും ലാഭത്തിൽ ഇടിവുണ്ടായി. മധ്യപ്രദേശ്, ഛത്തീസ്ഗഡ് സംസ്ഥാനങ്ങളിൽ നെല്ലിന്റെയും ഗോതമ്പിന്റെയും സംഭരണത്തിനുമുമ്പ് നൽകിവന്ന ബോണസ് പോലും പിൻവലിച്ചു. മിനിമം താങ്ങുവിലയിൽ ഉണ്ടായ 34 ശതമാനം വർധന, കുതിച്ചുയർന്ന ഉൽപ്പാദനചെലവ് നേരിടാൻ പര്യാപ്തമല്ല. 201617, 201718 വർഷങ്ങളിൽ കൃഷിച്ചെലവ് വീണ്ടും ഉയർന്നതിനാൽ കർഷകരുടെ സമ്പാദ്യം കൂടുതൽ ശോഷിച്ചു. കഴിഞ്ഞ രണ്ടുവർഷം രാജ്യത്തെമ്പാടും കർഷകപ്രക്ഷോഭങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ സർക്കാർ മിനിമം താങ്ങുവില കണക്കാക്കുന്ന രീതി പുനഃപരിശോധിക്കാൻ തയ്യാറായി. എന്നാൽ, കഴിഞ്ഞ ബജറ്റ് നിർദേശത്തിലും ഇക്കാര്യത്തിൽ വ്യക്തതയില്ല.

അസംതൃപ്തരായ കർഷകർ 2017ൽ മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽ തെരുവിലിറങ്ങി. മാർച്ച് മാസത്തിൽ അരലക്ഷത്തോളം കർഷകർ നാസിക്കിൽനിന്ന് മുംബൈയിലേക്ക് 200 കിലോമീറ്റർ കാൽനടയായി മാർച്ച് ചെയ്തു.

## 'മേക്ക് ഇൻ ഇന്ത്യ' അല്ല 'മേക്ക് ഫോർ ഇന്ത്യ'




രാജ്യത്തെ ജനങ്ങളോടും വ്യാപാരിസമൂഹത്തോടും മോഡിസർക്കാർ കാട്ടിയ ഏറ്റവും വലിയ വഞ്ചനയാണ് ഇന്ത്യയിലെ ഇകൊമേഴ്സ് കമ്പനിയായ ഫ്ളിപ്കാർട്ടിനെ ഓൺലൈൻ വിപണിയിലെ ആഗോളഭീമൻ വാൾമാർട്ട് ഏറ്റെടുത്തതിന് അനുമതി നൽകിയ തീരുമാനം. പ്രതിപക്ഷത്തിരിക്കെ ബിജെപി പറഞ്ഞുവന്നതിനു വിരുദ്ധ നിലപാടാണ് വാൾമാർട്ട് ഇടപാടിൽ മോഡിസർക്കാർ സ്വീകരിച്ചത്. ബഹുബ്രാൻഡ് ചില്ലറവ്യാപാരമേഖലയിൽ നേരിട്ടുള്ള വിദേശനിക്ഷേപം (എഫ്ഡിഐ) പ്രച്ഛന്നവേഷത്തിൽ എത്തുന്നതിനു വഴിയൊരുക്കുകയാണ് കേന്ദ്ര സർക്കാർ. ദീർഘകാലമായി ഇന്ത്യൻവിപണി പ്രവേശനം കാത്തിരുന്ന വാൾമാർട്ടിന്റെ ആഗ്രഹം ബിജെപി സർക്കാർ സാധിച്ചുകൊടുത്തു. ചില്ലറവ്യാപാരമേഖലയിലും ചെറുകിട വ്യവസായരംഗത്തും പ്രവർത്തിക്കുന്ന കോടിക്കണക്കിനു ഇന്ത്യക്കാരുടെ ജീവിതമാർഗമാണ് ഇതോടെ അടയുക.

പ്രധാനമന്ത്രി മോഡിയുടെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയെ 'മേക്ക് ഫോർ ഇന്ത്യ'യാക്കി മാറ്റുന്നതാണ് വാൾമാർട്ടിന്റെ രംഗപ്രവേശം.ഇന്ത്യയിൽ നിർമിക്കുന്നതൊന്നും വാങ്ങി ഇവിടെ വിൽക്കാൻ വാൾമാർട്ട് തയ്യാറാകില്ല. ലോകമെമ്പാടുമുള്ള ഉൽപ്പാദനച്ചെലവ് കുറഞ്ഞ കേന്ദ്രങ്ങളിൽനിന്ന് സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ അവർ ഇന്ത്യയിൽ എത്തിക്കും. ഇത്തരത്തിൽ വിപണി കീഴടക്കിയശേഷമാണ് അവർ തനിനിറം കാട്ടുക.

# നാലുവർഷത്തെ മോഡി ഭരണത്തിലെ തൊഴിൽ പരിഷ്കാരങ്ങൾ

ജെ എസ് മജുംദാർ




**കോർപറേറ്റ് അനുകൂല 'തൊഴിൽ പരിഷ്കാര'ങ്ങളാണ് മോഡി സർക്കാർ കഴിഞ്ഞ നാലുവർഷത്തിനിടെ നടപ്പാക്കിയത്. 2018 മാർച്ചിൽ എല്ലാ മേഖലയിലും സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതിന് 'നിശ്ചിത കാലത്തേക്കുള്ള തൊഴിൽ' സമ്പ്രദായം നടപ്പാക്കുന്നതിന് വേണ്ടി ഇന്റസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിങ് ഓർഡർ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചതാണ് തൊഴിലാളികൾക്കുനേരെ നടത്തിയ മോദി ഗവൺമെന്റിന്റെ ഏറ്റവും വലിയ കടന്നാക്രമണം.**

മോഡി നയിച്ച ബിജെപി സർക്കാർ കഴിഞ്ഞ നാലുവർഷത്തിനിടെ കോർപറേറ്റ് അനുകൂല 'തൊഴിൽ പരിഷ്കാര'ങ്ങളാണ് കൊണ്ടുവന്നത്. നവലിബറൽ ചട്ടക്കൂടിൽ രൂപ കൽപ്പന ചെയ്ത ഈ പരിഷ്കാരങ്ങളിൽ പലതും ഉടൻ പ്രാബല്യത്തിൽ വന്നതും മറ്റു ചിലത് ബിജെപിയുടെ 'നവ ഇന്ത്യ 2022' പ്രചാരണത്തിന്റെ ഭാഗമായി 2019 ലോക്സഭാ തെരഞ്ഞെടുപ്പിനു ശേഷം ആവിഷ്കരിക്കാൻ ലക്ഷ്യമിടുന്നവയുമാണ്.

ബിജെപിയ നവലിബറൽ തൊഴിൽ പരിഷ്കാരങ്ങൾ 'ബിസിനസ് ആയാസ രഹിത'മാക്കാൻ വേണ്ടിയുള്ളതാണെന്ന് 2016ലെ ഫാക്ടറീസ് ഭേദഗതി ബില്ലിന്റെ ലക്ഷ്യങ്ങളിലും കാരണങ്ങളിലും വ്യക്തമായി പറയുന്നു. "ഉൽപ്പന്ന നിർമാണ മേഖലയെ ശക്തിപ്പെടുത്താനും ബിസിനസ് ആയാസരഹിതമാക്കാനുമുള്ള കാഴ്ചപ്പാടോടു കൂടിയത്" എന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്.

അധികാരമേറിയതിന് തൊട്ടുപിന്നാലെ മോഡി സർക്കാർ ചെയ്തത് നിലവിലുള്ള 44 തൊഴിൽനിയമങ്ങൾ നവലിബറൽ ചട്ടക്കൂടിന് ഉചിതമായി നാലു കോഡുകളിലാക്കി ലയിപ്പിക്കുക എന്നതായിരുന്നു? എന്നാൽ ഈ കോഡുകളിൽ ഒന്നുപോലും ബിജെപി ഭരിച്ച നാലുവർഷത്തിനിടെ പാർലമെന്റിൽ പാസാക്കിയെടുകാനായില്ല. തൊഴിൽ സംബന്ധമായ നിലവിലുള്ള നിയമങ്ങളായ മിനിമം വേജസ് ആക്ട്, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, ഈക്വൽ റെമ്യൂണറേഷൻ ആക്ട്, ബോണസ് ആക്ട് എന്നിവയ്ക്ക് പകരമുള്ള തൊഴിൽ ബിൽ മാത്രമേ പാർലമെന്റിൽ അവതരിപ്പിക്കാനായുള്ളൂ. 2017 ആഗസ്തിലായിരുന്നു ഇത്. വ്യവസായ ബന്ധം സംബന്ധിച്ച കോഡ് സംബന്ധിച്ച കരട് ബിൽ സജ്ജമായിട്ടുണ്ട്. സാമൂഹിക സുരക്ഷ സംബന്ധിച്ച ലേബർ കോഡ്, തൊഴിൽസംബന്ധിയായി സുരക്ഷയും ആരോഗ്യവും തൊഴിൽ സാഹചര്യവും സംബന്ധിച്ച കോഡ് എന്നിവയുടെ കരടിന് രൂപം നൽകുന്ന വിവിധ ഘട്ടങ്ങളിലാണിപ്പോൾ. 2019ലെ പൊതുതെരഞ്ഞെടുപ്പ് ശേഷം ചേരുന്ന പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കാനായാണ് ഇത് കരുതിവയ്ക്കുന്നത് എന്നാണ് അറിയുന്നത്.

ഈ കോഡുകൾക്ക് പാർലമെന്റ് അംഗീകാരം നൽകുന്നതിനൊന്നും കാത്തു നിൽക്കാതെ മൂ

ന്നു സുപ്രധാന മേഖലകളിൽ തൊഴിലാളികൾക്കു നേരെ കടന്നാക്രമണം അഴിച്ചുവിടുന്നതിൽ മുഴുകിയിരിക്കയാണ് മോഡി സർക്കാർ. വ്യവസായികൾക്കു വേണ്ടി 'ബിസിനസ് ആയാസരഹിത'മാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് തൊഴിൽ നിയമങ്ങൾ ഭേദഗതി വരുത്തണമെന്ന് സംസ്ഥാന സർക്കാരുകൾക്ക് ഇതുവഴി സന്ദേശം നൽകിക്കഴിഞ്ഞു മോഡി സർക്കാർ.

ഫാക്ടറി നിയമത്തിലെ ഭേഗഗതികളിലൂടെ തൊഴിലാളികൾക്കുമേലുള്ള കടന്നാക്രമണമാണ് ഇതിൽ പ്രധാനം. 2014ൽ കൊണ്ടു വന്ന ആദ്യ ഭേദഗതി 'ഫാക്ടറി' എന്ന് വിളിക്കാവുന്ന വ്യവസായ യൂണിറ്റുകൾക്ക് ആവശ്യമായ കുറഞ്ഞ തൊഴിലാളികളുടെ എണ്ണം ഇരട്ടിയാക്കുക എന്നതായിരുന്നു. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ പത്തിൽനിന്ന് ഇരുപതായും വൈദ്യുതി ഉപയോഗിക്കാതെ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ ഇരുപതിൽനിന്ന് നാൽപ്പതാക്കുകയും ചെയ്തു. രജിസ്റ്റർ ചെയ്ത ഫാക്ടറികളിൽ 70 ശതമാനവും ഫാക്ടറി നിയമത്തിന്റെ പരിധിയിൽ നിന്ന് പുറത്തായി എന്നതാണ് ഈ ഭേദഗതിയുടെ ആദ്യ ആഘാതം. ഇതോടെ ബാക്കിയുള്ള തൊഴിലാളികൾ തൊഴിലുടമയുടെ കാരുണ്യത്തിൽ കഴിയേണ്ടിയും വരും.

2015ൽ കൊണ്ടുവന്ന മറ്റൊരു ഭേദഗതിയിലൂടെ ഫാക്ടറി ഉടമകൾക്ക് രാത്രിയും സ്ത്രീതൊഴിലാളികളെ കുറഞ്ഞ വേതനത്തിന് താൽക്കാലികമായി തൊഴിലെടുപ്പിക്കാൻ അധികാരം നൽകുന്നു. 2016ൽ കൊണ്ടുവന്ന ഭേദഗതിയാകട്ടെ ഒരു പാദത്തിൽ ഓവർടൈം എടുക്കാവുന്ന മണിക്കൂറുകളുടെ എണ്ണം 50ൽനിന്ന് 100ലേക്കും തൊഴിൽഭാരമുള്ളപ്പോൾ 115 മണിക്കൂറും പൊതു താൽപര്യം മുൻനിർത്തി 125ഉം മണിക്കൂറാക്കി ഉയർത്തി. ഒരു പാദത്തിൽ പൊതുതാൽപര്യം മുൻനിർത്തി തൊഴിലാളികളെ 125 മണിക്കൂർ വരെ ഓവർടൈം എടുപ്പിക്കാൻ തൊഴിലുടമകൾക്ക് സർക്കാർ അനുവാദം നൽകിയിരിക്കയാണ്!

തൊഴിലാളികൾക്കു മേലുള്ള രണ്ടാമത്തെ കടന്നാക്രമണം നാഷണൽ എംപ്ലോയബിലിറ്റി എൻഹാൻസ്സ്മെന്റ് മിഷൻ(നീം) എന്ന പദ്ധതിയുടെ ഭാഗമായി സ്ഥിരം തൊഴിലാളികൾക്കു പകരം ട്രെയിനികളെ നിയമിക്കാനുള്ള സ്വാതന്ത്ര്യം അനുവദിക്കലാണ്.

യുപിഎ സർക്കാരിന്റെ അവസാനകാലത്ത് മൻമോഹൻസിങ് സർക്കാർ കൊണ്ടുവന്ന 2013ലെ നീം റെഗുലേഷന് പകരമാണ് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (നാഷണൽ എംപ്ലോയബിലിറ്റി എൻഹാൻസ്സ്മെന്റ് മിഷൻ) റെഗുലേഷൻസ് 2017 നടപ്പാക്കിയത്. നിയമപരമായ ഒരു ആനുകൂല്യമോ ഇൻക്രിമെന്റോ ഇല്ലാതെ ഒരു നിശ്ചിത കുറഞ്ഞ വേതനം നൽകി മൂന്നുവർഷത്തെ 'പരിശീലന'ത്തിന് വ്യവസ്ഥ നൽകുന്നതാണ് നീം റെഗുലേഷൻ 2017. ഉത്തർപ്രദേശിലെ നോയ്ഡയിൽ പ്രവർത്തിക്കുന്ന ഓട്ടോമൊബൈൽ പാർട്സ് നിർമിക്കുന്ന ജാപ്പനീസ് കമ്പനി എക്സെഡിയിൽ മൊത്തം 450 തൊഴിലാളികളാണുള്ളത്. അതിൽ 400 പേരും നീം പദ്ധതി പ്രകാരം 'പരിശീലനം' നടത്തുന്ന ട്രെയിനികളാണ്. പല ഘട്ടങ്ങളിലായി കമ്പനി സ്ഥിരം തൊഴിലാളികളെ ഒഴിവാക്കി. തമിഴ്നാട്ടിലും പുതുച്ചേരിയിലുമായി ചെംപ്ലാസ്റ്റ് എന്ന കമ്പനിക്ക് നിരവധി ഫാക്ടറികളുണ്ട്. ചെംപ്ലാസ്റ്റിന്റെ മേട്ടൂരിലെ ഫാക്ടറിയിലെ തൊഴിലാളികൾ നേതാക്കളെ വേട്ടയാടുന്നതിൽ പ്രതിഷേധിച്ച് ഏഴു ദിവസത്തെ സമരമാണ് നടത്തിയത്. ഇതു വൻവിജയവുമായി. സ്ഥിരം തൊഴിലാളികൾക്ക് നിർബന്ധിത വിആർഎസ് നൽകി ഒഴിവാക്കി പകരം നീം ട്രെയിനികളെ മാനേജ്മെന്റ് നിയോഗിച്ചപ്പോഴാണ് തൊഴിലാളികൾ സമരം തുടങ്ങിയത്. സ്ഥിരം തൊഴിലാളികളെയും കരാർതൊഴിലാളികളെയും പുറത്താക്കാനായി നീം റെഗുലേഷൻ ദുരുപയോഗിക്കുന്നതിന് ഉദാഹരണങ്ങൾ നിരവധിയുണ്ട്.

2018 മാർച്ചിൽ എല്ലാ മേഖലയിലും സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതിന് 'നിശ്ചിത കാലത്തേക്കുള്ള തൊഴിൽ' സമ്പ്രദായം നടപ്പാക്കുന്നതിന് വേണ്ടി ഇന്റസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിങ് ഓർഡർ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചതാണ് തൊഴിലാളികൾക്കുനേരെ നടത്തിയ മൂന്നാമത്തെ കടന്നാക്രമണം. സ്ഥിരം തൊഴിലാളികൾക്കു ലഭിക്കുന്ന നിയമപരമായ എല്ലാ ആനുകൂല്യങ്ങളും നിശ്ചിത കാലതൊഴിൽ ചെയ്യുന്നവർക്ക് ലഭിക്കുമെന്ന തരത്തിൽ മിഥ്യാധാരണ പരത്താനും കേന്ദ്രസർക്കാരിൽ നിന്ന് ശ്രമമുണ്ടായി. നിശ്ചിത കാല തൊഴിലിനെതിരെ കേരളത്തിലെ തൊഴിലാളികൾ കഴിഞ്ഞ ഏപ്രിൽ 2ന് സംസ്ഥാന വ്യാപകമായി പണിമുടക്ക് നടത്തിയിരുന്നു.

നിശ്ചിതകാലയളവ് തൊഴിലിന്റെ കാലപരിധി അതത് തൊഴിലുടമകൾക്ക് നിശ്ചയിക്കാം. എന്നാൽ സർക്കാരുകൾ നൽകുന്ന സൂചന സുവ്യക്തമാണ്. നിശ്ചിതകാലം തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളിയുടെ പിഎഫിൽ ഉടമ നൽകുന്ന വിഹിതം തുടർച്ചയായ മൂന്നുവർഷം കേന്ദ്രസർക്കാർ വഹിക്കുമെന്നാണ് കഴിഞ്ഞ ബജറ്റ് സമ്മേളനത്തിൽ ധനമന്ത്രി അരുൺ ജെയ്റ്റ്ലി വ്യക്തമാക്കിയത്. 'നിശ്ചിതകാല തൊഴിൽ' മൂന്നു വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുമെന്നും ഈ തൊഴിലാളികൾക്കു പകരം പുതിയ തൊഴിലാളികളെ നിയമിക്കാമെന്നുമാണ് ഇൻസന്റീവ് പ്രഖ്യാപനത്തിലൂടെ സർക്കാർ വ്യക്തമാക്കിയത്. തൊഴിലവസരം വർധിക്കുമെന്ന് മിഥ്യാധാരണ സൃഷ്ടിക്കാൻ കൂടി വേണ്ടിയാണിത്. നിശ്ചിത തൊഴിലിന്റെ കാലപരിധി അവസാനിക്കുന്നതോടെ കുന്നുകൂടുന്ന തൊഴിൽരഹിതരുടെ എണ്ണം എത്രയാകുമെന്ന കാര്യവും ഇവിടെ അവഗണിക്കപ്പെട്ടിരിക്കയാണ്. ■



പി. നന്ദകുമാർ

## കുറിപ്പുകൾ

# മുൻ രാഷ്ട്രപതി ഡോ. പ്രണബ് മുഖർജിയുടെ ആർഎസ്എസ് ആസ്ഥാന സന്ദർശനം

മുൻ രാഷ്ട്രപതി ഡോ. പ്രണബ് മുഖർജി നാഗ്പൂരിലെ ആർഎസ്എസിന്റെ ആസ്ഥാനത്ത് ജൂൺ 7 ന് നടത്തിയ പ്രസംഗവും ആർഎസ്എസ് നേതാവ് അവിടെ പറഞ്ഞ കാര്യങ്ങളും ഒന്നു തന്നെയാണെന്നാണ് ആർഎസ്എസിന്റെ ജിഹ്വകളായ പാഞ്ചജന്യവും ഓർഗനൈസറും പറയുന്നത്. ആർഎസ്എസിന്റെ ആസ്ഥാനം പ്രണബ് മുഖർജി സന്ദർശിച്ചത് ഒരു ചരിത്ര മുഹൂർത്തമെന്നാണ് പാഞ്ചജന്യം വിശേഷിപ്പിക്കുന്നത്. പാഞ്ചജന്യത്തിന്റെ വാക്കുകൾ കടമെടുത്താൽ "Exactly what the RSS has been promoting for years and it is what the hindu relegion too symbolysis" മുഖർജിയും ആർഎസ്എസ് നേതാവും പറഞ്ഞത് ഇതു തന്നെയാണത്രേ. മുഖർജിയുടെ സന്ദർശനം ഹിന്ദുത്വമുയർത്തിപ്പിടിക്കുന്ന ബഹുസ്വരതയുടെ ധർമമാണത്രേ. എന്നാൽ ക്രിസ്ത്യൻ മുസ്ലീം മതങ്ങൾ വിശ്വസിക്കുന്നത് അവർ മാത്രമാണ് സത്യമാണെന്നാണ്. "മുഖർജിയുടെ പ്രസംഗത്തിൽ ഒരു കോൺഗ്രസുകാരനാണെന്ന നിലക്കുള്ള പരിമിതി ഒട്ടേറെയുണ്ട്. എന്നാൽ മുഖർജിയുടെ സന്ദർശനത്തോടെ ബുദ്ധി ജീവികളുടെ ആർഎസ്എസിനോടുള്ള തൊട്ടുകൂടായ്മ അവസാനിച്ചു എന്നാണ് പാഞ്ചജന്യം പറയുന്നത്. മുഖർജിയെപ്പോലെ സമുന്നതനായ ഒരു കോൺഗ്രസ് നേതാവിനെ പങ്കെടുപ്പിക്കാൻ ധൈര്യവും കഴിവും പ്രകടിപ്പിച്ച ആർഎസ്എസ് നേതൃത്വം അഭിനന്ദനാർഹമായ പ്രകടനമാണ് കാഴ്ചവച്ചതത്രേ. പ്രത്യേകിച്ച് ഇന്നത്തെ സാഹചര്യത്തിൽ അതിന് കൂടുതൽ പ്രാധാന്യവുമുണ്ട്.

മുഖർജി തന്റെ പ്രസംഗത്തിൽ അക്രമത്തെയും അസഹിഷ്ണുതയെയും പറ്റി പറഞ്ഞത് സമൂഹത്തിൽ ഭീകര പ്രവർത്തനവും നക്സലിസവും, രാഷ്ട്രവിരുദ്ധ പ്രവർത്തനവും നടത്തുന്നവരെപറ്റിയാണെന്നാണ് ലേഖനത്തിൽ പറയുന്നത്. മുഖർജിയുടെ പ്രസംഗത്തിൽ നമ്മുടെ പ്രാചീനകാല മൂല്യങ്ങൾ ദേശീയത തുടങ്ങിയ മറ്റു വിഷയങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രസംഗത്തിന്റെ ഉപസംഹാരത്തിൽ ചൂണ്ടിക്കാണിച്ച 'വേദമന്ത്രം' കോൺഗ്രസിനെയും ഇസ്ലാമിസത്തെയും പുറംതള്ളലാണത്രേ. ഈ കാഴ്ചപ്പാടിൽ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സന്തോഷത്തിന്റെയും



സന്ദേശവാഹകരാകാൻ ആർഎസ്എസ് ഭടന്മാരോട് ആഹ്വാനം ചെയ്തുകൊണ്ടാണ് മുഖർജി പ്രസംഗം അവസാനിപ്പിച്ചത്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. മുഖർജിയെ കൊണ്ടുവന്ന് മുഖ്യാതിഥിയാക്കുന്നതുകൊണ്ട് എന്താണ് ആർഎസ്എസ് ഉദ്ദേശിച്ചത് അത് നടന്നുവെന്നതാണ്. ബാബറി മസ്ജിദിന്റെ വിഷയത്തിൽ ശിലാന്യാസത്തിന് കൂട്ടുനിന്നതു മുതൽ അത് പൊളിക്കുന്നതിന് സൗകര്യം ചെയ്തു കൊടുത്തതു വരെയുള്ള കാര്യങ്ങൾ ആർഎസ്എസിന് ഒരുക്കിക്കൊടുത്തത് കോൺഗ്രസ് ഗവണ്മെന്റുകളായിരുന്നുവല്ലോ. നരസിംഹറാവു ഗവണ്മെന്റിൽ വാണിജ്യകാര്യമന്ത്രിയായിരുന്നുവല്ലോ പ്രണബ്മുഖർജി.

പാഞ്ചജന്യവും ഓർഗനൈസറും മാത്രമല്ല ജന്മഭൂമിയും പ്രണാബിന് നല്ല സർട്ടിഫിക്കറ്റാണ് നൽകിയിട്ടുള്ളത്. പ്രണാബിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ജന്മഭൂമിയിൽ വന്ന ലേഖനത്തിൽ പറഞ്ഞത് "സാമ്പത്തിക വളർച്ചയുടെ സൂചകങ്ങൾ നോക്കിയാൽ നാം നല്ല സ്ഥിതിയിലാണ്. ........... ജന്മ ഭൂമി തുടരുന്നു ''മോദി ഭരണത്തിന് ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ നൽകിയ നല്ല സർട്ടിഫിക്കറ്റാണിത്. അതിനപ്പുറം ആർഎസ്എസ് പ്രതിനിധാനം ചെയ്യുന്ന ദർശനത്തിന്റെ ശരിവയ്ക്കലും ഞാനും ആ പാതയിലാണ് എന്ന പ്രഖ്യാപനവും". ഇതിലും വലിയ ഒരു സർട്ടിഫിക്കറ്റ് നൽകാൻ കഴിയുമോ.

ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. കോൺഗ്രസ് നേതാക്കൾക്കും ആർഎസ്എസിനുമിടയിലുള്ള ദൂരം കുറഞ്ഞുവരുന്നു എന്നതാണത്. അതുകൊണ്ടുതന്നെയാണ് ആർഎസ്എസിന്റെ സ്ഥാപകനായ ഡോ. ഹെഡ്ഗേവാർ ഭാരതത്തിന്റെ മഹാനായ പുത്രനെന്ന് സന്ദർശക പുസ്തകത്തിൽ ഡോ. പ്രണബ് മുഖർജി കുറിച്ചിട്ടത്.

# മാൻസസോർ സമരത്തിന്റെ ഒന്നാം വാർഷികം

ഇന്ത്യ ഇന്നും കാർഷിക പ്രാധാന്യമുള്ള രാജ്യം തന്നെയാണ്. 53% ൽ അധികം വരുന്ന ജനത കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. ജിഡിപി യുടെ ഏകദേശം 16% കാർഷികമേഖലയിൽ നിന്നാണ്. എന്നാൽ കൃഷി ഉപജീവനമായി കഴി യുന്നവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോ കാൻ കഴിയാത്ത ദുസ്സഹാവസ്ഥയിലാണ്. ഉൽപാദനച്ചെലവിൽ വന്ന വർധനവും വിലത്ത കർച്ചയും കാരണം കൃഷിക്കാർ കൃഷി ഉപേക്ഷി ക്കുന്ന സാഹചര്യമാണുള്ളത്. മോദി സർക്കാ രിന്റെ കോർപറേറ്റ് കൃഷിസമ്പ്രദായം ശക്തിപ്പെ ട്ടപ്പോൾ ഉള്ള ഭൂമി പോലും നഷ്ടപ്പെടുന്ന അവ സ്ഥ. കൃഷിക്കാർ കടബാധ്യത താങ്ങാൻ കഴി യാതെ ആത്മഹത്യയെ ശരണം പ്രാപിക്കുകയാ ണ്. ദിവസം 30-35 കൃഷിക്കാരാണ് ആത്മഹത്യ ചെയ്യുന്നത്. നാഷണൽ ക്രൈം ബ്യൂറോ കണ ക്കുപ്രകാരം 1995-2005 പത്തുവർഷത്തെ കാലയ ളവിൽ 65000 കൃഷിക്കാർ മഹാരാഷ്ട്രയിൽ മാത്രം ആത്മഹത്യ ചെയ്യുകയുണ്ടായി. മൂന്നുല ക്ഷത്തിലധികം കൃഷിക്കാർ ഇക്കാലയളവിൽ ഇന്ത്യയാകെ ആത്മഹത്യ ചെയ്തു എന്നാണ് റിപ്പോർട്ട്. പുതിയ കണക്ക് ക്രൈം ബ്യൂറോ പുറത്തുവിട്ടി ട്ടില്ല. വാഗ്ദാനങ്ങൾ മാത്രം നൽകി കൃഷി ക്കാരെ വഞ്ചിക്കുന്ന നയമാണ് കേന്ദ്ര ഭര ണാധികാരികൾ എടു ത്തുകൊണ്ടിരിക്കുന്ന ത്.



**മാൻസസോർ സംഭവം - 2017 മേയ് 6**

വിലത്തകർച്ച മൂർധന്യത്തിൽ എത്തിയ വർഷമാ യിരുന്നു 2017. ഭക്ഷ്യധാന്യങ്ങൾക്കും പയറു വർഗങ്ങൾക്കും ന്യായമായ വില കിട്ടാതെയായി. മറ്റു മാർഗം ഇല്ലാത്തതിനാൽ കൃഷിക്കാർ പ്രക്ഷോഭത്തിലേക്കിറങ്ങി. പ്രക്ഷോഭം പ്രധാന മായും ഉയർന്നുവന്നത് ബിജെപിയുടെ സ്വാധീന മേഖലകളിൽ തന്നെയായിരുന്നു. അതിൽ ഒരു പ്രധാന കേന്ദ്രമായിരുന്ന മധ്യപ്രദേശ് സംസ്ഥാ നത്തിലെ മാൽവ-നിമാൻ പ്രദേശങ്ങൾ. ഇന്ത്യ യുടെ ഈ ഹൃദയഭൂമി ഫലഭൂയിഷ്ഠമായ പ്രദേ ശമാണ്. നല്ല വിള ലഭിക്കുന്ന പ്രദേശം. ഈ മേഖലയിലെ പ്രധാന ജില്ലയാണ് മാൻസസോർ. 13 ലക്ഷത്തിലധികം ജനസംഖ്യയിൽ 90 ശതമാ നവും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടു കഴിയുന്നവരാണ്. ലോകത്തിലെതന്നെ കറുപ്പ് (ഒപ്പിയം) ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രദേശമാണി ത്. പ്രധാന കാർഷിക വിളകളായ പയർ വർഗ ങ്ങൾക്ക് വൻവിലയിടിവാണ് ഉണ്ടായത്. കട ലയ്ക്ക് ക്വിന്റലിന് 6000 രൂപ ഉണ്ടായിരുന്നത് 3000 രൂപയായി. കടുക് ക്വിന്റലിന് 300 രൂപയുടെ ഇടിവുണ്ടായി. ജീരകത്തിനാണ് വലിയ കുറവ് വന്നത്. മുമ്പ് ഏഴായിരം രൂപ വരെ കിട്ടിയിരു ന്നത് 2300 രൂപയായി. കസ്കസിനും (പോപ്പി സീഡ്) വലിയ വിലത്തകർച്ച വന്നു. ഈ സാഹ ചര്യത്തിലാണ് മാൻസസോറിലെ കൃഷിക്കാർ പ്രക്ഷോഭത്തിനിറങ്ങിയത്. പോലീസിനെ കയ റൂരിവിട്ട് ഭീകരമർദനങ്ങളാണ് ബിജെപിയുടെ ശിവരാജ്സിങ് ചൗഹാൻ ഗവൺമെന്റ് അഴിച്ചു വിട്ടത്. പോലീസ് വെടിവയ്പ്പിൽ ആറുപേർ മര ണപ്പെട്ടു. മാൻസസോർ പാർലമെന്റ് മണ്ഡല ത്തിൽപ്പെട്ട എട്ട് അസംബ്ലി മണ്ഡലത്തിൽ ഏഴിലും ബിജെപിയാണ് ജയിച്ചത്. ഒന്നിൽ കോൺഗ്രസും. ബിജെപിയുടെയും ആർഎസ്എ സിന്റെയും ശക്തികേന്ദ്രം. 2017 സമരത്തിന്റെ ഒന്നാംവാർഷിക ദിനമായ 2018 മേയ് ആറിന് വൻകർഷക പ്രതിഷേധമാണ് ഈ പ്രദേശങ്ങ ളിൽ നടന്നത്. അഖിലേന്ത്യാ കിസാൻസഭയുടെ നേതൃത്വത്തിലുള്ള കൃഷിക്കാരുടെ കൂട്ടായ്മ. കോൺഗ്രസ് സംഘടിപ്പിച്ച രാഷ്ട്രീയറാലി. പട്ടേൽ വിഭാഗത്തിന്റെ കിസാൻ ക്രാന്തി സേനയുടെ ആഭിമുഖ്യ ത്തിലും (വെടിവയ്പ്പിൽ മരിച്ച ആറ് കൃഷിക്കാരിൽ നാലുപേരും പട്ടേൽ ജാതിക്കാരായിരുന്നു) വെവ്വേറെ പരിപാടികൾ നടക്കു കയുണ്ടായി. വാഗ്ദാനങ്ങള ല്ലാതെ കൃഷിക്കാർക്ക് ആനുകൂ ല്യങ്ങൾ നൽകാൻ ഇപ്പോഴും ഭര ണാധികാരികൾ തയ്യാറാവുന്നി ല്ല. 2022-ൽ കൃഷിക്കാർക്ക് ഇന്ന് ലഭിക്കുന്നതിന്റെ ഇരട്ടി വില കാർഷികവിള കൾക്ക് നൽകുമെന്നാണ് മോദി സർക്കാർ വാഗ്ദാനം നൽകുന്നത്. (2019ലാണല്ലോ തെര ഞ്ഞെടുപ്പ്). കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായ വില - ഉൽപ്പാദനച്ചെലവിന് പുറമെ അതിന്റെ പകുതിയും ചേർത്ത് 150 ശതമാനം ന്യായവില നിശ്ചയിച്ചുകിട്ടണം, കാർഷിക കടങ്ങൾ എഴുതി ത്തള്ളുക, എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക, വനാവകാശ നിയമം കർശനമായി നടപ്പിലാക്കുക തുടങ്ങിയ ആവശ്യ ങ്ങൾ ഉന്നയിച്ച് കൃഷിക്കാർ പ്രക്ഷോഭരംഗത്താ ണ്. കൃഷിക്കാരുടെ യോജിച്ച പ്രക്ഷോഭമാണ് ഉയർന്നുവരേണ്ടത്. ഒറ്റപ്പെട്ട സമരങ്ങൾ മോദി സർക്കാരിന്റെ നയങ്ങൾ തിരുത്തിക്കുന്നതിനുള്ള പോരാട്ടത്തിന്റെ ശക്തി കുറയ്ക്കുകയേ ഉള്ളൂ. ഈ തിരിച്ചറിവ് കാർഷികമേഖലയിലെ പല സംഘടനകൾക്കും ഇല്ല. യോജിച്ചതും ശക്തവു മായ പോരാട്ടം അതാണ് മാൻസസോർ സമരം നമ്മെ ഓർമ്മപ്പെടുത്തുന്നത്. ■

# കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് പ്രവർത്തനങ്ങൾ



ഇന്ത്യയിലെ ആകെ തൊഴിലാളികളിൽ 93 ശതമാനവും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ്. 45 കോടിയിലേറെ വരുന്ന തൊഴിലാളികൾക്ക് നിയമപരമായ ഒരു പരിരക്ഷയും ഇല്ലാത്തവരാണ്. അവരെ സംരക്ഷിക്കണമെന്ന ആവശ്യം ഉന്നയിച്ച് ദേശീയ തലത്തിൽ നിരവധി പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് 2004-ൽ അധികാരത്തിൽ വന്ന യുപിഎ ഗവൺമെന്റിന് ഇടതുപക്ഷം പിന്തുണ നൽകാനുള്ള ചർച്ച നടന്നപ്പോൾ ഉന്നയിക്കപ്പെട്ട പ്രധാന ആവശ്യമാണ് ഇന്ത്യയിലെ അസംഘടിത തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഒരു സാമൂഹ്യ സുരക്ഷാപദ്ധതി കൊണ്ടുവരണമെന്നത്. ഭൂരിപക്ഷം ഇല്ലാതെ വന്ന യുപിഎ മുന്നണി ആ ആവശ്യം അംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഇടതുപക്ഷം പ്രസ്തുത ഗവൺമെന്റിന് പിന്തുണ നൽകിയത്. യുപിഎ സർക്കാർ ഇന്ത്യയിലെ അസംഘടിത തൊഴിലാളികൾക്ക് വേണ്ട സാമൂഹ്യസുരക്ഷാ പദ്ധതിക്ക് രൂപംകൊടുത്ത് ആയത് അംഗീകരിച്ചു. പക്ഷേ ഉദ്ദേശിക്കുന്ന രീതിയിലായിരുന്നില്ല പ്രസ്തുത പദ്ധതി. മാത്രമല്ല നടപ്പിൽവരുന്നതിനു വേണ്ടി ആവശ്യമായ സംഖ്യ പോലും ഗവൺമെന്റ് നീക്കിവച്ചിരുന്നില്ല. പരിമിതമായ ആനുകൂല്യങ്ങൾ മാത്രമാണ് ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയത്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമായത്ര ഫണ്ട് അനുവദിച്ചിരുന്നുമില്ല.



**കെ.പി. സഹദേവൻ**

**സംസ്ഥാനത്ത് അസംഘടിതമേഖലക്കകത്ത് ജോലി ചെയ്യുന്ന പല വിഭാഗങ്ങൾക്ക് വ്യത്യസ്ത ക്ഷേമ നിധി ബോർഡുകൾ നിലവിലുണ്ട്. കൈത്തൊഴിലാളികൾക്കും മറ്റു വിദഗ്ധ തൊഴിലാളികൾക്കും വേണ്ടി 1986-ൽ രൂപീകരിച്ചതാണ് കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി. ഈ ക്ഷേമപദ്ധതിയിൽ, ഒരു പദ്ധതിയിലും അംഗമാകാൻ സാധിക്കാത്ത 18 വയസിനും 50 വയസിനും മധ്യേ പ്രായമുള്ള തൊഴിലാളികളെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ കീഴിൽ കൊണ്ടുവന്നിരിക്കുകയാണ്.**

ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച നിയമം സംസ്ഥാനത്തും നടപ്പിലാക്കേണ്ടതുണ്ട്. കഴിഞ്ഞ എൽഡിഎഫ് സർക്കാർ സംസ്ഥാനത്ത് അസംഘടിത തൊഴിലാളികൾക്കായി സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു. തൊഴിൽമന്ത്രി ചെയർമാനായി വ്യത്യസ്ത വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബോർഡാണ് നിയമമനുസരിച്ച് രൂപീകരിക്കേണ്ടത്. സംസ്ഥാനത്ത് ബോർഡ് രൂപീകരിച്ചു പ്രവർത്തനം നടത്തിയെങ്കിലും ഉദ്ദേശിച്ച ഫലം കണ്ടെത്താൻ കഴിഞ്ഞില്ല.

സംസ്ഥാനത്ത് അസംഘടിതമേഖലക്കകത്ത് ജോലി ചെയ്യുന്ന പല വിഭാഗങ്ങൾക്ക് വ്യത്യസ്ത ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. കൈത്തൊഴിലാളികൾക്കും മറ്റു വിദഗ്ധ തൊഴിലാളികൾക്കും വേണ്ടി 1986-ൽ രൂപീകരിച്ചതാണ് കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി. ഈ ക്ഷേമപദ്ധതിയിൽ, ഒരു പദ്ധതിയിലും അംഗമാകാൻ സാധിക്കാത്ത 18 വയ

## കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്ന തൊഴിൽ മേഖലകൾ

1. പനകയറ്റക്കാർ
2. പർപ്പടകം ഉണ്ടാക്കുന്നവർ
3. ഓട്, ചെമ്പ്, കളിമൺ പാത്ര നിർമാണ തൊഴിലാളികൾ
4. ചക്കുകളിൽ എണ്ണ ആട്ടുന്നവർ
5. ചെരുപ്പുകുത്തികൾ
6. റിക്ഷാ- സൈക്കിൾ റിക്ഷാ തൊഴിലാളികൾ
7. കാളവണ്ടിക്കാർ
8. പാത്രം, കാലി ചാക്ക് ശേഖരിക്കുന്നവർ
9. കേവ് വള്ളമൂന്നുകാർ
10. ആക്രി തൊഴിലാളികൾ
11. കക്ക വാരൽ തൊഴിലാളികൾ
12. ആനകയറ്റ തൊഴിലാളികൾ
13. വാച്ച്, സൈക്കിൾ തുടങ്ങിയവ റിപ്പയർ ചെയ്യുന്നവർ
14. കരകൗശല തൊഴിലാളികൾ
15. പാൽ, പത്രം മുതലായവ വിതരണം ചെയ്യുന്നവർ
16. കറവക്കാർ
17. ഇറച്ചിവെട്ടുകാർ
18. പവർലൂം തൊഴിലാളികൾ
19. ഹാന്റ് എംബ്രോയിഡറി വർക്സ് ചെയ്യുന്നവർ
20. ബൈക്ക് മെക്കാനിക്
21. ചെറുകിട കച്ചവടക്കാർ
22. വാട്ടർ കളർ, പോസ്റ്റർ കളർ എന്നിവ ഉപയോഗിച്ച് ചിത്രം വരക്കുന്നവർ
23. ചുവർ പരസ്യകല, വാണിജ്യ പരസ്യരംഗത്ത് പെയിന്റ് ചെയ്തും ചിത്രങ്ങൾ വരച്ചും അക്ഷരങ്ങൾ എഴുതിയും തുണിയിൽ ബാനർ എഴുതിയും ഉപജീവനം നടത്തുന്നവർ
24. ഗണക സമുദായത്തിലെ ഗണകൻ, കണിശൻ, കണിയാർ പണിക്കർ, കളരിക്കുറുപ്പ്, കളരിപ്പണിക്കർ എന്നിവരിൽ സമുദായത്തിന്റെ കുലത്തൊഴിലായ ജ്യോതിഷം കൈകാര്യം ചെയ്യുന്നവർ
25. കലയൻ സമുദായത്തിലെ തെയ്യംകെട്ട്, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം, പടയണി, തിറ തുടങ്ങിയ അനുഷ്ഠാനകലകളിൽ ഏർപ്പെട്ടിരിക്കുന്നവർ
26. മരം മുറിക്കൽ, വള്ളം നിർമാണം, തേൻ ശേഖരിക്കൽ എന്നീ മേഖലകളിൽ ജോലി നോക്കുന്ന തൊഴിലാളികൾ
27. ബസ് പാസഞ്ചേഴ്സ് ഗൈഡായി പ്രവർത്തിക്കുന്ന തൊഴിലാളികൾ
28. നിലത്തെഴുത്ത് ആശാന്മാർ- ആശാട്ടിമാർ
29. വിവിധ സ്റ്റോറുകളിൽ കണക്കെഴുതി ഉപജീവനം നടത്തുന്നവർ
30. ചാർട്ടേർഡ് അക്കൗണ്ടന്റുമാർ
31. സ്വകാര്യ ട്യൂഷൻ നടത്തുന്നവർ
32. ഹോം നഴ്സസ്
33. ബുക്ക് ബൈന്റിംഗ്
34. എസ്ടിഡി ബൂത്ത്
35. പുളി കച്ചവടം
36. തുണി കച്ചവടം
37. അരികച്ചവടം
38. കാർഷിക ഉൽപ്പന്നങ്ങളുടെ വിതരണം
39. പായ്ക്കിംഗ്, ക്ലീനിംഗ് തൊഴിലാളികൾ
40. മുട്ടകച്ചവടം
41. പഴം വിൽപനക്കാർ
42. കണ്ണട നന്നാക്കൽ
43. നൂൽ കച്ചവടം
44. ഹെൽത്ത് ഫുഡ് വിതരണം
45. പാത്ര കച്ചവടം
46. കുടുംബശ്രീ/ജനശ്രീ/സുദിഷ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ ചെയ്യുന്നവർ
47. തഴപ്പായ നെയ്ത്തു തൊഴിലാളികൾ
48. വഴിയോര കച്ചവടക്കാർ
49. വസ്തു വാഹന ഇടപാടുകളിൽ ഇടനിലക്കാരായി സ്വയം തൊഴിൽ ചെയ്യുന്നവർ, ലാന്റ് കമ്മീഷൻ ഏജന്റുമാർ
50. ഒരു തൊഴിലുടമയുടെയും കീഴിലല്ലാതെ സ്വയം തൊഴിൽ ചെയ്യുന്ന മൊബൈൽ ഫോൺ നന്നാക്കുന്നവർ
51. ബാന്റ് മേളം തൊഴിലാളികൾ
52. ചന്ദനതിരി, മെഴുകുതിരി നിർമാണ തൊഴിലാളികൾ
53. പൂക്കെട്ട്, കച്ചവടം
54. പേപ്പർ കവർ നിർമാണ തൊഴിലാളികൾ
55. മുത്തുമാലക്കെട്ട് തൊഴിലാളികൾ
56. ഫോട്ടോ ഫ്രെയിം തൊഴിലാളികൾ,
57. കുട നിർമാണം
58. കുടിൽ വ്യവസായം
59. പച്ചമരുന്നു ശേഖരണം/ ഔഷധ നിർമാണം
60. വൈദ്യം
61. സോപ്പ്/ സോപ്പുപൊടി നിർമാണ തൊഴിലാളികൾ
62. വസ്ത്രാലങ്കാരം
63. ഫാൻസി നിർമാണം
64. കൊന്ത നിർമാണം
65. പാവ നിർമാണം
66. കത്തി നിർമാണം
67. സോഡ ഉണ്ടാക്കൽ
68. കറി പൗഡർ നിർമാണം
69. പലഹാരം, അച്ചാർ മറ്റ് ആഹാര നിർമാണ തൊഴിലാളികൾ
70. ശീതള പാനീയം ഉണ്ടാക്കൽ
71. കർപ്പൂര നിർമാണം
72. ഹോളോബ്രിക്സ്
73. കൂൺകൃഷി
74. തേനീച്ച വളർത്തൽ
75. താറാവ് വളർത്തൽ
76. കൂലിപ്പണി
77. പ്ലാസ്റ്റിക് വരിച്ചിൽ
78. അപ്പോൾസ്ട്രി വർക്ക്
79. പൂന്തോട്ടപ്പണി
80. ഓലമെടച്ചിൽ
81. ഫർണിച്ചർ വർക്ക്
82. പാറതൊഴിലാളി
83. ചൂരൽ വരിച്ചിൽ
84. പുൽവെട്ട്
85. ഹെൽപ്പർ
86. ചെങ്കൽപ്പണി
87. പന്തൽപ്പണി
88. ചെമ്പ് പണി
89. ചില്ല് പണി
90. പമ്പിംഗ് മോട്ടോർ തൊഴിലാളികൾ
91. ഇരുമ്പു പണി
92. മരപ്പണി
93. റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ
94. ബാർബർ, അലക്കു തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, ക്ഷേത്ര ജീവനക്കാർ മറ്റ് യാതൊരു ക്ഷേമനിധിയിലും അംഗത്വം നേടിയിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾ.

## പുതുതായി ഉൾപ്പെടുത്തിയ തൊഴിൽ മേഖലകൾ

1. സ്കൂൾ നഴ്സസ്
2. പാലിയേറ്റീവ് നഴ്സസ്
3. വാട്ടർ അതോറിറ്റി കരാർ തൊഴിലാളികൾ
4. ക്ഷേമ ബോർഡുകളിലെ ദിവസ വേതനാടിസ്ഥാനത്തിലുള്ള ഡ്രൈവർമാർ
5. മറ്റു ക്ഷേമപദ്ധതികളിൽ ഉൾപ്പെടാത്ത ഡ്രൈവിംഗ് സ്കൂൾ തൊഴിലാളികൾ
6. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരല്ലാത്ത മാലിന്യ ശേഖരണ തൊഴിലാളികൾ
7. മരംവെട്ട് തൊഴിലാളികൾ
8. മറ്റു ക്ഷേമപദ്ധതികളിൽ ഉൾപ്പെടാത്ത ഫോട്ടോ/വീഡിയോഗ്രഫി- അനുബന്ധ തൊഴിലാളികൾ, ഫ്രീലാൻസ് ഫോട്ടോഗ്രാഫർമാർ
9. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലകളിലെ തൊഴിലാളികൾ
10. കാറ്ററിംഗ് തൊഴിലാളികൾ
11. ഉത്സവകാല കച്ചവടക്കാർ
12. സ്വകാര്യ ക്ഷേത്ര ജീവനക്കാർ
13. പാരമ്പര്യ വൈദ്യന്മാർ
14. പത്ര-ദൃശ്യ ഡിജിറ്റൽ മാധ്യമരംഗത്ത് പണിയെടുക്കുന്ന മറ്റു ക്ഷേമനിധികളിൽ അംഗങ്ങളല്ലാത്തവർ
15. വീടുകളിലും ഹാളുകളിലും മറ്റിടങ്ങളിലും പോയി പാചകം ചെയ്യുന്നവർ
16. ബിൽഡിംഗ് മെറ്റീരിയൽസ് എത്തിച്ചു കൊടുക്കുന്നവർ
17. ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരാത്ത വഴിയോരക്കച്ചവടക്കാർ
18. ഇൻഷുറൻസ് മേഖല

*കുറിപ്പ്: മേല്പ്പറഞ്ഞ തൊഴിൽ മേഖലകളിൽ നിന്നും കേരള ഷോപ്സ് & കമേഴ്സ്യൽ എക്സ്റ്റാബ്ലിഷ്മെന്റ് ക്ഷേമപദ്ധതിയിൽ ചേരുവാൻ കഴിയുന്നവർക്ക് ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതല്ല.*

സിനും 50 വയസിനും മധ്യേ പ്രായമുള്ള തൊഴിലാളികളായ പനകയറ്റക്കാർ, സ്വർണപ്പണിക്കാർ, പപ്പടമുണ്ടാക്കുന്നവർ, മൺപാത്രം ഉണ്ടാക്കുന്നവർ, ചക്കുകല്ലിൽ എണ്ണയാട്ടുന്നവർ, ഓട്, ചെമ്പ്, കളിമൺ പാത്ര നിർമാണ തൊഴിലാളികൾ, ചെരുപ്പുകുത്തികൾ, റിക്ഷാ- സൈക്കിൾറിക്ഷാ തൊഴിലാളികൾ, കാളവണ്ടിക്കാർ, പത്രം-കാലിച്ചാക്ക് ശേഖരിക്കുന്നവർ, കേവുവള്ളമൂന്നുകാർ, ബീഡി-സിഗാർ തൊഴിലാളികൾ, ആനകയറ്റ തൊഴിലാളികൾ, വാച്ച്, സൈക്കിൾ തുടങ്ങിയ റിപ്പയർ ചെയ്യുന്നവർ, കരകൗശല തൊഴിലാളികൾ, ആക്രി തൊഴിലാളികൾ, പാൽ, പത്രം തുടങ്ങിയവ വിതരണം ചെയ്യുന്നവർ, തേങ്ങ വെട്ടി ഉണക്കുന്നവർ, വർക്ക്ഷോപ്പ് തൊഴിലാളികൾ, മത്സ്യ സംസ്കരണത്തിനു വേണ്ടി ഐസ് നിർമ്മിക്കുന്നവർ, കറവക്കാർ, ഇറച്ചിവെട്ടുകാർ, മത്സ്യ തൊഴിലാളി ക്ഷേമപദ്ധതിയുടെ പരിധിയിൽ വരാത്തവർ, ഫോട്ടോഗ്രാഫർമാർ, പവർലൂം വർക്കേഴ്സ്, ചാർട്ടേഡ് അക്കൗണ്ടന്റുമാർ ഒഴികെയുള്ള കണക്കപ്പിള്ളമാർ/ടാക്സ് പ്രാക്ടീഷണേഴ്സ്, ടാക്സ് കൺസൾട്ടന്റ്സ്, വസ്തുവാഹന ഇടപാടുകളിൽ ഇടനിലക്കാരായവർ, കല്യാണ ബ്രോക്കർമാർ, കുടുംബശ്രീ, ജനശ്രീ, സുഭിക്ഷ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ ചെയ്യുന്നവർ, ക്യാൻവാസിൽ പെയിന്റ് ചെയ്ത് ചിത്രം വരക്കുന്നവർ, ചുവർ പരസ്യകല രംഗത്ത് ചുവർചിത്രം വരച്ചും അക്ഷരങ്ങൾ എഴുതിയും ബാനർ എഴുതിയും ജീവിതം നടത്തുന്നവർ, ജ്യോതിഷം തുടങ്ങിയ വിഭാഗം തൊഴിലാളികളാണ് കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ഈ വിഭാഗത്തെയാണ് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നത്.

കൂടാതെ കേരള ലേബർ വെൽഫയർ ബോർഡിന് കീഴിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് പദ്ധതികളായ കേരള അലക്കുതൊഴിലാളി ക്ഷേമനിധി, കേരള ബാർബർ-സോപ്പ് തൊഴിലാളിക്ഷേമ പദ്ധതി, കേരള ഗാർഹികതൊഴിലാളി ക്ഷേമപദ്ധതി എന്നീ പദ്ധതികളും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പരിധിയിൽ വരുന്നതിന് ഉദ്ദേശിക്കുന്നു. അതിനുപുറമെ പുതിയ വിഭാഗം തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിലുള്ള അംഗവും പുതുതായി അംഗത്വം നേടുന്ന ഓരോ അംഗവും അംശാദായമായി പ്രതിമാസം 50 രൂപ വച്ച് അടക്കേണ്ടതാണ്. തൊഴിലുടമ വിഹിതം 50 രൂപയാണ് അടക്കേണ്ടത്. ഇതു രണ്ടുകൂടിയാണ് നൂറുരൂപയാണ് നൽകേണ്ടത്. തൊഴിലാളികൾ നേരിട്ടോ രജിസ്റ്റേർഡ് യൂണിയനുകൾ മുഖേനയോ അംഗത്വത്തിൽ ചേരാവുന്നതാണ്. ■

# മേയ് 30, 31 ബാങ്ക് പണിമുടക്ക്

ബാങ്ക് ജീവനക്കാരുടെ സമരചരിത്രത്തിൽ ഒരു നൂതന അധ്യായം എഴുതിച്ചേർക്കുന്നതായിരുന്നു മെയ് 30,31 തിയ്യതികളിലെ 48 മണിക്കൂർ പണിമുടക്ക്. ജീവനക്കാർക്ക് ന്യായമായ ശമ്പളവർദ്ധനവ് നിഷേധിക്കുന്ന കേന്ദ്രസർക്കാർ, ഐ.ബി.എ. നിലപാടുകൾക്ക് എതിരായിട്ടായിരുന്നു പണിമുടക്ക് എങ്കിലും യഥാർത്ഥത്തിൽ ബാങ്കിംഗ് മേഖലയിൽ നടപ്പാക്കി വരുന്ന കോർപ്പറേറ്റ് അനുകൂല നിലപാടുകൾക്കെതിരായിരുന്നു പണിമുടക്ക്.

സാധാരണക്കാരുടെ സമ്പാദ്യം നിക്ഷേപമായി ബാങ്കിലെത്തിയാൽ ബാങ്ക് മുതലാളിമാർ അടിച്ചു മാറ്റുന്നതായിരന്നു പതിവ്. അതിൽ നിന്ന് പാവപ്പെട്ടവരെ രക്ഷിക്കാനാണ് പ്രധാനപ്പെട്ട ബാങ്കുകൾ ദേശസാൽക്കരിച്ചത്.

ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിച്ചു. തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഉദാരവൽക്കരണ നടപടി ആരംഭിച്ചപ്പോഴെ ലാഭകരമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ബാങ്കുകളെ ലക്ഷ്യമിട്ട പടിഞ്ഞാറൻ കുത്തകകൾ ഇവയുടെ സ്വകാര്യവൽക്കരണം നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. രാജ്യത്തിന്റേയും രാജ്യത്തെ ജനങ്ങളുടേയും താൽപര്യത്തിന് പകരം ദേശ-വിദേശ കുത്തകകളുടെ താൽപര്യത്തിനോട് വിധേയത്വം കാണിച്ച മാറി മാറി വന്ന കേന്ദ്രസർക്കാരുകൾ അതിനാവശ്യമായ നടപടികളാരംഭിച്ചു. ഓരോ ശമ്പളകരാറിലും കാണിച്ച നിഷേധാത്മകനയം മൂലം മറ്റ് മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ ജീവനക്കാരുടെ സേവനവേതന ആനുകൂല്യങ്ങളിൽ വലിയ ഇടിവ് വന്നു. ഇത്രയുമായിട്ടും ബാങ്കുകളിലുള്ള ജനവിശ്വാസം നഷ്ടപ്പെട്ടിട്ടില്ല എന്നതാണ് അനുഭവം.

ശമ്പളക്കരാർ ഒപ്പിടാത്തതിലുള്ള ആശങ്ക ഐ.ബി.എ. ക്ക് കത്തെഴുതി പലപ്രാവശ്യം ധനമന്ത്രാലയം രേഖപ്പെടുത്തി. പക്ഷെ, ഐ.ബി.എ. അവരുടെ ഒരു നിർദ്ദേശം വെച്ചത് മെയ് മാസത്തിൽ മാത്രമാണ്. അതും ശമ്പള ബില്ലിന്റെ കേവലം 2% മാത്രം വർദ്ധനവ്. ഇത് സർക്കാർ പദ്ധതികളാകെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ബാങ്ക് ജീവനക്കാരെ ആകെ ആക്ഷേപിക്കുന്നതിന് തുല്യമായിരുന്നു. സർക്കാരും ഐ.ബി.എ.യും ചെയ്യുന്ന ഇത്തരം ചെയ്തികളുടെ ഉത്തരവാദിത്തമാകെ യൂണിയൻ നേതാക്കളുടെ തലയിൽ കെട്ടിവെക്കാനും അവരെ ശത്രുക്കളായി കാണാനും ആവശ്യമായ ഒരു സാഹചര്യം ഭരണാനുകൂല സംഘടനകൾ കൊണ്ടുപിടിച്ചു നടത്തുന്നുണ്ട്. എങ്കിലും 48 മണിക്കൂർ പണിമുടക്കിലും പണിമുടക്കിന് മുമ്പായി നടത്തിയ പ്രചരണ പരിപാടികളിലും വർദ്ധിച്ച ആവേശത്തോടെയാണ് ബാങ്ക് ജീവനക്കാരും ഓഫീസർമാരും പങ്കെടുത്തത്.

ഇന്ത്യയിലെ ബാങ്കുകളിൽ 113 ലക്ഷം കോടി നിക്ഷേപമുള്ളതിൽ 88% സാധാരണക്കാരുടേതാണ്. 84 ലക്ഷം കോടി വായ്പയുള്ളതിൽ 84% വും വൻകിടക്കാരുടേതാണ്. വൻകിടവായ്പകൾ ശാഖകളിലല്ല അനുവദിക്കുന്നത്.

യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസിന്റെ ആഹ്വാനമനുസരിച്ച് 48 മണിക്കൂർ പണിമുടക്കും പ്രചരണ പരിപാടികളുടെ വിജയിപ്പിച്ച ജീവനക്കാരെയും ഓഫീസർമാരേയും വിശ്വാസത്തിലെടുത്ത് തുടർപ്രക്ഷോഭവുമായി മുന്നോട്ടു പോകാൻ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിന് കഴിയേണ്ടതുണ്ട്.

## ഇ. കാസിമിന്റെ നിര്യാണം തീരാനഷ്ടം



സിഐടിയു അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗവും, കാഷ്യൂ വർക്കേഴ്സ് സെന്റർ ജനറൽ സെക്രട്ടറിയുമായ ഇ കാസിമിന്റെ ആകസ്മിക നിര്യാണത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റ് അനുശോചനം രേഖപ്പെടുത്തി. കൊല്ലം ജില്ലയിലെ കശുവണ്ടി തൊഴിലാളികളെയും അസംഘടിത മേഖലയിലെ തൊഴിലാളികളെയും സംഘടിപ്പിച്ച് സിഐടിയുവിൽ അണിനിരത്തുന്നതിൽ നിർണായകമായ പങ്കു വഹിച്ച നേതാവായിരുന്നു ഇ കാസിം. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം, സിപിഐ(എം) സംസ്ഥാന കൺട്രോൾ കമ്മീഷൻ അംഗം, സിപിഐ(എം) കൊല്ലം ജില്ലാ സെക്രട്ടറിയേറ്റംഗം എന്നീ നിലകളിൽ പ്രവർത്തനരംഗത്ത് സജീവമായി നിൽക്കുന്നതിനിടയിലാണ് ആകസ്മികമായ നിര്യാണം. കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ പങ്കെടുക്കുമ്പോൾ കുഴഞ്ഞു വീഴുകയായിരുന്നു. സഖാവിന്റെ നഷ്ടം കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് ഒരു വലിയ നഷ്ടം തന്നെയാണ്.

# ചില്ലറ വ്യാപാരരംഗം വാൾമാർട്ടിന് വഴി മാറുമ്പോൾ

ഡോ. കെ.എസ്. പ്രദീപ്കുമാർ




**ചില്ലറ വ്യാപാര രംഗത്തെ ആഗോള ഭീമനായ വാൾമാർട്ട് 1.08 ലക്ഷം കോടി രൂപയ്ക്ക് ഓൺലൈൻ വ്യാപാര കമ്പനിയായ ഫ്ളിപ്കാർട്ടിനെ വാങ്ങിയത് രാജ്യത്തെ ചില്ലറ വ്യാപാര വിപണി പിടിച്ചെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ്. ബ്രാൻഡ് ചില്ലറ വ്യാപാര മേഖലയിൽ ഇതുവരെ 51 ശതമാനം വിദേശനിക്ഷേപമാണ് അനുവദിച്ചിരിക്കുന്നത്. അത് നൂറു ശതമാനമാക്കുകയെന്നത് വിദേശ കോർപ്പറേറ്റുകളുടെ ദീർഘകാല ആവശ്യമാണ്. അതിനുള്ള വഴിയൊരുക്കുക എന്നൊരു ലക്ഷ്യവും ഈ വില്പനയ്ക്ക് പിന്നിലുണ്ട്.**

കാർഷിക മേഖല കഴിഞ്ഞാൽ രാജ്യത്ത് ഏറ്റവും അധികം പേർ തൊഴിലെടുക്കുന്നത് ചില്ലറ വ്യാപാര രംഗത്താണ്. നവ ഉദാരവത്കരണ സാമ്പത്തിക നയങ്ങൾ നടപ്പാക്കിയ ശേഷം ചില്ലറ വ്യാപാരരംഗത്ത് ഘടനാപരമായ വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചെറുകിട വ്യാപാരികളുടെ സ്ഥാനത്തേക്ക് വൻകിട കമ്പനികൾ കടന്നുവന്നു കൊണ്ടിരിക്കുന്നു. ചില്ലറ വ്യാപരരംഗത്ത് വിദേശ നിക്ഷേപം അനുവദിച്ചതോടുകൂടി വിപണി പിടിച്ചെടുക്കാനുള്ള തന്ത്രങ്ങളാണ് കോർപ്പറേറ്റുകൾ സ്വീകരിക്കുന്നത്. ചില്ലറ വ്യാപാര രംഗത്തെ ആഗോള ഭീമനായ വാൾമാർട്ട് 1.08 ലക്ഷം കോടി രൂപയ്ക്ക് ഓൺലൈൻ വ്യാപാര കമ്പനിയായ ഫ്ളിപ്കാർട്ടിനെ വാങ്ങിയത് രാജ്യത്തെ ചില്ലറ വ്യാപാര വിപണി പിടിച്ചെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ്. ബഹു. ബ്രാൻഡ് ചില്ലറ വ്യാപാര മേഖലയിൽ ഇതുവരെ 51 ശതമാനം വിദേശനിക്ഷേപമാണ് അനുവദിച്ചിരിക്കുന്നത്. അത് നൂറു ശതമാനമാക്കുകയെന്നത് വിദേശ കോർപ്പറേറ്റുകളുടെ ദീർഘകാല ആവശ്യമാണ്. അതിനുള്ള വഴിയൊരുക്കുക എന്നൊരു ലക്ഷ്യവും ഈ വില്പനയ്ക്ക് പിന്നിലുണ്ട്. മോദി സർക്കാർ അതിനുവേണ്ട എല്ലാ ഒത്താശയും ചെയ്യുകയാണ്.

2014-ൽ മോദി അധികാരത്തിൽ വരുമ്പോൾ ചില്ലറ വ്യാപാര മേഖലയിൽ വൻകിട കമ്പനികളുടെ വിപണി വിഹിതം 6 ശതമാനമായിരുന്നെങ്കിൽ 2018-ൽ അത് 14 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. 130 ശതമാനത്തിന്റെ വർദ്ധനവ്. 2014-ൽ ചെറുകി

ട ചില്ലറ വ്യാപാര മേഖലയിൽ തൊഴിലെടുക്കുന്ന വരുടെ എണ്ണം 14 കോടിയായിരുന്നത് 2018-ൽ 12. 58 കോടിയായി കുറഞ്ഞിരിക്കുന്നു. 5 കോടിയോളം ചില്ലറ വില്പനശാലകൾ ഉണ്ടായിരുന്നത് 4.38 കോടി കുറഞ്ഞിരിക്കുന്നു. ചില്ലറ വ്യാപാര രംഗത്ത് വിദേശ നിക്ഷേപം അനുവദിക്കുന്നതിന് തുടക്കം കുറിച്ചത് യു.പി.എ. സർക്കാരാണ്. 2012-ൽ രണ്ടാം യു.പി.എ. സർക്കാർ ഒറ്റ ബ്രാൻഡ് ചില്ലറ വില്പനയിൽ 61 ശതമാനവും ബഹു.ബ്രാൻഡ് ചില്ലറ വില്പനയിൽ 51 ശതമാനവും വിദേശ നിക്ഷേപം അനുവദിച്ചു. ഇതിനെതിരെ ഇടതുപക്ഷ പാർട്ടി കൾ രാജ്യത്ത് ശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തിയതിനെ തുടർന്ന് ചില നിയന്ത്രണങ്ങൾ ഏർപ്പെ ടുത്താൻ സർക്കാർ തയ്യാറായി. ബഹുബ്രാൻഡ് വില്പനയിൽ വിദേശ നിക്ഷേപം അനുവദിക്കു ന്നതിനെ ബി.ജെ.പി.യും എതിർത്തതാണ്. ബില്ലിനെതിരെ സംസാരിച്ച അന്നത്തെ പ്രതിപക്ഷ നേതാ വായിരുന്ന സുഷമ സ്വരാജ് പാർലമെന്റിൽ പറഞ്ഞത് വിദേശ നിക്ഷേപം അനുവദിക്കാനുള്ള തീരുമാനം രാജ്യത്തെ ചെറുകിട വ്യാപാരികളുടെ മരണമണിയെന്നാണ്. ഇതിനെതിരെ 2012 സെപ്തംബർ 20 ന് ഭാരതബന്ദും നടത്തി.

നരേന്ദ്രമോദി അധികാരത്തിൽ വന്ന ശേഷം ഘട്ടംഘട്ടമായി ചില്ലറ വ്യാപാരരംഗത്ത് നൂറു ശതമാനം വിദേശനിക്ഷേപം അനുവദിച്ചു. ഭക്ഷ്യോല്പാദന സംസ്കരണ മേഖലയിലും തുടർന്ന് ഇ-കോമേഴ്സ് രംഗത്തും  നൂറുശതമാനം വിദേശ നിക്ഷേപത്തിന് അനുമതി നല്കി. രാജ്യത്ത് നിലവിലുണ്ടായിരുന്ന പല നിയമങ്ങളിലും ഭേദഗതി വരുത്തി ഭക്ഷ്യോല്പന്ന മായം ചേർക്കൽ നിരോധന നിയമം, ആവശ്യസാധന നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം തുടങ്ങിയവ ഇതിൽപെടുന്നു. 2018 ജനുവരിയിൽ ഒറ്റ ബ്രാൻഡ് ചില്ലറ വ്യാപാരത്തിൽ സ്വാഭാവിക മാർഗ്ഗത്തിൽ നേരിട്ടുള്ള വിദേശനിക്ഷേപം നൂറു ശതമാനമാക്കി. നേരത്തെ അത് 49 ശതമാനമായിരുന്നു. ഇന്ത്യയിൽ പങ്കാളി ത്ത സ്ഥാപനം വേണമെന്നതും, തദ്ദേശീയ 30 ശതമാനം ഉല്പന്നങ്ങൾ വേണമെന്നതുമായ വ്യവസ്ഥകൾക്ക് ഇളവ് നല്കി. ഇതോടെ രാജ്യത്തെ പ്രധാന നഗരങ്ങളിലെല്ലാം വിദേശകുത്തക കമ്പനികളുടെ സ്റ്റോറുകൾ കീഴടക്കും.

മോദി സർക്കാർ ഇ-കോമേഴ്സ് രംഗത്ത് വിദേശനിക്ഷേപം അനുവദിച്ചതുവഴി വിദേശ കമ്പനികൾ ഇന്ത്യൻ കമ്പനികളെ വിഴുങ്ങുകയാണ്. പ്രമുഖ ഓൺലൈൻ വ്യാപാര കമ്പനിയായ ഫ്ളിപ് കാർട്ടിന്റെ 77 ശതമാനം ഓഹരികളാണ് വാൾമാർട്ട് വാങ്ങുന്നത്. മൊത്ത വ്യാപാര രംഗത്തു മാത്രം പ്രവർത്തിച്ചിരുന്ന വാൾമാർട്ടിന് ചില്ലറ വ്യാപാരരംഗത്തേക്ക് കടക്കാൻ ഈ ഓഹരികൾ വാങ്ങുന്നതിലൂടെ സാധിക്കും. ഇന്ത്യയിൽ 21 മൊത്ത വ്യാപാരശാലകളുള്ള വാൾമാർട്ട് അടുത്ത വർഷത്തിനുള്ളിൽ 50 മൊത്ത വ്യാപാരശാലകൾ കൂടി ആരംഭിക്കും. അയ്യായിരത്തോളം ഉല്പന്നങ്ങളാണ് മൊത്ത വ്യാപാര കേന്ദ്രങ്ങളിലൂടെ വില്ക്കുന്നത്. ഫ്ളിപ്കാർട്ട് വഴിയുള്ള ഓൺ ലൈൻ വ്യാപാര സൗകര്യവും രാജ്യവ്യാപകമായി മൊത്ത വ്യാപാര സ്റ്റോറുകൾ സ്ഥാപിക്കുന്നതു വഴി വാൾമാർട്ടിൻ ചില്ലറ വ്യാപാരരംഗത്തെ കുത്തകയാകാൻ കഴിയും തൊഴിലാളി വിരുദ്ധനിലപാടുകൾക്കും വാൾമാർട്ട് കുപ്രസിദ്ധമാണ്. തൊഴിലാളി സംഘടന രൂപീകരിക്കാനോ, തൊഴിലാളികൾക്ക് ആവശ്യമായ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമാക്കാനോ കമ്പനി തയ്യാറല്ല.

മോദി സർക്കാർ ഇ-കോമേഴ്സ് രംഗത്ത് നടപ്പാക്കുന്ന നയങ്ങൾ വിദേശമൂലധന താല്പര്യങ്ങൾ സംരക്ഷിക്കുന്നതാണ്. വിദേശ കമ്പനികൾക്ക് വെയർഹൗസുകളും, കോൾസെന്ററുകളും പണമിടപാടുകൾക്കുള്ള സംവിധാനമുൾപ്പെടെയുള്ളവ ഇന്ത്യയിൽ സ്ഥാപിക്കുന്നതിന് അനുവാദം നല്കി. ഇ-കോമേഴ്സ് ഇടപാടുകൾ നിയന്ത്രിക്കുന്നതിന് പര്യാപ്തമായ നിയമങ്ങൾ ഉണ്ടാക്കാതെ യാണ് വിദേശകമ്പനികൾക്ക് ഇന്ത്യൻ വിപണി തുറന്ന് കൊടുക്കുന്നത്. ഇ-കോമേഴ്സ് രംഗത്തെ പല നിയമവിരുദ്ധ പ്രവർത്തനങ്ങളും, നികുതി വെട്ടിപ്പും കണ്ടെത്തിയിട്ടും നടപടിയെടുക്കാൻ കഴിയുന്നില്ല. ദേശീയ ഖജനാവിന് ലഭിക്കേണ്ട പണമാണ് വിദേശകമ്പനികൾ കൊള്ളയടിച്ചുകൊണ്ട് പോകുന്നത്.

ചില്ലറ വ്യാപാര രംഗത്ത് എത്തുന്ന വിദേശ കമ്പനികൾ അവരുടെ ലാഭത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനും, പുതിയ ഉല്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കുന്നതിന്റെയും ഭാഗമായി ധാരാളം വിദേശനിർമ്മിത ഉല്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിലേക്ക് കൊണ്ടു വരും. രാജ്യത്ത് ഉല്പാദന-സേവനരംഗത്ത് ഏറ്റവും അധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ തകർച്ചയ്ക്കും ഇത് കാരണമാകും. മോദിയുടെ സാമ്പത്തിക ഉപദേഷ്ടാവായ അരവിന്ദ് സുബ്രഹ്മണ്യന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ആവശ്യവസ്തു നിയമം വൻകിട കോർപ്പറേറ്റു കളുടെ താല്പര്യത്തിനനുസൃതമായി ഭേദഗതി ചെയ്യാൻ ശുപാർശ നൽകിയത്. ഭക്ഷ്യവസ്തുക്കളുടെ സംഭരണ പരിധി എടുത്തുകളയുന്നതോടെ കരിഞ്ചന്തയും വിലക്കയറ്റവും രൂക്ഷമാകും. പൊതുവിതരണ സമ്പ്രദായത്തെ പരിമിതപ്പെടുത്തുന്ന പോലും വാൾമാർട്ട് അടക്കമുള്ള വൻകിട വിദേശ കമ്പനി കളെ സഹായിക്കുന്നതിനുവേണ്ടിയാണ്. ജനങ്ങളുടെ താല്പര്യത്തേക്കാൾ പ്രധാനം കോർപ്പറേറ്റ് താല്പര്യങ്ങളാണ് മോദി സർക്കാറിനുള്ളത്. വിവിധ തലത്തിൽ ഇതിനെതിരെ പ്രതിഷേധം ഉയരുകയാണ്. ഇടതുപാർട്ടികളും, വ്യാപാരികളുടെ സംഘടനയും കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സും (സി.എ.ഐ.ടി) പരിവാർ സംഘടനയായ സ്വദേശിജാഗരൺ മഞ്ച് വരെ ഇതിനെതിരെ പ്രക്ഷോഭവുമായി രംഗത്തു വന്നിരിക്കുന്നു. ■



# ട്രമ്പ്–കിം കൂടിക്കാഴ്ച ചരിത്രപരം

**5 മണിക്കൂർ നീണ്ട ഉച്ചകോടി സംഭാഷണത്തിനൊടുവിൽ ഒപ്പുവച്ച സംയുക്ത കരാറിൽ നാല് കാര്യങ്ങളാണ് ഉൾക്കൊള്ളുന്നത്. അതിൽ ഏറ്റവും പ്രധാനം കൊറിയൻ ഉപദ്വീപിൽ ശാശ്വതവും സുസ്ഥിരവുമായ സമാധാനം സ്ഥാപിക്കാൻ ഇരുരാജ്യങ്ങളും പ്രവർത്തിക്കുമെന്നതാണ്. അതിനുള്ള ഉപാധി എന്ന നിലയിൽ ഉപദ്വീപിനെ ആണവമുക്തമാക്കാനുള്ള പ്രതിബദ്ധത ഉത്തരകൊറിയ ആവർത്തിച്ചു. എന്നാൽ സമ്പൂർണ്ണവും പരിശോധിച്ച് ബോദ്ധ്യപ്പെടും വിധവും തിരിച്ച് പോക്ക് സാദ്ധ്യമല്ലാത്ത വിധവും ആണവായുധങ്ങൾ നശിപ്പിക്കണമെന്ന അമേരിക്കയുടെ ആവശ്യം ഉത്തര കൊറിയ അംഗീകരിച്ചതായി സൂചനയില്ല.**



എൻ. പത്മലോചനൻ

2018 ജൂൺ 12 -ന് പ്രഭാതത്തിൽ സിംഗപ്പൂരിൽ ശാന്തിയുടെ ദ്വീപ് എന്നർത്ഥമുള്ള സെന്റോസാ ദ്വീപിൽ അമേരിക്കയുടേയും വടക്കൻ കൊറിയയുടേയും ഭരണാധികാരികൾ തമ്മിൽ നടന്ന കൂടിക്കാഴ്ച ലോക ജനത ആകെ ഉൾകണ്ഠയോടെ കണ്ടിരുന്ന ഒരു ചരിത്ര സംഭവമാണ്. ഒരു അടിയന്തിര യുദ്ധ സാദ്ധ്യത വർദ്ധിച്ചു വന്ന അന്തരീക്ഷത്തിൽ രണ്ട് രാഷ്ട്രത്തലവന്മാരും ഒരുമിച്ച് ഒരു മേശയ്ക്കു മുമ്പിലിരുന്നു ചർച്ചനടത്തി എന്നത് മാറികൊണ്ടിരിക്കുന്ന പുതിയ ലോകസാഹചര്യത്തിന്റെ ശക്തമായ സൂചനയാണ്. അവിശ്വസനീയമായ കാര്യങ്ങൾ ആയിരുന്നു ഈ വർഷം ആദ്യം മുതൽ യു.എസ് - ഉത്തരകൊറിയൻ ബന്ധങ്ങളിൽ ഉണ്ടായത്. കിമ്മിന്റെ പുതുവത്സര സന്ദേശത്തിൽ സൂചിപ്പിച്ച പരസ്പര ചർച്ച സന്നദ്ധതയുടെ ധ്വനി കണ്ടറിഞ്ഞ ദക്ഷിണകൊറിയൻ പ്രസിഡന്റ് മൂൺ ജേ ഇൻ ആണ് അതിന് കാരണകാരനായത്. 2018 ഏപ്രിൽ 27 -ന് കിംമുമായി മൂൺ ജേ ഇൻ ഒപ്പിട്ട പ്രസ്താവന അതിന്റെ തെളിവാണ്. അമേരിക്കയിലേയും ഉത്തരകൊറിയയിലേയും ജനങ്ങളുടെ ഇച്ഛക്കനുസരിച്ച് അവരുടെ സമാധാനത്തിനും അഭിവൃദ്ധിക്കും ഉതകുംവിധമുള്ള ബന്ധമാകും ഇനിയങ്ങോട്ട് ഇരു രാജ്യങ്ങളുടേയും എന്നാണ് അതിലെ ഒരു വാഗ്ദാനം. ഇതുവരെയുള്ള കലുഷിതമായ ബന്ധത്തെ പുനർനിർവ്വചിക്കാൻ ഇത് ഉതകുമെന്ന് പ്രതീക്ഷിക്കാം. കൊറിയൻ മുനമ്പിലെ സമ്പൂർണ്ണ ആണവ നിരായുധീകരണത്തിനായി പ്രവർത്തിക്കാനുള്ള ഉറപ്പാണ് മറ്റൊന്ന്. കിമ്മിന്റെ ഭാഗത്തുനിന്നുമുള്ള ഉറപ്പായി വേണം ഇതിനെ കാണേണ്ടത്. മുമ്പിലെത്തിയ അവസരം രണ്ട്പേരും ഫലപ്രദമായി ഉപയോഗിച്ചു. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന ഉത്തരകൊറിയയ്ക്ക് അതിൽ നിന്നൊരു കരകയറ്റം ആവശ്യമായിരുന്നു. സാമ്പത്തിക ഞെരുക്കത്തിനിടയാക്കിയ കടുത്ത ഉപരോധങ്ങൾ മാറണമെങ്കിൽ അതിന് ഒരു അവസരം സൃഷ്ടിക്കണമെന്ന് കിംമ്മിന് ബോദ്ധ്യമുണ്ടായിരുന്നു. 2017 സെപ്തംബറിൽ ഉഗ്രശേഷിയുള്ള ആണവായുധം പരീക്ഷിച്ചിച്ച് ശക്തിതെളിയിച്ച കിംമ്മിന് ഒരു കൂടിയാലോചനയുടെ അന്തരീക്ഷം സൃഷ്ടിക്കൽ ഒരു പിന്നോട്ട് പോക്കായി തോന്നിയില്ല. ആണവ രംഗത്ത് അമേരിക്കയോളം എത്തിയില്ലെങ്കിലും ആ മേഖലയിൽ കരുത്ത് നേടിയെന്ന ആത്മവിശ്വാസത്തിൽ നിന്നാണ് സെന്റ്സോ ദ്വീപിലേയ്ക്കുള്ള യാത്രയ്ക്ക് അദ്ദേഹം ഒരുങ്ങിയത്. തന്റെ സമ്മർദ്ദ തന്ത്രങ്ങളുടെ വിജയമായി ട്രംമ്പ് അതിനെ കണ്ടു. സ്വന്തം വിശ്വാസങ്ങളിൽ ഉറച്ചുനിന്നാണ് രണ്ടുപേരും പരസ്പരം കൈ കൊടുത്തത്.

ചർച്ചയ്ക്ക് മുമ്പ് അമേരിക്ക പറഞ്ഞ സമ്പൂർണ്ണവും പരിശോധാനാ വിധേയവും റദ്ദാക്കാൻ ഒക്കാത്തതുമായ ആണവ നിരായുധീകരണം എന്നതിന് അടുത്തെത്തുന്നില്ല പുതിയ സംയുക്ത പ്രസ്താവന. കിം അതിന് വഴങ്ങിയില്ല. ഇക്കാലമത്രയും ചൈനയുടെ പോലും വെറുപ്പ് ഏറ്റുവാങ്ങി കൈവരിച്ച ആണവായുധ ശേഖരത്തെ ഏതാനും മണിക്കൂർ നേരത്തെ ചർച്ചയിൽ കൂടി അടിയറ വയ്ക്കാൻ മാത്രം ആലോചനയില്ലായ്മ കിം കാണിക്കില്ലെന്ന് ഉറപ്പായിരുന്നു. 15 വർഷം എങ്കിലും വേണ്ടിവരുമെന്ന് കണക്കാക്കുന്ന അത്തരം ഒരു പ്രക്രീയയ്ക്ക് ഇനിയും ഏറെ സഞ്ചരിക്കാനുണ്ട്.

### 1950-53 ലെ കൊറിയൻ യുദ്ധം

സോവ്യറ്റ് യൂണിയൻ ചേരിയും അമേരിക്കൻ ചേരിയും തമ്മിൽ പതിറ്റാണ്ടുകൾ നീണ്ടുനിന്ന ശീതസമരത്തിന്റെ പശ്ചാത്തലത്തിൽ പൊട്ടിപ്പുറപ്പെട്ടതാണ് 1950-53 കാലത്ത് ഇരുകൊറിയകൾ തമ്മിലുണ്ടായ യുദ്ധം. ഈ യുദ്ധത്തിൽ ഇന്ത്യയും ഉത്തര കൊറിയയെ സോവ്യറ്റ് യൂണിയനും ചൈനയും സഹായിച്ചു. ദക്ഷിണകൊറിയയെ അമേരിക്കയും സഹായിച്ചു.

1953 -ൽ യുദ്ധം അവസാനിച്ചെങ്കിലും കക്ഷികൾ തമ്മിൽ യുദ്ധവിരാമ സന്ധി ഉണ്ടായില്ല. പകരം വെടിനിർത്തൽ കരാർ മാത്രമാണുണ്ടായത്. സാങ്കേതികാർത്ഥത്തിൽ യുദ്ധവിരാമ-സമാധാന കരാർ ഉണ്ടായില്ല. എന്നാൽ ഇന്ന് ദക്ഷിണ - ഉത്തര കൊറിയകൾ തമ്മിലും ഉത്തര കൊറിയയും അമേരിക്കയും തമ്മിലും കൊറിയൻ സമാധാന കരാർ ഉണ്ടാക്കാൻ ഉള്ള ഒരു പുതിയ അന്തരീക്ഷം തെളിഞ്ഞിരിക്കുന്നുയെന്നത് ഒരു വലിയ രാഷ്ട്രീയ മാറ്റമാണ്, ചരിത്ര പാഠമാണ്.

### ട്രംമ്പ് - കിം - സംയുക്ത പ്രസ്താവനയിലെ നാല് വ്യവസ്ഥകൾ

സമ്പൂർണ്ണ ആണവ നിരായുധീകരണം ഉൾപ്പെടെ നാല് സുപ്രധാന വ്യവസ്ഥകളാണുള്ളത്. ഇരുരാജ്യങ്ങളിലെയും ജനങ്ങളുടെ സമാധനവും സമൃദ്ധിയും ഉറപ്പാക്കുക, കൊറിയൻ ഉപദ്വീപിലെ സംഘർഷം ലഘൂകരിച്ച് സമാധാന കരാറിന് ശ്രമിക്കുക, കൊറിയൻ യുദ്ധത്തിൽ കൊല്ലപ്പെട്ട അമേരിക്കൻ സൈനികരുടെ ഭൗതികാവശിഷ്ടങ്ങൾ തിരികെ എത്തിക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കുക എന്നിവയാണ് മറ്റ് വ്യവസ്ഥകൾ. കിം സുരക്ഷാ ഭീഷണിയായി കണ്ടിരുന്ന ദക്ഷിണകൊറിയയും അമേരിക്കയും ചേർന്നുള്ള സൈനിക അഭ്യാസങ്ങൾ നിർത്തൽ ചെയ്യുമെന്ന് ട്രംമ്പ് ഉറപ്പുനൽകി. അതുപോലെ ഉത്തരകൊറിയ ഒരു മിസൈൽ പരീക്ഷണ കേന്ദ്രം നശിപ്പിക്കാമെന്നും ഉറപ്പുനൽകി. യുദ്ധം ആർക്കും ഉണ്ടാക്കാം, എന്നാൽ ധൈര്യം ഉള്ളവർക്ക് മാത്രമേ സമാധാനം സ്ഥാപിക്കാൻ സാധിക്കു എന്ന് ട്രംമ്പ് പത്ര പ്രസ്താവനയിൽ പറഞ്ഞു.

5 മണിക്കൂർ നീണ്ട ഉച്ചകോടി സംഭാഷണത്തിനൊടുവിൽ ഒപ്പുവച്ച സംയുക്ത കരാറിൽ നാല് കാര്യങ്ങളാണ് ഉൾക്കൊള്ളുന്നത്. അതിൽ ഏറ്റവും പ്രധാനം കൊറിയൻ ഉപദ്വീപിൽ ശാശ്വതവും സുസ്ഥിരവുമായ സമാധാനം സ്ഥാപിക്കാൻ ഇരുരാജ്യങ്ങളും പ്രവർത്തിക്കുമെന്നതാണ്. അതി

**സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന ഉത്തരകൊറിയയ്ക്ക് കടുത്ത ഉപരോധങ്ങൾ മാറണമെങ്കിൽ അതിന് ഒരു അവസരം സൃഷ്ടിക്കണമെന്ന് കിമ്മിന് ബോദ്ധ്യമുണ്ടായിരുന്നു. 2017 സെപ്തംബറിൽ ഉഗ്രശേഷിയുള്ള ആണവായുധം പരീക്ഷിച്ചിച്ച് ശക്തിതെളിയിച്ച കിമ്മിന് ഒരു കൂടിയാലോചനയുടെ അന്തരീക്ഷം സൃഷ്ടിക്കാൻ ഒരു പിന്നോട്ട് പോക്കായി തോന്നിയില്ല. ആണവ രംഗത്ത് അമേരിക്കയോളം എത്തിയില്ലെങ്കിലും ആ മേഖലയിൽ കരുത്ത് നേടിയെന്ന ആത്മവിശ്വാസത്തിൽ നിന്നാണ് സെന്റ്സോ ദ്വീപിലേക്കുള്ള യാത്രയ്ക്ക് അദ്ദേഹം ഒരുങ്ങിയത്. തന്റെ സമ്മർദ്ദ തന്ത്രങ്ങളുടെ വിജയമായി ട്രംമ്പ് അതിനെ കണ്ടു. സ്വന്തം വിശ്വാസങ്ങളിൽ ഉറച്ചുനിന്നാണ് രണ്ടുപേരും പരസ്പരം കൈ കൊടുത്തത്.**

നുള്ള ഉപാധി എന്ന നിലയിൽ ഉപദ്വീപിനെ ആണവമുക്തമാക്കാനുള്ള പ്രതിബദ്ധത ഉത്തരകൊറിയ ആവർത്തിച്ചു. ദക്ഷിണകൊറിയൻ പ്രസഡന്റ് മുൺ ജെ ഇന്നുമായി ഏപ്രിൽ 27 ന് പാൻമുൺ ജോയിൽ നടത്തിയ കൂടികാഴ്ചയിലാണ് കിം ഇതിനുള്ള സന്നദ്ധത ആദ്യമായി പ്രകടിപ്പിച്ചത്. ഈ കൂടികാഴ്ചയിലാണ് ഉത്തര-ദക്ഷിണ കൊറിയകൾ തമ്മിൽ ദശകങ്ങൾ നീണ്ട വിദ്വേഷത്തിന്റെ മഞ്ഞുരുകലിനും വഴിയൊരുക്കിയത്. അതിനു മുമ്പ് ഫെബ്രുവരിയിൽ നടന്ന ശീതകാല ഒളിമ്പിക്സിൽ നിന്ന് ഇരുകൊറിയകളും തുടങ്ങിവച്ച നയതന്ത്ര നീക്കമാണ് ഏപ്രിൽ 27 ന്റെ കൂടികാഴ്ചയ്ക്കും തുടർന്ന് ജൂൺ 12 ന്റെ സിംഗപ്പൂർ ഉച്ചകോടിയിലേയ്ക്കും നയിച്ചത്. എന്നാൽ സമ്പൂർണ്ണവും പരിശോധിച്ച് ബോദ്ധ്യപ്പെടും വിധവും തിരിച്ച് പോക്ക് സാദ്ധ്യമല്ലാത്ത വിധവും ആണവായുധങ്ങൾ നശിപ്പിക്കണമെന്ന അമേരിക്കയുടെ ആവശ്യം ഉത്തര കൊറിയ അംഗീകരിച്ചതായി സൂചനയില്ല.

പരിശോധിച്ച് ബോദ്ധ്യപ്പെടുംവിധം ആണവ നിരായുധീകരണം എന്ന സാദ്ധ്യതമാത്രമാണ് ട്രംമ്പ് വാർത്താ സമ്മേളനത്തിൽ നൽകിയിട്ടുള്ളത്. ഇതിനർത്ഥം ഘട്ടം ഘട്ടമായി മാത്രമേ അണുവായുധങ്ങൾ നശിപ്പിക്കു എന്നതാണ്. അതിനുസരിച്ച് മാത്രമേ അമേരിക്കയും ഉപരോധത്തിന് ഇളവ് നൽകുയെന്ന് അമേരിക്ക വ്യക്തമാക്കിയതായാണ് അറിയുന്നത്. ഒറ്റയടിക്ക് ആണവായുധങ്ങൾ നശിപ്പിക്കണമെന്ന അമേരിക്കൻ സമ്മർദ്ദത്തിന് കിം വഴങ്ങിയിട്ടില്ലായെന്ന് വ്യക്തം.

ഒരു വേള ഉച്ചകോടി നിർത്തിവയ്ക്കുന്നതിന് തന്നെ കാരണമായത് ലിബിയൻ മാതൃകയിലുള്ള ആണവ നിരായുധീകരണം വേണമെന്ന അമേരിക്കൻ നേതൃത്വത്തിന്റെ പിടിവാശി ആയിരുന്നിരിക്കണം. ആണവായുധങ്ങൾ ഉപയോഗിക്കാനുള്ള ശ്രമം ഉപേക്ഷിക്കണമെന്ന് ലിബിയൻ നേതാവിനോട് അമേരിക്ക ആവശ്യപ്പെടുകയും അദ്ദേഹം അതിന് തയ്യാറാവുകയും ചെയ്തു. എന്നാൽ ഗദ്ദാഫിയുടെ ഭരണ സുരക്ഷ ഉറപ്പാക്കുന്നതിന് പകരം കേണൽ ഗദ്ദാഫിയെ അധികാര ഭ്രഷ്ടനാക്കുകയും വധിക്കപ്പെടുകയുമാണ് ഉണ്ടായത്. ഈ പശ്ചാത്തലത്തിൽ അമേരിക്ക ഭരണസുരക്ഷ ഉറപ്പുനൽകുമ്പോഴും ലിബിയൻ മാതൃക ആവർത്തിക്കപ്പെടാതിരിക്കാനുള്ള ജാഗ്രത ഉത്തരകൊറിയ പുലർത്തിയിട്ടുണ്ടെന്ന് അർത്ഥം. പങ്കീറയിലെ ആണവായുധ പരീക്ഷണ കേന്ദ്രം നേരത്തെ തന്നെ നശിപ്പിച്ചു. ഉത്തര കൊറിയ ഇപ്പോൾ വാഗ്ദാനം നൽകിയിട്ടുള്ളത് മിസൈൽ എഞ്ചിൽ പരീക്ഷണകേന്ദ്രം നശിപ്പിക്കാമെന്ന് മാത്രമാണ്. ആണവ നിരായുധീകരണത്തിലേയ്ക്ക് നീങ്ങണമെങ്കിൽ പ്രധാനമായും രണ്ട് കാര്യങ്ങൾ അമേരിക്കയുടെ ഭാഗത്ത് നിന്നും ഉറപ്പുണ്ടാകണമെന്നാണ് ഉത്തര കൊറിയയുടെ ആവശ്യം. അതിലൊന്ന് ദക്ഷിണ കൊറിയയിലുള്ള 28000 –ൽ പരം അമേരിക്കൻ സൈനിക സാന്നിദ്ധ്യവും കൊറിയയുമായി ചേർന്നുള്ള അമേരിക്കയുടെ സൈനിക അഭ്യാസവും പരിശീലനവും നിർത്തിക്കണമെന്നും അമേരിക്കൻ സൈന്യത്തെ പിൻവലിക്കണം എന്നതുമായിരുന്നു. ഏതായാലും ദക്ഷിണകൊറിയയുമായി ചേർന്നുള്ള സംയുക്ത സൈനിക പരിശീലനം നിർത്തിവയ്ക്കാൻ ധാരണയായതായി ട്രംമ്പ് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. അതേപോലെ തന്നെ കൊറിയയിൽ വിന്യസിച്ചിട്ടുള്ള 28000 –ൽ അധികം വരുന്ന അമേരിക്കൻ സൈനികരെ നാട്ടിലേയ്ക്ക് തിരിച്ചുകൊണ്ടുവരുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. സഖ്യകക്ഷികളുടെ സുരക്ഷയുടെ ഉത്തരവാദിത്വം അവരുടേതായതിനാൽ അതിനുണ്ടാകുന്ന ചെലവുകൾ ആ രാജ്യങ്ങൾ തന്നെ വഹിക്കണമെന്നുള്ള ആവശ്യം ട്രംമ്പ് ആവർത്തിക്കുകയും ചെയ്തു. ഏറ്റവും ഒടുവിലായി ഉത്തര കൊറിയൻ ചെയർമാൻ കിം ജേഗ് ഇന്നിനെ വൈറ്റ് ഹൗസിലേയ്ക്ക് ക്ഷണിച്ചിരിക്കുന്നു. ഉത്തര കൊറിയ ആണവ ശേഷി നേടിയതിനു പിന്നിലുള്ള പ്രധാന കാരണം ദക്ഷിണ കൊറിയയിലെ വർദ്ധിച്ച അമേരിക്കൻ സൈനിക സാന്നിദ്ധ്യവും മിസൈൽ വേധ താഡ് സംവിധാനവും ആണ്. അവസാനമായി കൊറിയൻ യുദ്ധകാലത്ത് തടവിലാക്കപ്പെട്ടവരേയും യുദ്ധഘട്ടത്തിൽ നഷ്ടപ്പെട്ടവരേയും സംബന്ധിച്ചുള്ള വിവരങ്ങൾ പരസ്പരം കൈമാറാനും സമ്മതിച്ചിട്ടുണ്ട്.

**വടക്കൻ കൊറിയയുടെ ആണവ ശാക്തീകരണം**

- 1956 –ൽ സോവ്യറ്റ് റഷ്യയുടെ സഹായത്തോടെ ആണവായുധ പദ്ധതിക്ക് രൂപം നൽകി.
- ചൈനയുടെ സഹായത്തോടെ യുറേനിയം കണ്ടെത്തി.
- 1990 –ൽ പ്രഥമ-ഇടത്തരം ദൂര മിസൈൽ പരീക്ഷണം.
- 1941 –ൽ യു.എസ് പ്രസിഡന്റ് എച്ച്.ഡബ്ല്യൂ

യു ബുഷ് ഉത്തരകൊറിയിൽ നിന്നും ആണ വായുധങ്ങൾ പിൻവലിക്കുന്നു.

- 1994 -ൽ ഉത്തര കൊറിയ യു.എസുമായി ആണവ പദ്ധതി മരവിപ്പിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചു.
- 1999 -ൽ ഉത്തരകൊറിയ ദീർഘദൂര മിസൈൽ പരീക്ഷണം മരവിപ്പിക്കാൻ സമ്മതിച്ചു.
- 2002 -ൽ ഉത്തര കൊറിയ കരാറിന് വിരുദ്ധമായി യുറേനിയം പുഷ്ടിപ്പെടുത്തുന്നതിനും പ്ലൂട്ടോണിയം ഉല്പാദിപ്പിക്കുന്നതിനും നടപടി സ്വന്തമായി കണ്ടെത്തുന്നു.
- 2003 -ൽ ഉത്തര കൊറിയ ആണവ നിർവ്യാപനകരാറിൽ (ചജഠ ചീ ൗ്യഹശളീ്യമ്യ ്യേ ലമ്യേ) നിന്നും പിൻമാറുന്നു. 2004 -ൽ ഭൂഗർഭ ആണവ പരീക്ഷണം നടത്തുന്നു.
- 2009 -ൽ രണ്ടാം ആണവ പരീക്ഷണം നടത്തുന്നു. 2013 -ൽ മൂന്നാം ആണവ പരീക്ഷണം നടത്തുന്നു.
- 2016 -ൽ നാലും അഞ്ചും ആണവ പരീക്ഷണം നടത്തുന്നു.
- 2017 -ൽ ആറാമത് ആണവ പരീക്ഷണം നടത്തുന്നു.
- 2018 -ൽ പങ്കിറയിലുള്ള ആണവ പരീക്ഷണ സംവിധാനം നശിപ്പിക്കുന്നു.

## അല്പം കൊറിയൻ ചരിത്രം അറിയേണ്ടതുണ്ട്

രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടതോട് കൂടി കൊറിയൻ ഉപദ്വീപിന്റെ മേലുള്ള ജപ്പാന്റെ അധിപത്യം അവസാനിച്ചു. യുദ്ധ വിജയികളായ രാഷ്ട്രങ്ങളുടെ ഒരു ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 38-ാം സമാന്തര രേഖയുടെ ഇടതുഭാഗത്തെ -ഉത്തരകൊറിയുടെ ഭരണനേതൃത്വം സോവ്യറ്റ് മിലിട്ടറി കമാൻഡന്റിനും, തെക്കുഭാഗം - തെക്കൻ കൊറിയുടെ ഭരണ നേതൃത്വം അമേരിക്കൻ മിലിട്ടറി കമാണ്ടന്റിനും നൽകി. വടക്കൻ കൊറിയയിൽ നിന്നും കടന്നുകയറ്റക്കാരെ എല്ലാം പുറത്താക്കിയ ശേഷം ജനാധിപത്യപരമായ പരിഷ്ക്കാരങ്ങൾ പ്രാവർത്തികമാക്കി. വടക്കൻ കൊറിയയുടെ ഭരണാധികാരം 1946 ഫെബ്രുവരിയിൽ ഒരു താല്ക്കാലിക ജനകീയ കമ്മിറ്റിയെ ഏല്പിച്ചു.

യുദ്ധകാലത്തു തകർക്കപ്പെട്ട ഫാക്ടറികളും, ഖനികളും, റയിൽവേ എന്നിവയും പുനർ നിർമ്മാണം സോവ്യറ്റ് ആർമിയുടെ സഹായത്തോടെ ആരംഭിച്ചു. ജനകീയ കമ്മിറ്റി ഒരു കാർഷിക പരിഷ്ക്കാര നിയമം കൊണ്ടുവന്നു. ഉടമകളിൽ നിന്നും പിടിച്ചെടുത്ത 10 ലക്ഷം ഹെക്ടർ ഭൂമി കൃഷിക്കാർക്കു നൽകി. 1946 -ൽ തന്നെ സ്വകാര്യ സ്ഥാപനങ്ങളെ ദേശീകരിക്കുന്ന നടപടികൾ സ്വീകരിച്ചു. ജപ്പാൻ കുത്തകകളും കൊറിയൻ കുത്തകകളും കൈകാര്യം ചെയ്തുവന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങളും ബാങ്കുകളും, റെയിൽവേയും, വാർത്താവിനിമയ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്തു. പ്രതിദിനം പ്രവർത്തി സമയം 8 മണിക്കൂറായി നിശ്ചയിച്ചു. സ്ത്രീകളുടെയും പ്രായപൂർത്തി ആകാത്ത കുട്ടികളുടെയും കൂലി - വേതന നിരക്ക് പുരുഷന്മാർക്കു തുല്യമാക്കി. വാർഷിക ശമ്പള അവധി ദിനങ്ങൾ പ്രഖ്യാപിച്ചു. തൊഴിലെടുക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പു ചെയ്തു. സൗജന്യ വൈദ്യചികിത്സാ സൗകര്യം ഉറപ്പു ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൊറിയൻ ഭാഷ പഠനഭാഷയാക്കി.

1946 ആഗസ്റ്റിൽ കൊറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ന്യൂ പീപ്പിൾസ് പാർട്ടിയും യോജിച്ച് കൊറിയൻ പാർട്ടി ഓഫ് ലേബർ ഇൻ നോർത്ത് കൊറിയ എന്ന സംഘടനയ്ക്ക് കിംഇൻസാങ്ങിന്റെ നേതൃത്വത്തിൽ രൂപം നൽകി. പാർട്ടിയുടെ നേതൃത്വത്തിൽ വർക്കേഴ്സിന്റെയും കർഷകരുടെയും ജീവനക്കാരുടെയും യുണൈറ്റഡ് ഡെമോക്രാറ്റിക് നാഷണൽ ഫ്രണ്ടിന് രൂപം നൽകി. ദേശീയ വികസനത്തെയും ജനാധിപത്യതത്വങ്ങളെയും ശക്തിപ്പെടുത്തുക എന്നതാണ് ഈ ജനകീയ മുന്നണിയുടെ മുഖ്യ പ്രവർത്തനം.

ദക്ഷിണകൊറിയയിൽ സ്ഥിതി വ്യത്യസ്തമായിരുന്നു. അമേരിക്കൻ ആർമി പഴയ കോളനി വാഴ്ച തുടർന്നു. പഴയ ജപ്പാനീസ് മേധാവിത്വത്തിന്റെ സ്ഥാനത്ത് അമേരിക്കൻ ആർമി വന്നു എന്ന വ്യത്യാസം മാത്രം. തെക്കൻ കൊറിയയിൽ ഭൂരിപക്ഷം കുടുംബങ്ങളും തൊഴിലില്ലായ്മയും പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്ന സ്ഥിതി തുടർന്നു. 1948 മേയിൽ കൊറിയൻ ജനങ്ങളെ വഞ്ചിച്ച സിങ്ങ്മാൻ റിയെ അമേരിക്കൻ ആർമി തെക്കൻ കൊറിയയുടെ ഭരണാധികാരിയായി അവരോധിച്ചു.

തെക്കൻ കൊറിയയിലെ ജനാധിപത്യ പ്രസ്ഥാനങ്ങൾ സാങ്മാൻ റീയുടെ ജനവിരുദ്ധ ഭരണമേധാവിത്വത്തിനെതിരെ പോരാട്ടം സംഘടിപ്പിച്ചു. 1948 ആഗസ്റ്റിൽ സുപ്രീം പീപ്പിൾസ് അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. തെക്ക് വടക്കൻ കൊറിയകളിലെ പുരോഗമന ശക്തികൾ തിരഞ്ഞെടുപ്പിൽ ഒരുമിച്ച് അണിനിരന്നു. ദക്ഷിണ കൊറിയയിൽ തിരഞ്ഞെടുപ്പ് രഹസ്യമായാണ് നടത്തിയത് ഭൂരിപക്ഷം ജനങ്ങളും കൊറിയയെ ഒരു ഏകീകൃത ഐക്യ ജനാധിപത്യ രാഷ്ട്രമായി മാറ്റാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു.

1948 സെപ്തംബറിൽ സുപ്രീം പീപ്പിൾസ് അസംബ്ലിയുടെ പ്രഥമ യോഗം ചേർന്നു. കൊറിയ ജനാഭിലാക്ഷം പ്രകടിപ്പിച്ചു. ഏകീകൃത കൊറിയയെ കൊറിയൻ പീപ്പിൾസ് ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. അതിനനുരൂപമായ ഭരണഘടന സുപ്രീം പീപ്പിൾസ് അസംബ്ലി പ്രഖ്യാപിച്ചു. അസംബ്ലി അമേരിക്കയെയും സോവ്യറ്റ് റഷ്യയേയും ഈ ആവശ്യം അംഗീകരിക്കണമെന്ന് ആവശ്യം അറിയിച്ചു. രണ്ടു കൂട്ടരും സൈന്യങ്ങളെ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു. ഇത് സം

ഭവിക്കുന്ന പക്ഷം കൊറിയൻ ജനതയ്ക്ക് അവരുടെ ഭാവി എന്തായിരിക്കണം എന്ന് സ്വയം തീരുമാനിക്കാനുള്ള അവസരം ലഭിക്കും എന്നതായിരുന്നു ആ ആവശ്യത്തിന്റെ പിന്നിലെ പ്രധാനലക്ഷ്യം. ആ അഭ്യർത്ഥന സോവ്യറ്റ് യൂണിയൻ ഉടൻ അംഗീകരിച്ചു. 1948 –ൽ തന്നെ മുഴുവൻ സോവ്യറ്റ് സൈന്യത്തെയും ഉത്തര കൊറിയൻ ഭാഗത്തുനിന്നും പിൻവലിച്ചു. എന്നാൽ അമേരിക്കയാകട്ടെ ദക്ഷിണ കൊറിയൻ ഭാഗത്തുനിന്നും സൈന്യത്തെ പിൻവലിച്ചില്ലെന്നു മാത്രമല്ല മറിച്ച് വടക്കൻ കൊറിയൻ ഭാഗത്തെ കൊറിയൻ പീപ്പിൾസ് ഡെമോക്രാറ്റിക് റിപ്പബ്ലിക്കിനെതിരെ യുദ്ധം അഴിച്ചുവിടാനുള്ള ഒരുക്കങ്ങൾ നടത്തുകയാണ് ചെയ്തത്. അമേരിക്കയുടെ പക്കൽ ആണവായുധം - ബോംബ്- ഉണ്ടെന്ന അഹങ്കാരമാണ് അവരെ ഈ നിലപാടിനു പ്രേരിപ്പിച്ചത്. ആ മൃഗീയത അവർ രണ്ടാം ലോകമഹായുദ്ധം അവസാനിച്ച് ജപ്പാനുമായുള്ള യുദ്ധവിരാമ കരാർ ഒപ്പിടാൻ 10 ദിവസം മാത്രം അവശേഷിക്കയാണ് ഹിരോഷിമയിലും നാഗസാക്കിയിലും ആണുബോംബ് ഇട്ട് ലക്ഷങ്ങളെ തൽക്ഷണം കൊന്ന് കൊലവിളി നടത്തിയത്. അതുമാത്രമല്ല താമസിയാതെ ആണവായുധ പ്രയോഗത്തിലൂടെ സോവ്യറ്റ് സോഷ്യലിസ്റ്റ് ലോക ബദൽ ശക്തിയെ കീഴടക്കാനും നശിപ്പിക്കാനും കഴിയുമെന്നവർ സ്വപ്നം കണ്ടു.

പക്ഷേ അമേരിക്കയുടെ ആണവായുധ ഭീഷണിയും അഹങ്കാരവും സ്വപ്നങ്ങളും അധികനാൾ നീണ്ടുനിന്നില്ല. 1949 ന്റെ ആരംഭത്തിൽ ത്നെ സോവ്യറ്റു യൂണിയൻ പ്രഥമ ആറ്റം ബോബ് പരീക്ഷണം നടത്തി. ലോകത്തെ മുഴുവൻ രാഷ്ട്രീയ വ്യത്യാസമെന്യേ അമേരിക്കൻ ആണവായുധ യുദ്ധ ഭീഷണിയിൽ നിന്നും രക്ഷിക്കുകയും ചെയ്തു. ഇന്നും ആ സ്ഥിതി തുടരുന്നു. ആണുവായുധമുള്ള പുതിയ റഷ്യ അമേരിക്കൻ പക്ഷത്തല്ല. ആണുവായുധ ശേഷിയുള്ള വൻശക്തിയായ ചൈനയും, ആണവായുധ ശക്തിയുടെ കാര്യത്തിൽ അമേരിക്കയെ വെല്ലുവിളിച്ച കൊച്ചുരാഷ്ട്രമായ വടക്കൻ കൊറിയയും അമേരിക്കക്കെതിരെ രംഗത്തുണ്ട്. മറ്റ് പല ആണുവായുധ ശേഷിയുള്ള രാഷ്ട്രങ്ങളും - ഇറാൻ, പാകിസ്ഥാൻ- ലോകത്തുണ്ട്. ഈ സാഹചര്യമാണ് വമ്പൻ ആണവശേഷിയുള്ള അമേരിക്കയെ വടക്കൻ കൊറിയയുടെ മുമ്പിൽ തലകുനിക്കാൻ പ്രേരിപ്പിച്ച പ്രധാന ശക്തി.

1950 - 53 -ലെ തെക്ക് - വടക്കൻ കൊറിയൻ യുദ്ധം

1950 ജൂണിൽ ദക്ഷിണ കൊറിയൻ സർവ്വാധിപതി സിങ്മാൻ റീ യുടെ സൈന്യം അമേരിക്കൻ കര - നാവിക സൈന്യങ്ങളുടെ പിന്തുണയോടെ വടക്കൻ കൊറിയയിൽ കടന്ന് യുദ്ധം ആരംഭിച്ചു. 1950 ഒക്ടോബറിൽ അമേരിക്കൻ സൈന്യം ചൈനീസ് അതിർത്തി മുറിച്ച് കടന്ന് കയറി. തുടർന്ന് ചൈനീസ് പീപ്പീൾസ് വാളണ്ടിയേഴ്സ് കൂട്ടത്തോടെ കൊറിയൻ പീപ്പീൾസ് ഡമോക്രാറ്റിംഗ് റിപ്പബ്ലിക്കിന്റെ രക്ഷാർത്ഥം എത്തി യുദ്ധത്തിൽ പങ്കാളിയായി. ആ യുദ്ധം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ബോധപൂർവ്വമായ ഒരു നീക്കമായിരുന്നു. ഏഷ്യയിലേയും പൂർവ്വദേശത്തെയും ജനങ്ങളെ ഒരു പാഠം പഠിപ്പിക്കുകയെന്നതായിരുന്നു ഒരു ലക്ഷ്യം. മറ്റൊരു പ്രധാന പ്രശ്നം അമേരിക്കൻ സമ്പദ്വ്യവസ്ഥ എത്തിനിന്ന ഒരു പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുക എന്നതിനും ഒരു യുദ്ധം ആവശ്യമായി തീർന്നു. അതുവഴി മിലിട്ടറി ചെലവ് വർദ്ധിപ്പിക്കുന്നതിനും വർദ്ധിച്ചു വരുന്ന യുദ്ധായുധങ്ങൾ വാങ്ങുന്നതിനും അങ്ങനെ അമേരിക്കൻ നിർമ്മാണ വ്യാപാര മേഖലയെ തളർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും കഴിഞ്ഞു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളും ലോക മുതലാളിത്ത പ്രതിസന്ധിയുടെ സൃഷ്ടികളായിരുന്നുയെന്ന് ചരിത്രം തെളിയിച്ചതാണ്. യാദൃശ്ചികമെന്ന് പറയട്ടെ അമേരിക്കൻ സാമ്രാജ്യത്വം കൊറിയയിൽ നടത്തിയ യുദ്ധം യുണൈറ്റഡ് നേഷൻസിന്റെ കൊടികീഴിലായിരുന്നു.

അമേരിക്ക അടിച്ചേൽപ്പിച്ച കൊറിയൻ യുദ്ധം സർവ്വനാശകാരിയായിരുന്നു. ഉത്തര കൊറിയയുടെ 8700 ഫാക്ടറികളും 1000 ആശുപത്രികളും 6 ലക്ഷത്തിൽപരം വീടുകളും തവിടുപൊടിയാക്കി. 32500 ടൺ നാപ്പാം ബോംബുകൾ ഉൾപ്പെടെ 635000 ടൺ ബോംബുകളാണ് ഉത്തരകൊറിയയെ തകർക്കാൻ അമേരിക്കൻ സൈന്യം വിക്ഷേപിച്ചത്. രണ്ട് വർഷം കൊണ്ട് സോഷ്യലിസ്റ്റ് മാതൃകയിൽ വലിയ നിർമ്മാണ പുനരുദ്ധാരണ മുന്നേറ്റം നടത്തിയ വടക്കൻ കൊറിയയെ തവിടുപൊടിയാക്കി. ആണവായുധം പ്രയോഗിക്കുമോ എന്ന ഭയപ്പാടും നിലനിന്നിരുന്നു. റഷ്യയുടെ ആണവായുധശേഷിയാണ് അമേരിക്കയ്ക്ക് തടസ്സമായി നിന്നത്. സമാധാന വാദികളായ ലോക ജനതയുടെയും രാഷ്ട്രങ്ങളുടെയും വിശിഷ്യ റഷ്യ, ചൈന എന്നീ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ പിന്തുണയോടുകൂടിയും ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവത്യാഗത്തിലൂടെയും - 30 ലക്ഷം പേർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അതിൽ മഹാഭൂരിപക്ഷവും ഉത്തരകൊറിയക്കാരാണ് - ഉത്തരകൊറിയയിലേക്ക് കടന്നു കയറിയ അമേരിക്കൻ തെക്കൻ കൊറിയൻ സൈന്യങ്ങളെ അതിർത്തിക്ക് പുറത്താക്കാൻ ഉത്തരകൊറിയയ്ക്ക് കഴിഞ്ഞു. 1953 ജൂലൈയിൽ യുദ്ധം അവസാനിപ്പിച്ചുകൊണ്ടുള്ള ഒരു വെടിനിർത്തൽ കരാറുണ്ടായി. അല്ലാതെ ഒരു യുദ്ധവിരാമ കരാർ ഉണ്ടായില്ല. ഒരു സമാധാന കരാർ ഉണ്ടായില്ല. ഈ പശ്ചാത്തലമാണ് ആണുവായുധ ശേഷിയുള്ള അമേരിക്കയിൽ നിന്നും ദക്ഷിണകൊറിയയെ മറപറ്റി ഒരു ആണവായുധ ആക്രമണം ഉത്തരകൊറിയ ഭയപ്പെട്ടിരുന്നു. അതിനുള്ള പ്രതിരോധ ശക്തി ആണവായുധ നിർമ്മാണത്തിലൂടെയും മിസൈൽ നിർമ്മാണത്തിലൂടെയും നേടാൻ ഉത്തര കൊറിയയെ നിർബന്ധിതരാക്കിയെന്ന ചരിത്ര സത്യം മറച്ചുപിടിക്കാനാണ് ബൂർഷ്വാ പത്രമാധ്യമങ്ങൾ ശ്രമിച്ചുകാണുന്നത്. ■

# സ്വതന്ത്ര കമ്പോളവും ട്രേഡ് യൂണിയനുകളും

**ജോസ് ടി എബ്രഹാം**

**"ചിക്കാഗോസ്കൂൾ" ചിന്താഗതിയുടെ സ്ഥാപകനായ മിൽറ്റൺ ഫ്രീഡ്മാന്റെ സാമ്പത്തിക ശാസ്ത്രം ചുരുക്കി ഒറ്റ വാചകത്തിൽ പറഞ്ഞാൽ "എല്ലാം കമ്പോളത്തിനു വിട്ടു കൊടുക്കുക" എല്ലാം കമ്പോളം തീരുമാനിക്കും എന്നതാണ്. എല്ലാം കമ്പോളം തീരുമാനിക്കും എന്നത് മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാം ലാഭം തീരുമാനിക്കും എന്നു തന്നെയാണ്. കമ്പോളമെന്നാൽ കടുത്ത മത്സരവും ലാഭത്തിനു വേണ്ടിയുള്ള നെട്ടോട്ടവുമാണ്. 1980 കൾ മുതൽ കെട്ടഴിച്ചുവിട്ട മത്സരവും ലാഭത്തിനു വേണ്ടിയുള്ള ഓട്ടവും മനുഷ്യസമൂഹത്തിൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ചെറിയ തോതിലെങ്കിലും നിലനിന്നിരുന്ന സന്തുലിതാവസ്ഥ തകിടം മറിച്ചു.**




"മിൽട്ടൻ ഫ്രീഡ്മാൻ" എന്ന അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞന്റെ ഉപദേശ പ്രകാരം അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റേഗനും ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചറും നടപ്പാക്കിയ "സ്വതന്ത്രകമ്പോള" വ്യവസ്ഥ (free Market) ഇന്നിപ്പോൾ ലോകമാകെ പടർന്നു പന്തലിച്ചെങ്കിലും അത് വലിയ പ്രതിസന്ധിയെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. "ചിക്കാഗോസ്കൂൾ" ചിന്താഗതിയുടെ സ്ഥാപകനായ മിൽറ്റൺ ഫ്രീഡ്മാന്റെ സാമ്പത്തിക ശാസ്ത്രം ചുരുക്കി ഒറ്റ വാചകത്തിൽ പറഞ്ഞാൽ "എല്ലാം കമ്പോളത്തിനു വിട്ടു കൊടുക്കുക" എല്ലാം കമ്പോളം തീരുമാനിക്കും എന്നതാണ്. എല്ലാം കമ്പോളം തീരുമാനിക്കും എന്നത് മറ്റൊരു തരത്തിൽ പറഞ്ഞാൽ എല്ലാം ലാഭം തീരുമാനിക്കും എന്നു തന്നെയാണ്. കമ്പോളമെന്നാൽ കടുത്ത മത്സരവും ലാഭത്തിനു വേണ്ടിയുള്ള നെട്ടോട്ടവുമാണ്. 1980 കൾ മുതൽ കെട്ടഴിച്ചുവിട്ട മത്സരവും ലാഭത്തിനു വേണ്ടിയുള്ള ഓട്ടവും മനുഷ്യസമൂഹത്തിൽ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ചെറിയ തോതിലെങ്കിലും നിലനിന്നിരുന്ന സന്തുലിതാവസ്ഥ തകിടം മറിച്ചു. സോഷ്യലിസത്തിന്റേയും സോവിയറ്റു യൂണിയനുൾപ്പെടെയുള്ള സോഷ്യലിസ്റ്റു രാജ്യങ്ങളുടെ സ്വാധീനവും ജോൺ മെയ്നാർഡ് കെയ്ൻസിന്റെ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രയോഗവും സാമ്പത്തിന്റെ വിതരണത്തിനു വേണ്ടിയുള്ള നയങ്ങൾ നടപ്പിലാക്കുന്നതിനെ വലിയ അളവിൽ സ്വാധീനിച്ചു. എന്നാൽ 1980 കൾ മുതൽ അന്തരീക്ഷമാകെ മാറി. "സ്വതന്ത്ര കമ്പോള വ്യവസ്ഥ" അല്ലെങ്കിൽ 'നവ ലിബറലിസം' 'ആഗോളവൽക്കരണം' എന്നൊക്കെ പൊതുവെ വിളിക്കപ്പെടുന്ന സാമ്പത്തിക സംവിധാനം ഒരു പിടി കുത്തകകളിലേക്ക് സമ്പത്ത് കേന്ദ്രീകരിക്കുന്നതിനും ബഹുഭൂരിപക്ഷത്തിന് ജീവിക്കാൻ പോലും സമ്പത്തില്ലാത്ത അവസ്ഥ സംജാതമാകുന്നതിനും വഴിയൊരുക്കി. ലോകത്തെ സമ്പത്തിന്റെ 50% ത്തിലധികം ഒരു ശതമാനം വരുന്ന ധാനഢ്യർ കയ്യടക്കി. അമേരിക്കയിലെ ഏറ്റവും വലിയ മൂന്നു ധനാഢ്യർ മൈക്രോസോഫ്റ്റിന്റെ ബിൽഗേറ്റ്സ് ബെർക്ക് ഷെയർ ഹാത്തെവയുടെ വാറൻബഫറ്റ്, ആമസോണിന്റെ ജെഫ്ബെസോസ് എന്നിവരുടെ സമ്പത്ത് അമേരിക്കയിലെ താഴെക്കിടയിലുള്ള അമ്പതു ശതമാനം ജനങ്ങ




ളുടെ സമ്പത്തിന് തുല്യമാണെന്ന് ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിൽ കണ്ടു. ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റൊരു പഠനത്തിൽ കണ്ടത് 1973 നും 2016 നും ഇടയിൽ തൊഴിലാളികളുടെ ഉല്പാദന ക്ഷമത 73.7% വർധിച്ചപ്പോൾ ഒരു മണിക്കൂറിലെ വേതനത്തിൽ ശരാശരി 12.5% വർധനവും മാത്രമാണുണ്ടായത്. അതായത് തൊഴിലാളികളുടെ ഉല്പാദനക്ഷമത വർധനവിന്റെ ഭീമമായ പങ്കും കൈയ്യടക്കിയത് മൂലധനമാണ്.

മേൽ സൂചിപ്പിച്ച തരത്തിൽ സമ്പത്ത് ഒരുപിടി ആൾക്കാരിലേക്ക് കേന്ദ്രീകരിക്കപ്പെടുകയും ബഹുഭൂരിപക്ഷം പാപ്പരീകരിക്കപ്പെടുകയും ചെയ്യുമ്പോൾ സ്വാഭാവികമായി തൊഴിലാളികളിൽ നിന്നും സാധാരണ ജനങ്ങളിൽ നിന്നും അതിനെതിരായ പ്രതിഷേധവും പ്രതിരോധവും ഉയർന്നുവരും. അത് ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഇന്നു കാണാൻ കഴിയും.

**അമേരിക്കയിൽ**

അമേരിക്കയിലെ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും 2018 ൽ അനേകം സമരങ്ങൾ നടന്നു. വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴും സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയുടെയും ആരോഗ്യ മേഖലയുടെയും കമ്പോളവൽക്കരണവും സ്വകാര്യവത്കരണവുമാണ് ഈ മേഖലയിൽ അസ്വസ്ഥതകൾ പടരാൻ കാരണമെന്ന് പരിശോധിച്ചാൽ കാണാൻ കഴിയും.

2018 ഫെബ്രുവരി– മാർച്ച് മാസങ്ങളിലായി അമേരിക്കയിലെ വെസ്റ്റ് വെർജീനയിൽ 33,000 ത്തിലധികം സ്കൂൾ അധ്യാപകർ ഒൻപതു ദിവസം പണിമുടക്കു നടത്തി. സ്കൂൾ ജീവനക്കാരും പണിമുടക്കിൽ പങ്കെടുത്തു. വെർജീനയെത്തുടർന്ന് കെന്റഗി, കൊളറാഡോ, ന്യൂജെഴ്സി, പൊയ്ർട്ടോറിക്കോ തുടങ്ങിയ പ്രദേശങ്ങളിലേക്കും അധ്യാപക സമരം പടർന്നുപിടിച്ചു.

ഏപ്രിൽ മാസത്തിൽ ഒക്‌ലഹോമയിലെ അധ്യാപകർ പണിമുടക്കു നടത്തി. ഏപ്രിൽ 2–ാം തീയതി ഒക്‌ലഹോമയിൽ പണിമുടക്കിയ അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ 15,000 ത്തിലധികം പേർ പങ്കെടുത്ത റാലിയും നടന്നു. ശമ്പള വർധനവും സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഏഴുലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് കൂടുതൽ ഫണ്ടും അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് ഒക്‌ലഹോമയിൽ സമരം നടക്കുന്നത്. അധ്യാപക സമരത്തിന് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും നല്ല പിന്തുണ ലഭിച്ചു. പ്രതിഷേധ പ്രകടനങ്ങളിൽ രക്ഷകർത്താക്കളും ഇതര മേഖലകളിലെ തൊഴിലാളികളും പങ്കെടുക്കുകയുണ്ടായി.

കെന്റഗിയിൽ 42,000 അധ്യാപകർ അവരുടെ പെൻഷൻ സംരക്ഷിക്കാൻ സമരത്തിലാണ്. കെന്റഗി സംസ്ഥാന ബഡ്ജറ്റിന്റെ പെൻഷൻ വിഹിതത്തിൽ ഈ വർഷം 1.1 മില്യൻ ഡോളറിന്റെ കുറവു വരുത്തുകയുണ്ടായി. ഇതിൽ അധ്യാപകർ അത്യന്തം രോഷാകുലരാണ്. അരിസോണയിലെ 51,000 അധ്യാപകർ പ്രതിഷേധത്തിലും സമരത്തിലുമാണ്. 2008 നു ശേഷം അരിസോണയിലെ 51,000 അധ്യാപകർ പ്രതിഷേധത്തിലും സമരത്തിലുമാണ്. 2008 നു ശേഷം അരിസോണ വിദ്യാഭ്യാസ വിഹിതത്തിൽ കുറവു വരുത്തിയത് 371 മില്യൻ ഡോളറിന്റെയാണ്.

2 ലക്ഷത്തിലധികം വരുന്ന പോസ്റ്റൽ ജീവനക്കാരുടെ വേതനക്കരാർ സെപ്തംബർ 20 ന് മുൻപായി പുതുക്കണം. അവർ അതിനായി സമരത്തിനു തയാറെടുക്കുകയാണ്. രണ്ടു ലക്ഷത്തി എൺപതിനായിരത്തിലധികം വരുന്ന യുണൈറ്റഡ് പാഴ്സൽ സർവീസ് ജീവനക്കാരുടെ വേതനക്ക

രാർ ജൂലൈ 31 ന് മുൻപായി പുതുക്കണം. അവരും പ്രതിഷേധത്തിലാണ്.

ഈ രൂപത്തിൽ അമേരിക്കയിലെ നാനാ മേഖലകളിൽ പ്രതിഷേധങ്ങളും സമരങ്ങളും ഉയരുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് "തൊഴിലിടങ്ങളിലെ ജനാധിപത്യ നിയമം" എന്ന ബിൽ അമേരിക്കൻ സെനറ്റിൽ അവതരിപ്പിച്ചത്.

**ട്രേഡ് യൂണിയനുകളെ ശക്തമാക്കാൻ സാൻഡേഴ്സിന്റെ ബിൽ**

ബെർനി സാൻഡേഴ്സ് അമേരിക്കയിലെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുകയും ഇന്നിപ്പോൾ അമേരിക്കയിലെ ഏറ്റവും ജനപ്രിയനായ ഒരു സെനറ്ററുമാണ്. ബെർനി സാൻഡേഴ്സ് അമേരിക്കൻ സെനറ്റിൽ തൊഴിലിടങ്ങളിലെ ജനാധിപത്യ നിയമം (Work place democracy act) എന്നൊരു ബിൽ അവതരിപ്പിക്കുകയുണ്ടായി. ബില്ലിന് പ്രധാനമായി രണ്ടു ലക്ഷ്യങ്ങളാണുള്ളത്. ഒന്ന് ട്രേഡ് യൂണിയൻ രൂപീകരണം എളുപ്പത്തിലാക്കുക. രണ്ട് ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി കരാറിലേർപ്പെടുന്നത് നിയമപരമാക്കുക.

ഈ ബില്ല് അവതരിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് അമേരിക്കയിൽ ഇന്നുയർന്നുവന്നുകൊണ്ടിരിക്കുന്ന തൊഴിലാളി സമരങ്ങളാണ്. ബില്ലിനെകുറിച്ച് സാൻഡേഴ്സ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. "തൊഴിലാളികൾ സംഘടിതരാകുമ്പോൾ അവർ കൂടുതൽ ശക്തരാകുമെന്ന് കോർപറേറ്റ് അമേരിക്കക്കാരിൽ തൊഴിലാളികൾ സംഘടിത വിലപേശൽ നടത്തുമ്പോൾ അവർക്ക് കൂടുതൽ നല്ല വേതനവും ആനുകൂല്യവും ലഭിക്കുന്നു. അതുകൊണ്ടാണ് പതിറ്റാണ്ടുകളായി തൊഴിലാളികൾ സംഘടിക്കുന്നതിനെതിരെ ശക്തമായ ആക്രമണം കേന്ദ്രീകൃതമായിതന്നെ നടത്തിക്കൊണ്ടിരിക്കുന്നത്".

ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് കൊണ്ട് വനിതാ സെനറ്റർ ക്രിസ്റ്റൻ ഗില്ലി ബ്രാൻഡ് പറഞ്ഞതും ശ്രദ്ധേയമാണ്. "അനേകം ആക്രമണങ്ങൽ നേരിട്ടുകൊണ്ടും യൂണിയനുകൾ തൊഴിലാളികൾക്കും അവർ ചെയ്യുന്ന ജോലിക്കും നല്ല പ്രതിഫലം ലഭിക്കാൻ പരിശ്രമിക്കുകയാണ്. നമുക്കറിയാം തൊഴിലാളികളുടെ സംഘടിത വിലപേശൽ ശക്തിക്ക് ഭീഷണി നേരിട്ടാലും ദുർബലമായാലും കോർപറേഷനുകൾക്ക് തൊഴിലാളികളുടെ മേൽ അതിഭീമമായ അധികാരം ലഭിക്കും. കോർപറേഷനുകൾ തൊഴിലാളികളുടെ വേതനം ഏറ്റവും കുറഞ്ഞ നിലയിൽ നിർത്തും. ഇന്ന് ഈ രാജ്യത്ത് മുഴുവൻ സമയ ജോലിക്കാർ പോലും ദാരിദ്ര്യത്തിലാണ് ജീവിക്കുന്നത്. ഇത്തരത്തിലല്ല നമ്മുടെ സമ്പദ്‌വ്യവസ്ഥ ചരിക്കേണ്ടത്. അതുകൊണ്ടാണ് ട്രേഡ് യൂണിയനുകൾ ശക്തമാകണമെന്ന് ഞാൻ വാദിക്കുന്നത്."

"തൊഴിലിടങ്ങളിലെ ജനാധിപത്യബില്ലിന്റെ" ആമുഖത്തിൽ സാൻഡേഴ്സ് പറയുന്നുണ്ട് യൂണിയൻ അംഗത്വം തൊഴിലാളികൾക്ക് ഏറ്റവും നല്ലതാണ്. അമേരിക്കൻ ബ്യൂറോ ഓഫ് ലേബർ സ്റ്റാറ്റിസ്റ്റിക്സ് 2015 ൽ പ്രസിദ്ധീകരിച്ച കണക്കുകളിൽ നിന്നു തന്നെ ഇതു വ്യക്തമാണ്. യൂണിയൻ രൂപീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം യൂണിയനിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെക്കാൾ 27% കൂടുതലാണ്. സംഘടിതരായി യൂണിയൻ അംഗങ്ങളായി നിൽക്കുന്ന തൊഴിലാളികളിൽ 79% പേർക്കും ആരോഗ്യ ഇൻഷുറൻസ് ലഭ്യമാണ്. എന്നാൽ യൂണിയനംഗങ്ങളല്ലാത്ത 49% തൊഴിലാളികൾക്കേ ആരോഗ്യ ഇൻഷുറൻസ് ലഭിക്കുന്നുള്ളൂ. യൂണിയൻ അംഗങ്ങളിൽ 76% പേർക്ക് കൃത്യമായി നിശ്ചയിക്കപ്പെട്ട പെൻശൻ ലഭിക്കുമ്പോൾ യൂണിയൻ അംഗങ്ങളല്ലാത്ത 16% പേർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നത്. 83% യൂണിയനിൽ അംഗങ്ങളായവർക്ക് സിക്ക് ലീവ് ലഭിക്കുമ്പോൾ യൂണിയനില്ലാത്ത 62% പേർക്കേ സിക്ക് ലീവ് ലഭിക്കുന്നുള്ളൂ.

തൊഴിലാളികൾ സംഘടിതരായാൽ ഉണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് കോർപറേറ്റുകൾക്ക് നല്ല ബോധ്യമുണ്ട്. അതിനാൽ തന്നെ തൊഴിലാളികൾ സംഘടിക്കുന്നതിനെതിരെ ശക്തമായ ആക്രമണമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

തൊഴിലാളികൾ സംഘടിച്ചാൽ അവർക്ക് തൊഴിൽ പോകാനുള്ള സാധ്യത കൂടുതലാണ്. അഞ്ചിലൊരാളെ അമേരിക്കയിൽ ഇത്തരത്തിൽ പുറത്താക്കുന്നു എന്നാണ് കണക്ക്. യൂണിയൻ രൂപീകരിച്ചാൽ പല മുതലാളിമാരും ഫാക്ടറി അല്ലെങ്കിൽ സ്ഥാപനം അടക്കുമെന്നും മറ്റു സ്ഥലങ്ങളിലേക്കു മാറ്റി സ്ഥാപിക്കുമെന്നും ഭീഷണിപ്പെടുത്തും. തൊഴിലാളികൾ യൂണിയൻ രൂപീകരിക്കാൻ പോകുന്നു എന്നു കേട്ടാൽ 92% മുതലാളിമാരും അവരെ വിളിച്ചും യൂണിയൻ രൂപീകരിക്കരുതെന്ന് ഉപദേശിക്കുന്നു. അതിന്റെ ദോഷങ്ങളെയും പ്രശ്നങ്ങളും കുറിച്ച് അവരെ പഠിപ്പിക്കുന്നു. ഇത്തരത്തിൽ ശക്തമായ അക്രമണമാണ് യൂണിയനുകൾക്കെതിരെ കോർപറേറ്റുകൾ നടത്തുന്നത്. എന്നാൽ ലോകമാകെ തൊഴിലാളികൾക്കും കർഷകർക്കും എല്ലാം സംഘടിക്കേണ്ടതിന്റെയും സമരം ചെയ്യേണ്ടതിന്റെയും അനിവാര്യത ബോധ്യമായിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയിലെ പോലെ തന്നെ ഫ്രാൻസിലും സ്പെയിനിലും ഗ്രീസിലുമെല്ലാം അതിഗംഭീര സമരങ്ങൾ ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. ഒരുവശത്ത് തീവ്ര വലതുപക്ഷം ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുമ്പോൾ മറുവശത്ത് പ്രതിരോധവും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രതിരോധത്തിൽ ട്രേഡ് യൂണിയനുകൾക്ക് അതിപ്രധാനമായ പങ്കാണ് വഹിക്കാനുള്ളത്. ■

### എച്ച്ഡിഎഫ്സി, മുത്തൂറ്റു ഫിനാൻസ്, സിന്തെറ്റ്സ് സമരം

# സമാനതകളേറെ

കെ എൻ ഗോപിനാഥ്

**തൊഴിലാളി പക്ഷ ജനകീയ സർക്കാരിന്റെ കേരളത്തിലെ അന്തരീക്ഷവും എല്ലാ തൊഴിലാളി സംഘടനകളുടെയും പിന്തുണയും മുത്തൂറ്റു ഫിനാൻസ്. എച്ച്ഡിഎഫ്സി, സിന്തെറ്റ്സ് തൊഴിലാളികൾ പുലർത്തിയ സമര ബോധവും ത്യാഗനിർഭരമായ നിരന്തര പോരാട്ടവുമാണ് ഒത്തുതീർപ്പിലൂടെ സമരം വിജയകരമായി അവസാനിപ്പിക്കുവാൻ സാധിച്ചതിന്റെ അടിസ്ഥാനം. സസ്പെൻഷൻ, കൂട്ടപ്പിരിച്ചുവിടൽ, ആനുകൂല്യങ്ങൾ നിഷേധിക്കൽ, വെട്ടിക്കുറക്കൽ എന്നിങ്ങനെ മാനേജ്മെന്റുകൾ നടത്തിയ ആക്രമണങ്ങളെ ശക്തമായ തൊഴിലാളി വർഗ ഐക്യത്തോടെയാണ് അവർ നേരിട്ടത്. കേരളത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നാൽ തൊഴിലാളികൾക്ക് മാന്യമായ കൂലി നൽകാതിരിക്കുക, തൊഴിലാളി സംഘടനകളെ അംഗീകരിക്കാതിരിക്കുക എന്നതല്ല എന്ന് മാനേജ്മെന്റുകൾ മനസിലാക്കേണ്ടതുണ്ട്.**

എച്ച്ഡിഎഫ്സി സ്റ്റാൻഡേർഡ് ഇൻഷുറൻസിലെയും മുത്തൂറ്റ് ഫിനാൻസിലെയും എറണാകുളത്തെ സിന്തെറ്റ്സ് ഇൻഡസ്ട്രിയുടെയും തൊഴിലാളി സംഘടനകൾ, സിഐടിയു നേതൃത്വത്തിൽ ഏറ്റെടുക്കാൻ സമീപകാല സമരങ്ങളെല്ലാം വൻ വിജയമാക്കുവാനും ആവശ്യങ്ങൾ ഒത്തുതീർപ്പിലൂടെ നേടിയെടുക്കാനും തൊഴിലാളികൾക്ക് സാധിച്ചത് ആധുനിക കാലത്ത് തൊഴിലാളി വർഗ പ്രസ്ഥാനത്തിന് പൊതുവിൽ തിളക്കമാർന്ന അനുഭവമാണ്.

ലോകത്താകെ ധനകാര്യ ധനമൂലധന ശക്തികൾ സമ്പത്ത് കുന്നുകൂട്ടുന്നതിനായി പ്രാകൃത മൂലധന കേന്ദ്രീകരണ സമ്പ്രദായമാണ് സ്വീകരിച്ചു വരുന്നത്. മൂലധന കേന്ദ്രീകരണത്തിന്റെ രാഷ്ട്രീയ രൂപമായ സാമ്രാജ്യത്വവും സാമ്പത്തിക അടിത്തറയായ കോർപറേറ്റ് വൽക്കരണവും ശക്തമാകുന്ന കാഴ്ചയാണ് ഇത്തരം വളർച്ചക്ക് യാതൊരു തത്വദീക്ഷയുമില്ല; വെളിയും വെള്ളിയാഴ്ചയുമില്ല. കൊള്ളക്കൊടുക്കലിന് വഴിയൊരുക്കുന്ന മൂലധന ശക്തികൾ പുതിയ വഴികൾ വെട്ടിതുറക്കുകയാണ്. ട്രേഡ് യൂണിയൻ അവകാശങ്ങൾ ചവിട്ടിമെതിക്കുന്നു. ഇതിന്റെ പരിണിത ഫലം തൊഴിലില്ലായ്മയും ദാരിദ്ര്യവും പെരുകുന്നു. മറുവശത്ത് സമ്പന്നന്മാരുടെ എണ്ണവും സമ്പത്തും വർധിക്കുന്നു.

പരിമിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ആധുനിക മേഖല തഴച്ചു വളരുകയാണ്. അവരുടെ ലാഭം പെരുകുകയാണ്. എന്നാൽ അതനുസരിച്ച് തൊഴിലാളികളുടെ വരുമാനം വർധിക്കുന്നില്ല. ജീവിത ചെലവുകൾ അധികരിക്കുമ്പോൾ വരുമാനം വെട്ടിക്കുറക്കപ്പെടുകയാണ് ചെയ്യുന്നത്. സമീപകാലത്ത് ഇത്തരം മൂലധന സമാഹരണത്തിന്റെ ന്യൂ ജൻ മേഖലയിൽ ചർച്ചയായ പേരുകളാണ് വിജയ് മല്യ, നീരവ് മോഡി, വിക്രം കോത്താരി, ചന്ദ്ര കൊച്ചാർ തുടങ്ങിയവരുടേത്. വിവാദ ചർച്ചക്ക് അവസരം ഉണ്ടാകാതെ കൈയ്യൊരുക്കത്തോടെ ബിസിനസ് നടത്തുന്ന ബാങ്കിംഗ് ഇൻഷുറൻസ് മേഖലയിൽ പ്രമുഖ സ്ഥാപനങ്ങളാണ് എച്ച്ഡിഎഫ്സി, മുത്തൂറ്റ് ഫിനാൻസ് തുടങ്ങിയവ. സിന്തെറ്റ്സ് ഒരു സ്വകാര്യ വ്യവസായിയുടെ കഠിനാധ്വാനം കൊണ്ട് വളർന്ന് വലുതായ മികവുറ്റ വ്യവസായമാണ്. ഇത്തരം മോഡേൺ, കയറ്റുമതി പ്രധാന വ്യവസായങ്ങളിലും ന്യൂ ജൻ ധനകാര്യ ഇൻഷുറൻസ് സ്ഥാപനങ്ങളിലും നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങളിലും പതിനായിരക്കണക്കിന് തൊഴിലാളികളാണ് തൊഴിലെടുക്കുന്നത്.

ഇത്തരം സ്ഥാപനങ്ങൾ മോഡേൺ മാനേജ്മെന്റ് കൈകാര്യമേഖല എന്നാണ് അറിയപ്പെടുന്നത്. അവർക്ക് ട്രേഡ് യൂണിയനുകളെ അംഗീകരിക്കുവാൻ ബുദ്ധിമുട്ടാണ്. സേവന- വേതന വ്യവസ്ഥകൾ സംബന്ധിച്ച സുതാര്യമായ പെരു




**ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും, മുഖ്യമന്ത്രി സ: പിണറായി വിജയനും തൊഴിലാളികളെയും ട്രേഡ് യൂണിയനുകളെയും തള്ളിപ്പറയുമെന്നായിരുന്നു ചിലരുടെ ധാരണ. സംഘടിത പ്രസ്ഥാനങ്ങളുടെ മറവിൽ നോക്കു കൂലി വാങ്ങുന്നതും നിശ്ചലമായ ഒരാലോചനയുമില്ലാതെ എവിടെയും കുത്താനുള്ളതല്ല എന്ന് നിയമസഭയിൽ എല്ലാവരെയും ജാഗ്രതപ്പെടുത്തിയ മുഖ്യമന്ത്രിയും സർക്കാരും സിന്തെറ്റ്സ് പ്രശ്നത്തിലും മുത്തൂറ്റ് പ്രശ്നത്തിലും ട്രേഡ് യൂണിയനുകളെ തള്ളിപ്പറയുകയല്ല ചെയ്തത്. മറിച്ച് നിയമസഭയിൽ അദ്ദേഹം പറഞ്ഞത് ട്രേഡ് യൂണിയനുകളെ അംഗീകരിക്കാൻ മനസ് കാണിക്കണം. ഒരു ടേബിളിനു മുന്നിൽ പരസ്പരം ചർച്ച ചെയ്ത് പരിഹരിക്കേണ്ട പ്രശ്നങ്ങൾ വഷളാക്കുന്ന മാനേജ്മെന്റുകളെയാണ് അദ്ദേഹം കുറ്റപ്പെടുത്തിയത്.**

മാറ്റച്ചട്ടം ഉണ്ടാക്കുവാൻ ഇത്തരം സ്ഥാപനങ്ങളുടെ മാനേജ്മെന്റ്കൾ തയാറല്ല. ഇത്തരം കാര്യങ്ങളെല്ലാം തൊഴിലാളികളുമായി പങ്കുവയ്ക്കാനും തയാറല്ല. ഈ ധനകാര്യ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ഭീമമായ വരുമാനം ജീവനക്കാരെ പരിഭ്രാന്തരാക്കിയും ഭീഷണിപ്പെടുത്തിയുമാണ് സംഘടിപ്പിക്കുന്നത്. ഇൻഷുറൻസ് സ്ഥാപനങ്ങൾ ഏകപക്ഷീയമായി നിശ്ചയിക്കുന്ന പെർഫോമൻസ് നേടാനായില്ലെങ്കിൽ (ശരിയായ പദം 'അച്ചീവ്') ചെയ്യാൻ തരം താഴ്ത്തൽ സ്ഥലം മാറ്റം, പിരിച്ചുവിടൽ തുടങ്ങിയ പീഡന മുറകളാണ് മാനേജ്മെന്റുകൾ പ്രയോഗിക്കുന്നത്. ജീവനക്കാരെ വല്ലാത്ത മാനസിക പിരിമുറുക്കത്തിലേക്കാണ് ഇത്തരം രീതികൾ നയിക്കുക. കഠിനാധ്വാനം ചെയ്യുന്ന ജീവനക്കാരെ ഓപ്പൺ ഹൗസുകൾ സംഘടിപ്പിച്ച് വാനോളം പുകഴ്ത്തുന്ന മാനേജ്മെന്റുകൾ പോലും അവർക്ക് മതിയായ വേതനം നൽകാത്ത അവസ്ഥയാണുള്ളത്.

തൊഴിൽ നിയമങ്ങളിൽ പറയുന്ന ഇത്തരം "അൺ ഫെയർ മാനേജ്മെന്റ് പ്രാക്ടീസസ്" ആണ് സമീപകാലത്ത് ഇത്തരം പുതുതലമുറ സ്ഥാപനങ്ങളിൽ തൊഴിലാളികൾ കൂട്ടായി വില പേശാനുള്ള മാർഗങ്ങൾ തേടാനിടവരുത്തിയത്. മുത്തൂറ്റ് ഫിനാൻസ്, മുത്തൂറ്റ് ഫിൻകോർപ്, മിനിമുത്തൂറ്റ്, കൊശമറ്റം, മണപ്പുറം ഫിനാൻസ് തുടങ്ങിയ പ്രധാന സ്ഥാപനങ്ങളിൽ യൂണിയൻ രൂപീകരിച്ച് സിഐടിയുവിൽ അഫിലിയേറ്റ് ചെയ്തു. എച്ച്ഡിഎഫ്സി, ബജാജ് അലിയൻസ്, മെറ്റ്ലൈഫ്, അവീവ, ടാക്സ്ബ്ബൂബ, എച്ച്എംഎൽ, സ്റ്റാർ ഹെൽത്ത് തുടങ്ങിയ ബാങ്കിംഗ്– ഇൻഷുറൻസ് സ്ഥാപനങ്ങളിലും സിഐടിയു രൂപീകരിക്കാൻ തൊഴിലാളികൾ തയാറായി. ആധുനിക വ്യവസായമായ എറണാകുളത്തെ സിന്തെറ്റ് ഇൻഡസ്ട്രിയിലെ തൊഴിലാളികളും ഈ വഴിക്കാണ് നീങ്ങിയത്. എന്നാൽ കുശാഗ്രബുദ്ധികളായ മാനേജ്മെന്റുകൾ ട്രേഡ് യൂണിയനുകൾ അംഗീകരിക്കാത്ത സ്ഥിതിയായി. മഹാ ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളിൽ സ്വാഭാവികമായും വനിതാ ജീവനക്കാർ വലിയ തോതിൽ സിഐടിയുവിൽ ചേർന്നുകൊണ്ടിരിക്കുന്നു. യൂണിയനിൽ ചേർന്ന സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ ആക്ഷേപിക്കാനും ഭീഷണിപ്പെടുത്താനും അധിക്ഷേപിച്ച് അശ്ലീലചുവയോടെ സംസാരിക്കാനും വാട്സാപ്പ് പോലുള്ള നവമാധ്യമ മേഖലയെയും ചില മാനേജ്മെന്റുകൾ ഉപയോഗപ്പെടുത്തുകയായിരുന്നു. നല്ലൊരു ശതമാനം തൊഴിലാളികളെ സ്ഥലം മാറ്റി പ്രതികാരം ചെയ്തു. യൂണിയനിൽ ചേർന്നാൽ പിരിച്ചുവിടുമോ എന്ന ഭയപ്പാടിലാണ് നിരവധി തൊഴിലാളികൾ. ഇത്തരം നിലപാടുകളെ തൃണവൽഗണിച്ചാണ് വനിതകളടക്കം നിരവധി തൊഴിലാളികൾ കൂട്ടമായി സിഐടിയു രൂപീകരിക്കാൻ മുന്നോട്ടു വന്നത്. സമീപകാലത്തെ ഇത്തരം കോർപറേറ്റ് മാനേജ്മെന്റുകളെ നേരിടാൻ തൊഴിലാളികൾ കാണിച്ച ധൈര്യവും ആത്മവിശ്വാസവുമാണ് ഇവിടങ്ങളിലെല്ലാം കാണുന്ന തൊഴിലാളികളുടെ വർധിച്ച തോതിലുള്ള ഐക്യത്തിനും സമര സന്നദ്ധതക്കും അടിസ്ഥാനമായത്. സസ്പെൻഷൻ, കൂട്ടപ്പിരിച്ചുവിടൽ, ആനുകൂല്യങ്ങൾ നിഷേധിക്കൽ, വെട്ടിക്കുറക്കൽ എന്നിങ്ങനെ മാനേജ്മെന്റുകൾ നടത്തിയ ആക്രമണങ്ങളെ ശക്തമായ തൊഴിലാളി വർഗ ഐക്യത്തോടെയാണ് അവർ നേരിട്ടത്. അതിനുള്ള വിജയമാണ് സമീപകാലത്ത് സമരങ്ങളോടെ ഭാഗികമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ.

സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും, മുഖ്യമന്ത്രി സ: പിണറായി വിജയനും തൊഴിലാളികളെയും ട്രേഡ് യൂണിയനുകളെയും തള്ളിപ്പറയുമെന്നായിരുന്നു ചിലരുടെ

ശേഷം പേജ് 49

## ടവർ കമ്പനി രൂപീകരണം

# ലക്ഷ്യം പിൻവാതിൽ സ്വകാര്യവൽക്കരണം

**കെ.മോഹനൻ**



**സ്വന്തമായ ചിലവിൽ ബി.എസ്.എൻ.എൽ. പടുത്തുയർത്തിയ 66000 ത്തോളം ടവറുകൾ സ്വകാര്യ മുതലാളിമാർക്ക് ദാനം ചെയ്യാനാണ് കേന്ദ്ര സർക്കാറിന്റെ ശ്രമം. ബി.എസ്.എൻ.എൽ.ന്റെ വരുമാന സ്രോതസായിരുന്ന ടവറുകൾ ഇനി ജിയോ ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികൾക്ക് സ്വന്തം. ഇത് ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതാണ്. രൂപീകരിക്കപ്പെടുന്ന ടവർ കമ്പനി സ്വകാര്യ മുതലാളിമാർക്ക് കൈമാറും. ജനങ്ങളുടെ വാർത്താവിനിമയ അവകാശം സംരക്ഷിക്കപ്പെടണമെങ്കിൽ ബി.എസ്.എൻ.എൽ. നിലനിൽക്കുകതന്നെ വേണം.**

ഇന്ത്യൻ ടെലികോം രംഗത്തെ ജനപക്ഷ സാന്നിദ്ധ്യമാണ് ബി.എസ്.എൻ.എൽ. സ്വകാര്യകമ്പനികളുടെ കഴുത്തറപ്പൻ ചൂഷണത്തിൽ നിന്ന് ജനങ്ങൾക്ക് തെല്ലെങ്കിലും ആശ്വാസം നൽകുന്നത് ഈ പൊതുമേഖലാ സ്ഥാപനം മാത്രമാണ്. കമ്പോളത്തിലെ ബി.എസ്.എൻ.എൽ.ന്റെ നിലനിൽപ്പാണ് സ്വകാര്യകമ്പനികളുടെ അമിത ചൂഷണത്തിന് അല്പമെങ്കിലും തടയിടുന്നത്. താരീഫ് നിർണ്ണയത്തിൽപോലും സ്വകാര്യകമ്പനികൾ നിയന്ത്രണമേർപ്പെടുത്തുന്നത് തന്നെ ബി.എസ്.എൻ.എൽ സേവന രംഗത്ത് സജീവമായതുകൊണ്ടാണ്. അതുകൊണ്ടാണ് കേന്ദ്രസർക്കാറിന്റെ മാനസപുത്രനായ റിലയൻസ് ജിയോയുടെ മുകേഷ് അംബാനി, ബി.എസ്.എൻ.എൽ. മാത്രമാണ് തങ്ങൾക്ക് വെല്ലുവിളിയെന്ന് നിരീക്ഷിച്ചത്. ബി.എസ്.എൻ.എൽ.ന്റെ നിലനിൽപ്പ് ജനങ്ങളെയും ഉപഭോക്താക്കളെയും സംബന്ധിച്ച് അത്യന്താപേക്ഷിതമാണ്. മൊബൈൽ ആരംഭിച്ച സന്ദർഭത്തിൽ സ്വകാര്യ മുതലാളിമാർ ഈടാക്കിയ അമിത താരീഫ് ഘടനക്ക് അന്ത്യം കുറിച്ചത് ബി.എസ്.എൻ.എൽ സേവനമാരംഭിച്ചിതിന് ശേഷം മാത്രമാണെന്ന യാഥാർത്ഥ്യം ഈ ഘട്ടത്തിലും പ്രസക്തമാണ്.

1991 മുതൽ അരങ്ങേറിയ ആഗോളവൽക്കരണ നയം ബി.എസ്.എൻ.എൽ.ന്റെ അന്ത്യം കാണാനുള്ള പടുപ്പുറപ്പാടിലാണ്. 2014-ൽ അധികാരത്തിൽ വന്ന മോദി സർക്കാറാകട്ടെ അതിനുള്ള ആയുധങ്ങൾക്ക് മൂർച്ചകൂട്ടിക്കൊണ്ടിരിക്കുകയുമാണ്. ഓഹരിവില്പന. ആസ്തി കൈമാറൽ, കേബിൾ മറിച്ച് നൽകൽ തുടങ്ങി നിരവധി നടപടികളിലൂടെ ആരംഭിച്ചതാണെങ്കിലും ജീവനക്കാരുടെ പ്രതിരോധത്തിന് മുമ്പിൽ എല്ലാം തകർന്നു. നിതിആയോഗിന്റെ വില്പനാ പട്ടികയിൽ ബി.എസ്.എൻ.എൽ നെ ഉൾപ്പെടുത്തിയെങ്കിലും അതിനെതിരെയും തൊഴിലാളികൾ സംഘടിതമായി

പൊരുതി. അതുകൊണ്ട് തന്നെ നേരിട്ടുള്ള കൊലപാതകമല്ല, ഇഞ്ചിഞ്ചായുള്ള വധമാണ് സർക്കാർ നിർവഹിക്കുന്നത്. അതിന്റെ ഭാഗമാണ് 40000 കോടി രൂപ വരുമാനവും 10,000 കോടി രൂപ ലാഭവുമുണ്ടായിരുന്ന ബി.എസ്.എൻ.എൽ.നെ ടെലികോം രംഗത്ത് മുന്നേറാനും പുതിയ സാങ്കേതിക വിദ്യകളിലൂടെ വികസനക്കുതിപ്പ് നടത്താനും അനുവദിക്കാതെ, ടെണ്ടർ നടപടികൾ റദ്ദുചെയ്ത് നഷ്ടങ്ങളുടെ നിലയില്ലാക്കയത്തിലേക്ക് തള്ളിവിട്ടത്. 2008-ൽ നാലരകോടി ലൈനും തുടർന്ന് 9.3 കോടി ലൈനും നൽകാനുള്ള ടെണ്ടറുകളാണ് റദ്ദാക്കിയത്. അതോടെ ടെലികോം കമ്പോളത്തിൽ ബി.എസ്.എൻ.എൽ. സ്വകാര്യ കമ്പനികൾക്ക് പിന്നിലായി. അതോടെ സ്ഥാപനം നഷ്ടത്തിലേക്ക് കുതിച്ചു. നഷ്ടത്തിന്റെ പേരിൽ കമ്പനിയെ തന്നെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. രണ്ടരലക്ഷം കോടിരൂപ ആസ്തിയുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിന് ചുറ്റുമാണ് സ്വകാര്യ കോർപ്പറേറ്റ് കഴുകൻമാർ വട്ടമിട്ട് പറക്കുന്നത്. അവരെ എല്ലാ അർത്ഥത്തിലും കേന്ദ്രസർക്കാർ സഹായിക്കുകയാണ്. സ്ഥാപനത്തെ ശിഥിലികരിച്ച് വില്പനയ്ക്കുള്ള ശ്രമമാണ് സർക്കാർ ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്.

ബി.എസ്.എൻ.എൽ.ന്റെ രക്തധമനികൾ എന്ന് വിശേഷിപ്പിക്കാവുന്നതാണ് ടവറുകൾ. മൊബൈൽ സേവനം ടവറുകൾ വഴിയാണ് നിർവഹിക്കുന്നത്. സ്വന്തമായ ചിലവിൽ ബി.എസ്.എൻ.എൽ. പടുത്തുയർത്തിയതാണ് ഈ ടവറുകളെല്ലാം. നക്സൽ ബാധിത മേഖലകളിലും, തീവ്രവാദികളുടെ കേന്ദ്രങ്ങളിലും, ഡടഛ ഫണ്ടിന്റെ സഹായത്തോടെ ബി.എസ്.എൻ.എൽ.ന്റെ ടവറുകൾ പ്രവർത്തിക്കുന്നു. സ്വന്തം മുതൽ മുടക്കി നിർമ്മിച്ച 66000 ത്തോളം ടവറുകൾ സ്വകാര്യ മുതലാളിമാർക്ക് ദാനം ചെയ്യാനാണ് കേന്ദ്ര സർക്കാറിന്റെ ശ്രമം.

ഇന്ത്യൻ ടെലികോം രംഗത്ത് പുതുതായി കടന്നുവന്ന മുകേഷ് അംബാനിയുടെ റിലയൻസ് ജിയോയെ കൈയച്ച് സഹായിക്കുകയാണ് കേന്ദ്ര സർക്കാർ. പ്രധാനമന്ത്രിയുടെ പരസ്യചിത്രത്തോടെയുള്ള പ്രചരണം, ട്രായ് നിബന്ധനകളെ മറികടന്ന് താരീഫ് നിർണ്ണയിച്ചതും സൗജന്യം പ്രഖ്യാപിച്ചതും, സ്വതന്ത്രമായി താരിഫ് നിർണ്ണയിക്കാനുള്ള അവകാശം എന്നിവ വഴി ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കാൻ സർക്കാർതന്നെ റിലയൻസ് ജിയോക്ക് അവസരമുണ്ടാക്കി. നിയമവിരുദ്ധ നടപടിയാണിതെന്ന് അന്നത്തെ ടെലികോം സെക്രട്ടറി പരസ്യമായി പ്രതികരിച്ചെങ്കിലും റിലയൻസ് ജിയോക്കുള്ള സഹായം നിഷേധിക്കുകയല്ല, ടെലികോം സെക്രട്ടറിക്ക് സ്ഥാനചലനംവരുത്തുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. എയർടെൽ, വൊഡാഫോൺ, ഐഡിയ തുടങ്ങിയ സ്വകാര്യ കമ്പനികൾക്ക്പോലും വെല്ലുവിളിയുയർത്തിയാണ് അംബാനിയുടെ ജിയോ പ്രവർത്തിക്കുന്നത്. കേന്ദ്രസർക്കാറിന്റെ ഖജനാവിലേക്ക് നൽകുന്ന വരുമാനത്തിൽപ്പോലും ജിയോയുടെ സൗജന്യ പ്രഖ്യാപനത്തിന്റെ ഫലമായി കുറവ് വന്നിട്ടും സർക്കാർ ഇപ്പോഴും ജിയോയുടെ പക്ഷത്ത് തന്നെ . അമ്പരന്ന് നിന്ന സ്വകാര്യ ടെലികോം കമ്പനികൾക്കും കേന്ദ്രസർക്കാർ ഒരു പരിധിവരെ താങ്ങായി. എന്നാൽ ഇന്ത്യയുടെ ഗ്രാമങ്ങളിലും, നഗരങ്ങളിലും പടർന്നു പന്തലിച്ച, 18,000 ൽ അധികം എക്സേഞ്ചുകളിലൂടെ പ്രവർത്തിക്കുന്ന 10 കോടിയിലധികം മൊബൈൽ ഉപഭോക്താക്കളുള്ള 70,000 ത്തോളം ടവറുകൾ

**പുത്തൻ സാങ്കേതിക ശേഷിയുമായി വിപണിയിലിറങ്ങുന്ന ആൻഡ്രോയിഡ്ഫോണുകൾ അതിവേഗ ഡാറ്റാലഭ്യത, മറ്റെല്ലാ കാര്യങ്ങളും നിർവഹിക്കാൻ കഴിയുന്ന മൈക്രോ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉൾപ്പെടെ വളർന്നു വരുമ്പോൾ അതിനെയെല്ലാം കുത്തകകൾക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള ശ്രമമാണ് നടക്കുന്നത്. നമ്മുടെ ആഭ്യന്തര രഹസ്യങ്ങൾപോലും മൂലധന ശക്തികളുടെ അകത്തളങ്ങളിലെത്തിക്കുന്ന വമ്പൻ സാങ്കേതിക വിദ്യകളുടെ നിയന്ത്രണമുൾപ്പെടെ വിറ്റ് കാശാക്കുന്ന സ്വകാര്യ മുതലാളിമാർക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തണം. ബി.എസ്.എൻ.എൽ.ന്റെ തകർച്ച സ്വാഭാവികമായി ജനങ്ങളുടെ വാർത്താവിനിമയത്തിന് പ്രയാസങ്ങൾ സൃഷ്ടിക്കും.**

സ്വന്തമായുള്ള, 65000 കോടി രൂപയുടെ ഭൂമി (ബി.എസ്.എൻ.എൽ.ന്റെ മൂന്നിലൊന്ന് ഭൂമിയുടെ വിലയാണിത്) സ്വന്തമായുള്ള, മൊത്തത്തിൽ രണ്ടര ലക്ഷം കോടിയുടെ ആസ്തിയുള്ള ബി.എസ്.എൻ.എൽ.നെ ജിയോ ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികളുടെ താല്പര്യങ്ങൾക്ക് വഴങ്ങി ഇല്ലാതാക്കാനാണ് സർക്കാർ ശ്രമം. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് സ്വതന്ത്രമായ ടവർ കമ്പനി രൂപീകരണം. ബി.എസ്.എൻ.എൽ.ന്റെ ടവറുകൾ പ്രത്യേക കമ്പനിയിലേക്ക് മാറ്റാനുള്ള ശ്രമമാണ് ആരംഭിച്ചിട്ടുള്ളത്.

ബി.എസ്.എൻ.എൽ. ന്റെ അനുബന്ധ കമ്പനിയായിരിക്കും രൂപീകരിക്കപ്പെടുന്ന ടവർ കമ്പനിയെന്ന വാദമുഖങ്ങൾ ഐ.എ.എസ് ഉദ്യോഗസ്ഥനായ അമിത്‌യാദവിന്റെ സി.എം.ഡി നിയമനത്തോടെ പൊളിഞ്ഞു. ബി.എസ്.എൻ.എൽ.ന്റെ വരുമാനസ്രോതസായിരുന്ന ടവറുകൾ ഇനി ജിയോ ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികൾക്ക് സ്വന്തം. ഇത് ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതാണ്. രൂപീകരിക്കപ്പെടുന്ന ടവർ കമ്പനി സ്വകാര്യ മുതലാളിമാർക്ക് കൈമാറും. രണ്ട് വർഷത്തിനകം തന്ത്രപ്രധാനമായ ഒരു പങ്കാളിയെ കണ്ടെത്തി കൈമാറുമെന്നതാണ് മന്ത്രിയുടെ പ്രഖ്യാപനം. അതായത് ബി.എസ്.എൻ.എൽ. ടവർ കമ്പനി സ്വകാര്യമുതലാളിമാർക്ക് സ്വന്തമാകുമെന്നർത്ഥം. ബി.എസ്.എൻ.എൽ.ന് പോലും സ്വതന്ത്രമായി ടവർ ഉപയോഗിക്കാൻ കഴിയാതെ വരും. ബി.എസ്.എൻ.എൽ.ന്റെ ഡാറ്റാ സേവനത്തിൽ ഇടിവുണ്ടാകും. ടവറുകൾ ഉപയോഗിക്കാൻ പണം നൽകേണ്ടിവരും. ബി.എസ്.എൻ.എൽ സ്വതന്ത്രമായി ഉപയോഗിക്കുന്ന ടവറുകൾ സ്വകാര്യമുതലാളിയുടെ അനുവാദത്തോടെ മാത്രം കൈകാര്യം ചെയ്യുന്ന സ്ഥിതി സംജാതമാകും. ടവർ രംഗത്ത് വൻ കുത്തകകളാണ് പ്രവർത്തിക്കുന്നത്. വിദേശകമ്പനിയായ അമേരിക്കൻ ടവർ കോർപ്പറേഷൻ ഉൾപ്പെടെ, ഇന്ത്യയിലെ എയർടെൽ, ഐഡിയാ, വോഡോഫോൺ സംയുക്തമായ ഇൻഡസ് ടവർ കോർപ്പറേഷൻവരെയുള്ള കുത്തകകൾ വിളയാടുന്ന ഈ മേഖലയിൽ ബി.എസ്.എൻ.എൽ.ന്റെ ടവർ നാളെ ഏതെങ്കിലും വൻകിട ഭീമന്റെ കൈകളിലെത്തും. അതോടെ ബി.എസ്.എൻ.എൽ.തകരും. ബി.എസ്.എൻ.എൽ. സ്വകാര്യവൽക്കരിക്കപ്പെടും. കമ്പോളത്തിന്റെ ആധിപത്യം ജിയോ ഉൾപ്പടെ കൈക്കലാക്കും. ജിയോയുടെ താല്പര്യങ്ങൾക്കനുസരിച്ച് നയം രൂപവൽക്കരിക്കപ്പെടും. വാർത്താവിനിമയത്തിന് കൂടുതൽ ചാർജ് നൽകേണ്ട സ്ഥിതി സംജാതമാകും. ചുരുക്കത്തിൽ ജനങ്ങൾക്ക് ഇന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ചുരുങ്ങിയ താരീഫ് നിരക്കുകൾ സ്വപ്നം മാത്രമായി മാറും.

**ബിഎസ്എൻഎൽ കുത്തകകൾ കൈവശപ്പെടുത്തുന്നതിലൂടെ ജനങ്ങൾക്ക് ഇന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ചുരുങ്ങിയ താരീഫ് നിരക്കുകൾ സ്വപ്നം മാത്രമായി മാറും. ഫെയ്സ്ബുക്ക്, വാട്സ് അപ്പ് പോലുള്ള സമൂഹ മാധ്യമങ്ങൾ പോലും പണം കൊടുത്ത് ഉപയോഗിക്കേണ്ടിവരും.**

2ജി യിൽ നിന്ന് 5 ജി.യിലേക്ക് വികസിക്കുന്ന സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടുകളും അരങ്ങുവാഴാനൊരുങ്ങുന്ന ടെലികോം കമ്പോളം- ചൂഷണത്തിന്റെ സാധ്യതകൾ വർദ്ധിച്ചുവരുന്ന ഈ സന്ദർഭത്തിൽ ടെലി കോം മേഖലയുടെ ആധിപത്യം ഉറപ്പാക്കാനുള്ള കടുത്ത മത്സരത്തിലാണ് ജിയോ ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികൾ.

ടെലികോം രംഗം അതിദ്രുത മാറ്റത്തിന് വിധേയമാവുകയാണ്. പുത്തൻ സാങ്കേതിക ശേഷിയുമായി വിപണിയിലിറങ്ങുന്ന ആൻഡ്രോയിഡ്ഫോണുകൾ അതിവേഗ ഡാറ്റാലഭ്യത, മറ്റെല്ലാ കാര്യങ്ങളും നിർവഹിക്കാൻ കഴിയുന്ന മൈക്രോ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉൾപ്പെടെ വളർന്നു വരുമ്പോൾ അതിനെയെല്ലാം കുത്തകകൾക്ക് മാത്രമായി പരിമിതപ്പെടുത്താനുള്ള ശ്രമമാണ് നടക്കുന്നത്. നമ്മുടെ ആഭ്യന്തര രഹസ്യങ്ങൾപോലും മൂലധന ശക്തികളുടെ അകത്തളങ്ങളിലെത്തിക്കുന്ന വമ്പൻ സാങ്കേതിക വിദ്യകളുടെ നിയന്ത്രണമുൾപ്പെടെ വിറ്റ് കാശാക്കുന്ന സ്വകാര്യ മുതലാളിമാർക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തണം. ബി.എസ്.എൻ.എൽ.ന്റെ തകർച്ച സ്വാഭാവികമായി ജനങ്ങളുടെ വാർത്താവിനിമയത്തിന് പ്രയാസങ്ങൾ സൃഷ്ടിക്കും. കൂടുതൽ താരിഫുകൾ ഈടാക്കപ്പെടും. ഫെയ്സ്ബുക്ക്, വാട്സ് അപ്പ് പോലുള്ള സമൂഹ മാധ്യമങ്ങൾ പോലും പണം കൊടുത്ത് ഉപയോഗിക്കേണ്ടിവരും. അതുകൊണ്ട് ജനങ്ങളുടെ വാർത്താവിനിമയ അവകാശം സംരക്ഷിക്കപ്പെടണമെങ്കിൽ ബി.എസ്.എൻ.എൽ. നിലനിൽക്കുക തന്നെ വേണം.



# ഡിസംബർ 7 ന് വൈദ്യുതി ജീവനക്കാർ രാജ്യവ്യാപകമായി പണിമുടക്കുന്നു

**ജെ. ജയപ്രകാശ്** (ജനറൽസെക്രട്ടറി, കെഎസ്ഇബി വർക്കേഴ്സ് അസോ.)

**ഇല്ക്ട്രിസിറ്റി നിയമം 2003 നടപ്പായതിനുശേഷമുള്ള മാറ്റങ്ങൾ വിലയിരുത്തി നിയമത്തിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിനു പകരം ദ്രോഹകരമായ ഭേദഗതി വരുത്താനാണ് കേന്ദ്ര ഗവണ്മെന്റ് ശ്രമിക്കുന്നത്. ഇനിയും നിയമഭേദഗതിയുമായി ഗവണ്മെന്റ് മുന്നോട്ടു പോവുകയാണെങ്കിൽ പണിമുടക്കടക്കമുള്ള വലിയ പ്രക്ഷോഭങ്ങൾ നടത്തുക മാത്രമേ മാർഗമുള്ളൂ. ഇലക്ട്രിസിറ്റി നിയമം നടപ്പാക്കിയതിനുശേഷമുള്ള കഴിഞ്ഞ 15 വർഷ കാലത്തെ അനുഭവം പരിശോധിച്ചാൽ ഇന്ന് രാജ്യത്തെ വൈദ്യുതി വിതരണ കമ്പനികളുടെ മൊത്തം നഷ്ടം 4.31 കോടി രൂപയും കടബാധ്യത 5 ലക്ഷം കോടി രൂപയുമായി ഉയർന്നിരിക്കുന്നു എന്ന് കാണാം.**

രാജ്യത്തെ ഇതര മേഖലയിൽ എന്നതുപോലെ വൈദ്യുതി മേഖലയിലും കേന്ദ്ര ഗവണ്മെന്റ് തുടരുന്ന സ്വകാര്യവൽക്കരണ നയത്തിനെതിരെ വൈദ്യുതി ജീവനക്കാരും എഞ്ചിനിയർമാരും 2018 ഡിസംബർ 7 ന് രാജ്യവ്യാപകമായി പണിമുടക്ക് നടത്തുകയാണ്. വിവിധ സംസ്ഥാനങ്ങളിൽ വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെയും ഓഫീസർ, എഞ്ചിനിയർ സംഘടനകളുടെയും അതി വിശാല വേദിയായ നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റിയോ ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനിയേഴ്സിന്റെ (NCCOEEE) ആഭിമുഖ്യത്തിൽ തുടർച്ചയായി നടന്നുവരുന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായാണ് ഡിസംബർ 7 ന് പണിമുടക്കാൻ തീരുമാനിച്ചത്. രാജ്യത്തെ വൈദ്യുതി മേഖലയിൽ 30,000 കോടി രൂപ നഷ്ടത്തിലാണെന്നും അതുകൊണ്ട് വൈദ്യുതി മേഖലയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തി രാജ്യത്തെ വൈദ്യുതി ഇല്ലാത്ത മുഴുവൻ ജനങ്ങൾക്കും വൈദ്യുതി എത്തിക്കുന്നതിനും കാര്യക്ഷമത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് 2003 ൽ അന്നത്തെ ബിജെപി നേതൃത്വം നൽകിയ കേന്ദ്ര ഗവണ്മെന്റ് വൈദ്യുതി നിയമം 2003 പാർലമെന്റിൽ പാസാക്കിയത്. ഈ നിയമം നടപ്പാക്കിയതിന്റെ ഭാഗമായി കേരളമൊഴികെയുള്ള മുഴുവൻ സംസ്ഥാനങ്ങളിലെയും വൈദ്യുതി ബോർഡുകൾ പൊളിച്ചടുക്കി കമ്പനികളും ചിലത് സ്വകാര്യ കമ്പനികളുമാക്കി. കേരളത്തിൽ കെഎസ്ഇബിയെ പൊളിക്കാതെ, വിൽക്കാതെ ഒറ്റ സ്ഥാപനമാക്കി പൊതുമേഖലയിൽ നിലനിർത്തി രാജ്യത്തിന് മാതൃകയായി. ഇലക്ട്രിസിറ്റി നിയമം നടപ്പാക്കിയതിനുശേഷമുള്ള കഴിഞ്ഞ 15 വർഷ കാലത്തെ അനുഭവം പരിശോധിച്ചാൽ ഇന്ന് രാജ്യത്തെ വൈദ്യുതി വിതരണ കമ്പനികളുടെ മൊത്തം നഷ്ടം 4.31 കോടി

രൂപയും കടബാധ്യത 5 ലക്ഷം കോടി രൂപയുമായി ഉയർന്നിരിക്കുന്നു എന്ന് കാണാം. ഇന്ത്യയിലെ 30 കോടി ജനങ്ങൾക്ക് ഇപ്പോഴും വൈദ്യുതി അപ്രാപ്യമാണ്. അതായത് ഇലക്ട്രിസിറ്റി നിയമം- 2003 കൊണ്ടുവരുമ്പോൾ ഗവണ്മെന്റ് നൽകിയ വാഗ്ദാനങ്ങൾ പാഴായിരിക്കുന്നു. ഇല്ക്ട്രിസിറ്റി നിയമം 2003 നടപ്പായതിനുശേഷമുള്ള മാറ്റങ്ങൾ വിലയിരുത്തി നിയമത്തിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിനു പകരം ദ്രോഹകരമായ ഭേദഗതി വരുത്താനാണ് കേന്ദ്ര ഗവണ്മെന്റ് ശ്രമിക്കുന്നത്.

വൈദ്യുതി വിതരണ കമ്പനികളെ കരണ്ടും കേര്യേജുമായി വിഭജിച്ച് വിതരണത്തിന് ഒരു കമ്പനിയും വൈദ്യുതി കൊണ്ടുവന്നു വിൽക്കാൻ ഒന്നിൽ കൂടുതൽ കമ്പനികളും എന്നതാണ് നിയമത്തിലെ കാതലായ ഭേദഗതി നിർദേശം. ഇതോടെ കമ്പിയും കാലും പരിപാലിക്കാൻ പൊതുമേഖലാ കമ്പനിയും വൈദ്യുതി കൊണ്ട് വന്ന് ആവശ്യക്കാർക്ക് ലാഭം കൊയ്യാൻ സ്വകാര്യ കമ്പനികളും എന്ന സ്ഥിതിയാണ് ഉണ്ടാവുക. സ്വകാര്യ കുത്തക കമ്പനികൾക്ക് പ്രസരണ വിതരണ ശൃംഖലകൾ സ്ഥാപിക്കുവാൻ നയാപൈസ മുടക്കാതെ വൈദ്യുതി കച്ചവടം നടത്താനുള്ള അവസരമാണ് ഗവണ്മെന്റ് ഒരുക്കിക്കൊടുക്കുന്നത്. സ്വകാര്യ കമ്പനികൾ വന്നാൽ അവർ മത്സരിച്ച് വിലകൂട്ടും എന്ന കാര്യത്തിൽ സംശയമില്ല. ക്രോസ് സബ്സിഡി ഇല്ലാതാവുന്നതോടെ സാധാരണക്കാർക്ക് വൈദ്യുതി അപ്രാപ്യമാവും. രാജ്യത്തെ അമൂല്യമായ ഊർജ സ്രോതസുകളെല്ലാം കേന്ദ്രം കുത്തകകൾക്ക് കൈമാറുകയാണ്. പൊതുമേഖലാ ആസ്തികൾ ചുളുവിലക്ക് വൻകിടകോർപറേറ്റുകൾ കൈടയക്കുന്നു. വലിയ അഴിമതിയാണ് നടക്കുന്നത്. വൻകിടമാധ്യമങ്ങളെ വിലക്കെടുത്ത് അഴിമതികൾ മൂടിവയ്ക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്.

വൈദ്യുതി മേഖലയിൽ ഉയർന്നുവന്ന സ്വകാര്യ പൊതുമേഖലാ കമ്പനികൾ സ്ഥിരം ജോലികൾ കരാർ ജോലികളാക്കുകയും കരാർ ജീവനക്കാരെ നിർദയം ചൂഷണം ചെയ്യുകയുമാണ്. തുല്യ ജോലിക്ക് തുല്യ വേതനം നൽകണമെന്ന സുപ്രീം കോടതി വിധി പോലും നടപ്പാക്കാൻ കമ്പനികൾ തയാറാവുന്നില്ല.

NCCOEEE നടത്തിയ പോരാട്ടങ്ങളുടെ ഫലമായി 2014 ൽ കേന്ദ്ര വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ പിയൂഷ് ഗോയൽ ഇലക്ട്രിസിറ്റി നിയമഭേദഗതിയിൽ മാറ്റം വരുത്താമെന്നും യൂണിയനുകളുമായി ചർച്ച ചെയ്ത് അഭിപ്രായ സമന്വയത്തിൽ മാത്രമേ നിയമഭേദഗതി പാസാക്കുകയുള്ളൂ എന്ന ഉറപ്പ് നൽകുകയുള്ളൂ. എന്നാൽ പുതുതായി ചുമതലയേറ്റ കേന്ദ്ര ഊർജ സഹമന്ത്രി ശ്രീ ആർ കെ സിംഗ് ഇലക്ട്രിസിറ്റി നിയമ ഭേദഗതി പാസാക്കുമെന്ന് ഏകപക്ഷീയമായി പ്രഖ്യാപിച്ചിരിക്കുകയാണ്. കേന്ദ്ര ഗവണ്മെന്റിന്റെ ഈ നീക്കത്തിനെതിരെ NCCOEEE യുടെ ആഭിമുഖ്യത്തിൽ രാജ്യവ്യാപകമായി പ്രചരണങ്ങളും ഏപ്രിൽ 3 ന് വൻ പാർലമെന്റ് മാർച്ച് നടത്തുകയും ചെയ്തു. ഇനിയും നിയമഭേദഗതിയുമായി ഗവണ്മെന്റ് മുന്നോട്ടു പോവുകയാണെങ്കിൽ പണിമുടക്കടക്കമുള്ള വലിയ പ്രക്ഷോഭങ്ങൾ നടത്തുക മാത്രമേ മാർഗമുള്ളൂ.

2018 ജൂൺ 8 ന് ന്യൂഡൽഹിയിൽ ഗാലീബ് ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റോറിയത്തിൽ ചേർന്ന NCCOEEE വമ്പിച്ച കൺവെൻഷൻ ഡിസംബർ 7 ന് കാലത്ത് 6 മണിമുതൽ 8 ന് കാലത്ത് 6 മണിവരെ 24 മണിക്കൂർ രാജ്യവ്യാപകമായി പണിമുടക്കാൻ തീരുമാനിച്ചിരിക്കുന്നു. കൺവീനർ ശ്രീ പ്രശാന്ത നന്ദി ചൗധരി അവതരിപ്പിച്ച പ്രമേയം കൺവെൻഷൻ ഏകകണ്ഠമായി അംഗീകരിച്ചു. ഇഇഎഫ്ഐ പ്രതിനിധി സ: സുഭാഷ് ലാംബ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കുമ്പോൾ ഉയർത്തിയ ഭേഗതതിയും കൺവെൻഷൻ ഏകകണ്ഠമായി അംഗീകരിച്ചു. ഡിസംബർ 7ന് മുമ്പ് ഗവണ്മെന്റ് ഇലക്ട്രിസിറ്റി നിയമ ഭേദഗതി പാർലമെന്റിൽ ചർച്ചക്കെടുക്കുകയാണെങ്കിൽ രാജ്യവ്യാപകമായി മിന്നൽ പണിമുടക്ക് നടത്തണമെന്നായിരുന്നു സ: സുഭാഷ് ലാംബയുടെ നിർദേശം. പണിമുടക്കിന് മുന്നോടിയായി വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കൺവെൻഷൻ ആഹ്വാനം ചെയ്തു.

മുതിർന്ന നേതാക്കളായ സ: കെ ഒ ഹബീബ് (പ്രസിഡന്റ്, ഇഇഎഫ്ഐ), എ എൻ രാജൻ (എഐഎഫ്ഇഇ), ഷൈലേന്ദ്ര ദുബെ, എസ് എം സിംഗ്, എസ് രത്തിനസഭാപതി, നരേന്ദ്ര വഡോരിയ, പ്രശാന്ത നന്ദി ചൗധരി എന്നിവരടങ്ങിയ പ്രസീഡിയം കൺവെൻഷൻ നടപടികൾ നിയന്ത്രിച്ചു. സിഐടിയു ജനറൽ സെക്രട്ടറി സ: തപൻസെൻ അഭിവാദ്യം ചെയ്തു സംസാരിച്ചു. കൺവെൻഷൻ അംഗീകരിച്ച പ്രമേയം പ്രധാനമന്ത്രി, ഊർജമന്ത്രി, തൊഴിൽമന്ത്രി എന്നിവർക്കും സംസ്ഥാന മുഖ്യമന്ത്രിമാർക്കും സംസ്ഥാന ഊർജമന്ത്രിമാർക്കും തൊഴിൽമന്ത്രിമാർക്കും അയച്ചുകൊടുത്തു.

കേരളത്തിൽ പണിമുടക്കിന് മുന്നോടിയായി ഓഗസ്റ്റ് സെപ്തംബർ മാസങ്ങളിൽ ജീവനക്കാരുടെ സംസ്ഥാന - ജില്ലാതല കൺവെൻഷനുകൾ നടത്തുവാനും ഒക്ടോബറിൽ ഡിവിഷണൽ സെക്ഷൻ തലത്തിൽ സമരസഹായസമിതികൾ രൂപീകരിക്കാനും നവംബറിൽ സെക്ഷൻ അടിസ്ഥാനത്തിൽ ഉപഭോക്തൃ സംഗമവും ജില്ലാതല പ്രചരണ ജാഥകളും നടത്തുവാനുമാണ് ആലോചിക്കുന്നത്. വൈദ്യുതി ജീവനക്കാരുടെ ദേശീയ പണിമുടക്ക് വിജയിപ്പിക്കാൻ കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ സജീവമായി രംഗത്തിറങ്ങും.

# ഹരിയാനയിൽ മുനിസപ്പൽ തൊഴിലാളികളുടെ സമരം വൻവിജയം

**സുഭാഷ് ലാംബ**




**ഹരിയാന സർക്കാരിന്റെ നിസ്സംഗ നിലപാട് മൂലം സമരം നീണ്ടുപോകുകയായിരുന്നു. സമരത്തിനിടെ ശുചിത്വ പരിപാടി സംഘടിപ്പിച്ചുകൊണ്ട് ആർഎസ്എസ്സും ബിജെപിയും വിഭാഗീയ തന്ത്രങ്ങൾ പയറ്റി. ഒപ്പം തൊഴിലാളികളെ ഭീഷണിപ്പെടുത്താനും ദ്രോഹിക്കാനും പലതരം ശ്രമങ്ങൾ നടന്നെങ്കിലും ഒന്നും ഫലിച്ചില്ല.**

ഹരിയാനയിലെ സർവ് കർമചാരി സംഘ് (എസ്കെഎസ്) എന്ന സംഘടനയിൽ അഫിലിയേറ്റ് ചെയ്ത നഗർപാലിക കർമചാരി സംഘ്(എൻകെഎസ്) സംസ്ഥാനത്തെ ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും സ്വയംഭരണസ്ഥാപനങ്ങളിൽ 16ദിവസമായി നടത്തിയ പണിമുടക്ക് വൻവിജയമായി. കരാർ സംവിധാനം അവസാനിപ്പിക്കുക, തൊഴിലാളികളെ മുനിസിപ്പാലിറ്റികളിലെ റോളുകളിൽ ഉൾപ്പെടുത്തുക എന്നിവയാണ് നേടിയെടുത്ത ആവശ്യങ്ങളിൽ പ്രധാനം. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച നയരൂപീകരണത്തിന് ഒരു സമിതിയും രൂപീകരിച്ചു. 13500 രൂപ കുറഞ്ഞ വേതനം വേണമെന്ന ആവശ്യം അംഗീകരിച്ചു. 1360 ഫയർമാൻമാരെയും ഫയർ ഡിപ്പാർട്മെന്റിലെ ഡ്രൈവർമാരെയും അതത് ഡിപ്പാർട്മെന്റുകളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും അംഗീകരിച്ചു.

**പ്രക്ഷോഭത്തിന്റെ പശ്ചാത്തലം**

കരാർ തൊഴിൽ അവസാനിപ്പിക്കുമെന്നും തൊഴിലാളികളെ സ്ഥിരപ്പെടുത്തുമെന്നും 15000 രൂപ കുറഞ്ഞ വേതനം നൽകുമെന്നും 2014ലെ തെരഞ്ഞെടുപ്പിൽ ബിജെപി വാഗ്ദാനം നൽകിയിരുന്നു. തെരഞ്ഞെടുപ്പിന് ശേഷം അധികാരമേറിയ ബിജെപി സർക്കാർ വാഗ്ദാനം പാലിക്കാൻ തയ്യാറാവാതിരുന്നതോടെ 2016 ഒക്ടോബറിൽ എൻകെഎസ് രണ്ടു ദിവസത്തെ പണിമുടക്ക് നടത്താൻ നിർബന്ധിതമായി. എന്നിട്ടും സർക്കാർ മർക്കടമുഷ്ടി തുടർന്നു.

2016 മുതൽ നിരന്തര സമരങ്ങൾ തുടർന്നു. 2017ൽ എൻകെഎസ് സമരത്തിന് നോട്ടീസ് നൽകി. എന്നാൽ സമരത്തിൽ തൊഴിലാളികളുടെ വൻ പങ്കാളിത്തം ഉറപ്പായതോടെ യൂണിയൻ പ്രതിനിധികളുമായി നഗരവികസന വകുപ്പ് ഉദ്യോഗസ്ഥർ ചർച്ച നടത്തി. അന്നു തന്നെ തൊഴിലാളികളെ സർക്കാർ വഞ്ചിച്ചു. 2018 ഫെബ്രുവരി 13 മുതൽ 28 വരെ ജില്ലാ ആസ്ഥാനങ്ങളിൽ ധർണയും പ്രതിഷേധപ്രകടനങ്ങളും നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു. 2018 മെയ് ഒമ്പതു മുതൽ 11 വരെ മൂന്നു ദിവസത്തെ പണിമുടക്ക് നടത്തുമെന്ന് കാണിച്ചുള്ള നോട്ടീസ് ഏപ്രിൽ 26ന് നൽകി. ഏപ്രിൽ 27നും 28നും ചൂലുമായി സംസ്ഥാനത്തെങ്ങും പ്രക്ഷോഭം നടത്തി.

മെയ് രണ്ടിനും മൂന്നിനും എൻകെഎസിന്റെ എല്ലാ കമ്മിറ്റികളും 24മണിക്കൂർ റിലേ നിരാഹാരവും മെയ് എട്ടിന് പന്തം കൊളുത്തി പ്രകടനവും നടത്തി. 10 മുനിസിപ്പൽ കോർപറേഷനുകളിലെയും 16 മുനിസിപ്പൽ കൗൺസിലുകളിലെയും 61 മുനിസിപ്പാലിറ്റികളിലെയും 30000ലേറെ തൊഴിലാളികൾ ഈ സമരത്തിൽ പങ്കെടുത്തു.

സംസ്ഥാന സർക്കാരിന്റെ നിസ്സംഗ നിലപാട് മൂലം മൂന്നു ദിവസത്തേക്കു കൂടി സമരം തുടർന്നു. സമരത്തിനിടെ ശുചിത്വ പരിപാടി സംഘടിപ്പിച്ചുകൊണ്ട് ആർഎസ്എസ്സും ബിജെപിയും വിഭാഗീയ തന്ത്രങ്ങൾ പയറ്റി. ഒപ്പം തൊഴിലാളികളെ

ഭീഷണിപ്പെടുത്താനും ദ്രോഹിക്കാനും പലതരം ശ്രമങ്ങൾ നടന്നെങ്കിലും ഒന്നും ഫലിച്ചില്ല. ശുചീകരണ തൊഴിലാളികൾ പ്രധാനമായും ബൽമീകി സമുദായത്തിൽപെട്ടവരാണ്. ഈ വിഭാഗത്തിൽ പെട്ട യുവാക്കളെ തൊഴിലിനായി സർക്കാർ സമീപിച്ചു. സ്വന്തം സഹോദരങ്ങളുടെ തൊഴിൽ നഷ്ടപ്പെടുത്തരുതെന്ന് നേതാക്കൾ ഈ യുവാക്കളോട് ആവശ്യപ്പെട്ടു. ഇതിന് ഉജ്വലമായ പ്രതികരണമാണുണ്ടായത്. സർക്കാരിന്റെ ഈ തന്ത്രം പരാജയപ്പെട്ടതോടെ നഗരങ്ങൾ ശുചിയാക്കുന്നതിന് പതിനായിരത്തോളം തൊഴിലാളികളെ സർക്കാർ നിയോഗിച്ചു. ഗ്രാമീണ മേഖലയിൽ സമരം നയിച്ച സിഐടിയു ഇടപെട്ടാണ് സർക്കാരിന്റെ തന്ത്രം പൊളിച്ചത്.

കാര്യങ്ങൾ കൈവിട്ടെന്ന് ബോധ്യപ്പെട്ട സർക്കാർ അടിയന്തര മന്ത്രിസഭാ യോഗം വിളിച്ചു ചേർത്ത് എൻകെഎസുമായി ചർച്ച നടത്താൻ നാലംഗ ഉപസമിതിയെ നിയോഗിച്ചു. നഗര വികസന മന്ത്രി കവിത ജെയിൻ ആയിരുന്നു സമിതിയെ നയിച്ചത്. സമരം ചെയ്യുന്ന തൊഴിലാളികളുമായി മെയ് 24ന് നടത്തിയ ചർച്ച അഞ്ചു മണിക്കൂറിലേറെ നീണ്ടു. തുടർന്ന് തൊഴിലാളികളുടെ ആവശ്യം അംഗീകരിക്കാൻ സർക്കാർ നിർബന്ധിതമായി.

മന്ത്രിതല സമിതി അംഗീകരിച്ച ആവശ്യങ്ങൾ ഇവയാണ്:

കരാർ സംവിധാനം അവസാനിപ്പിക്കുക.

തൊഴിലാളികളെ മുനിസിപ്പാലിറ്റികളിലെ റോളുകളിൽ ഉൾപ്പെടുത്തുക.

കുറഞ്ഞ വേതനം 11,000 ൽ നിന്ന് 13,500ലേക്ക്.

1646 ഫയർമാൻമാരുടെ തസ്തിയിൽ പുതിയ നിയമനം. 1360 ഫയർമാൻമാരുടെയും ഡ്രൈവർമാരുടെയും നിലവിലുള്ള തസ്തികകളിൽ ഇൻസന്റീവുകൾ നൽകുക.

തുല്യജോലിക്ക് തുല്യ വേതനം ഉറപ്പാക്കുന്നതിനു ഒരു സമിതി രൂപീകരിക്കുക. ഡൽഹിയിലും പഞ്ചാബിലും നിലവിലുള്ളതുപോലെ എക്സ്ഗ്രേഷ്യ പദ്ധതിക്ക് രൂപം നൽകും. ഇപിഎഫ്, ഇഎസ്ഐ ഫണ്ടുകൾ അടയ്ക്കാതിരിക്കുന്നാൽ വിജിലൻസ് അന്വേഷണം.

ശുചിത്വ അലവൻസ് 350ൽ നിന്ന് 1000ഉം, അലക്കിനുള്ള അലവൻസ് 240ൽനിന്ന് 440ഉം, ചൂലിനുള്ള അലവൻസ് 5ൽനിന്ന് 150ഉം ഹോളിഡേ അലവൻസ് 600ൽനിന്ന് 1000 ആയും ഉയർത്തും.

സമരം ചെയ്ത തൊഴിലാളികളെ ഉടൻ പ്രാബല്യത്തോടെ തിരിച്ചെടുക്കും.

എസ്കെഎസ് ജനറൽ സെക്രട്ടറി സുഭാഷ് ലാംബ, എൻകെഎസ് പ്രസിഡന്റ് നരേഷ് കുമാർ ശാസ്ത്രി, എൻകെഎസ്ജനറൽ സെകട്ടി ജർണയിൽസിങ് ചിനാലിയൻ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശിവ് ചരൺ, സീനിയർ വൈസ് പ്രസിഡന്റ് അശോക് ബോഹട്, ട്രഷറർ മഹേന്ദർ സംഗേലിയ, വൈസ് പ്രസിഡന്റ് രാജേന്ദർസിങ്, അശോക് പ്രാച, അശോക് തരിയൻ, സുഭാഷ് ഗുൻസർ, മംഗേറാം ടിഗ്ര, സേവാറാം എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്.

സിഐടിയുവും സിപിഐ എം അടക്കമുള്ള രാഷ്ട്രീയ പാർടികളും സമരത്തെ പിന്തുണച്ചു. ഓൾ ഇന്ത്യ സ്റ്റേറ്റ് ഗവൺമെന്റ് എംപ്ലോയീസ് യൂണിയൻ സമ്മേളനത്തിന് പിന്തുണ പ്രഖ്യാപിച് മെയ് 22ന് രാജ്യമെങ്ങുമുള്ള ജില്ലാ ആസ്ഥാനങ്ങളിൽ ഐക്യദാർഢ്യ പ്രക്ഷോഭങ്ങൾ നടത്തി.

എന്നാൽ തൊഴിലാളി പ്രക്ഷോഭത്തെ പിന്നിൽ നിന്നു കുത്തുവാനാണ് ബിഎംഎസ് ശ്രമിച്ചത്. ഹരിയാനയിലെ തദ്ദേശസ്ഥാപനങ്ങളിൽ ബിഎംഎസിന് സാന്നിധ്യമില്ല. അംബാല, പഞ്ച്കുല എന്നീ നഗരങ്ങളിൽ മാത്രമാണ് കുറച്ച് തൊഴിലാളികൾ ബിഎംഎസിനൊപ്പമുള്ളത്. ബിഎംഎസ് സമരത്തിന് ആഹ്വാനംചെയ്തിട്ടുമില്ലായിരുന്നു.

മെയ് 16ന് മുഖ്യമന്ത്രിയുമായുള്ള എസ്കെഎസ്സിന്റെ യോഗം നിശ്ചയിച്ചു. എന്നാൽ സർക്കാർ ബിഎംഎസിന്റെ പ്രതിനിധികളെ യോഗത്തിലേക്ക് ക്ഷണിച്ചു. സമരം നടത്തുന്ന എസ്കെഎസ്സിന്റെ നേതാക്കൾ ചർച്ചയ്ക്കെത്തും മുമ്പ് ബിഎംഎസ് നേതാക്കൾ യോഗവേദിയിൽ ഇടംപിടിച്ചിരുന്നു. സമരത്തിലില്ലാത്ത സംഘടനയായ ബിഎംഎസിന്റെ നേതാക്കൾക്കൊപ്പം യോഗത്തിൽ ഇരിക്കിലെന്ന് പറഞ്ഞ് എസ്കെഎസ്, എൻകെഎസ് പ്രതിനിധികൾ യോഗത്തിൽനിന്ന് ഇറങ്ങിപ്പോയി. സമരം ചെയ്യുന്ന നേതാക്കളുടെ രോഷം മനസ്സിലാക്കിയ പ്രിൻസിപ്പൽ സെക്രട്ടറി മുഖ്യമന്ത്രിക്ക് കാര്യങ്ങൾ ധരിപ്പിക്കുയും മുഖ്യമന്ത്രി ഇടപെട്ട് ബിഎംഎസ് നേതാക്കളോട് യോഗസ്ഥലത്തുനിന്ന് പുറത്തു പോകാൻ ആവശ്യപ്പെടുകയുംചെയ്തു.

തൊഴിലാളികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾക്കുമേൽ ഒരു ഗൃഹപാഠവും നടത്താൻ സർക്കാർ തയ്യാറായിരുന്നില്ല. അതുകൊണ്ടു തന്നെ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിളിച്ചു ചേർത്ത യോഗം പരാജയപ്പെട്ടു. മിക്കവാറും ആവശ്യങ്ങൾ അംഗീകരിച്ചതോടെ സമരത്തിൽനിന്ന് ബിഎംഎസ് പിന്മാറിയെന്ന് മന്ത്രി കവിതാ ജെയിൻ മാധ്യമങ്ങളോട് പറഞ്ഞു. ബിഎംഎസ് സമരത്തിന് ആഹ്വാനം ചെയ്യുകയോ സമരത്തിൽ പങ്കാളികളാകുകയോ ചെയ്തിട്ടില്ല എന്നായിരുന്നു മാധ്യമങ്ങൾ ഇതിനോട് പ്രതികരിച്ചത്. അതോടെ സമരം മെയ് 24 വരെ തുടർന്നു. ബിഎംഎസിന്റെ നിലപാടുകൾ തൊഴിലാളികളുടെ രോഷം ഇരട്ടിയാക്കുകയാണ് ചെയ്തതത്.

പതിനാറു ദിവസത്തെ സമരം നൽകുന്ന പാഠം സുവ്യക്തമാണ്. ഇന്നത്തെ സാഹചര്യത്തിൽ വിജയകരമായ ഒരു സമരം നയിക്കണമെങ്കിൽ തൊഴിലാളികളുടെ ഐക്യം ഉറപ്പാക്കണമെന്നതാണ് ആ പാഠം. ജാതിയെ അടിസ്ഥാനമാക്കിയുള്ള തൊഴിലാളി സംഘടനക്ക് രൂപം നൽകാൻ സർക്കാർ ശ്രമിച്ചിരുന്നു. എന്നാൽ അത്തരമൊരു സംഘടനയ്ക്കും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ലെന്നാണ് ഈ സമരത്തിൽ വ്യക്തമായത്.

# സമാനതകളേറെ

പേജ് 41-ൽ നിന്ന്

ധാരണ. സംഘടിത പ്രസ്ഥാനങ്ങളുടെ മറവിൽ നോക്കു കൂലി വാങ്ങുന്നതും ***നിശ്ചലമായ*** ഒരാലോചനയുമില്ലാതെ എവിടെയും കുത്താനുള്ളതല്ല എന്ന് നിയമസഭയിൽ എല്ലാവരെയും ജാഗ്രതപ്പെടുത്തിയ മുഖ്യമന്ത്രിയും സർക്കാരും സിന്തെറ്റ്സ് പ്രശ്നത്തിലും മുത്തൂറ്റ് പ്രശ്നത്തിലും ട്രേഡ് യൂണിയനുകളെ തള്ളിപ്പറയുകയല്ല ചെയ്തത്. മറിച്ച് നിയമസഭയിൽ അദ്ദേഹം പറഞ്ഞത് ട്രേഡ് യൂണിയനുകളെ അംഗീകരിക്കാൻ മനസ് കാണിക്കണം. ഒരു ടേബിളിനു മുന്നിൽ പരസ്പരം ചർച്ച ചെയ്ത് പരിഹരിക്കേണ്ട പ്രശ്നങ്ങൾ വഷളാക്കുന്ന മാനേജ്മെന്റുകളെയാണ് അദ്ദേഹം കുറ്റപ്പെടുത്തിയത്.

കേരളത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നാൽ തൊഴിലാളികൾക്ക് മാന്യമായ കൂലി നൽകാതിരിക്കുക, തൊഴിലാളി സംഘടനകളെ അംഗീകരിക്കാതിരിക്കുക എന്നതല്ല. സിന്തെറ്റ്സിലെ സിഐടിയു തൊഴിലാളികളെ അധിക്ഷേപിച്ച് മലയാള മനോരമ പത്രം മുഖപ്രസംഗം എഴുതിയും മുഖ്യധാരാ പത്രങ്ങൾ അധിക്ഷേപങ്ങൾ ചൊരിഞ്ഞും മാനേജ്മെന്റിനു വേണ്ടി കെ വി തോമസിനെപോലുള്ള ചില ശിങ്കിടി രാഷ്ട്രീയക്കാർ വക്കാലത്തെടുക്കാൻ വന്നപ്പോഴും സിന്തെറ്റ്സ് പ്രശ്നത്തിൽ സിഐടിയുവിനെ അധിക്ഷേപിക്കുന്നത് മൊത്തം ട്രേഡ് യൂണിയനുകളെ അധിക്ഷേപിക്കുന്നതിന് തുല്യമാണെന്നും മാനേജ്മെന്റിന്റെ നിലപാടുകൾ തിരുത്തുകയാണ് വേണ്ടതെന്നും എല്ലാ ട്രേഡ് യൂണിയനുകളും ഒപ്പുവെച്ച് പ്രസ്താവന ഇറക്കിയതും പ്രസക്തമാണ്. പരസ്പരം ചെളിവാരിയെറിയാതെ യഥാർത്ഥ ശത്രുവിനെ കൈകാര്യം ചെയ്യാനാകില്ല എന്ന പൊതുബോധം ട്രേഡ് യൂണിയൻ മേഖലയിൽ വളർന്നുവരുന്നുണ്ട്. 'ചുവരുണ്ടെങ്കിലേ ചിത്രം എഴുതാൻ കഴിയൂ' എന്ന തിരിച്ചറിവ് തൊഴിലാളികൾക്കിടയിലും ട്രേഡ് യൂണിയനുകൾക്കിടയിലും വളർന്നു വരുന്നത് പല മാനേജ്മെന്റുകളും കാണുന്നില്ല. സ്ഥാപനത്തിന്റെ ശത്രുക്കളായിട്ടല്ല പണിയെടുക്കുന്ന തൊഴിലാളികളെയും അവരുടെ സംഘടനകളെയും കാണേണ്ടത്. ട്രേഡ് യൂണിയനുകൾ സിഐടിയു വിശേഷിച്ച് തൊഴിലാളികളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുമ്പോഴും അവരുടെ ചുമതലകളെക്കുറിച്ച് തൊഴിലാളികളെ ബോധവാന്മാരാക്കുന്ന സംഘടനയാണ്.

തൊഴിലാളി പക്ഷ ജനകീയ സർക്കാരിന്റെ കേരളത്തിലെ അന്തരീക്ഷവും എല്ലാ തൊഴിലാളി സംഘടനകളുടെയും പിന്തുണയും മുത്തൂറ്റു ഫിനാൻസ്. എച്ച്ഡിഎഫ്സി, സിന്തെറ്റ്സ് തൊഴിലാളികൾ പുലർത്തിയ സമര ബോധവും ത്യാഗനിർഭരമായ നിരന്തര പോരാട്ടവുമാണ് ഒത്തുതീർപ്പിലൂടെ സമരം വിജയകരമായി അവസാനിപ്പിക്കുവാൻ സാധിച്ചതിന്റെ അടിസ്ഥാനം.

പതിനെട്ട് പേരെ ഒറ്റയടിക്ക് പിരിച്ചുവിട്ട സ്വകാര്യ കോർപറേറ്റ് സ്ഥാപനമായ എച്ച്ഡിഎഫ്സി സംഘടിത സമരത്തിന്റെ ഭാഗമായി പൂർണമായി സ്തംഭനാവസ്ഥയിലേക്ക് പോയപ്പോഴാണ് ഒരു നിബന്ധനയുമില്ലാതെ പിരിച്ചുവിട്ട 18 തൊഴിലാളികളെയും തിരിച്ചെടുക്കാൻ തയാറായത്. ന്യൂജനറേഷൻ ബാങ്ക്സ് ആന്റ് ഇൻഷുറൻസ് എംപ്ലോയീസ് അസോസിയേഷൻ - സിഐടിയു ശക്തമായ സാന്നിധ്യം ഇത്തരം സമാന സ്ഥാപനങ്ങളിലെ തൊഴിലാളികളെ ട്രേഡ് യൂണിയൻ രൂപീകരണത്തിന്റെ സാധ്യതകൾ ആരായുന്ന തലത്തിലേക്കെത്തിക്കും.

മുത്തൂറ്റ് ഫിനാൻസിൽ ട്രേഡ് യൂണിയനെ അംഗീകരിക്കില്ല എന്ന സ്ഥിതിക്ക് മാനേജ്മെന്റ് മാറ്റം വരുത്തി. 30,000 രൂപ ശമ്പളം വാങ്ങുന്നവർക്ക് 8000 രൂപ അടിസ്ഥാന ശമ്പളം എന്ന ഘടനയിൽ മാറ്റം വരുത്താൻ ധാരണയായി. തടഞ്ഞുവച്ച എല്ലാ ആനുകൂല്യങ്ങളും നൽകാൻ വ്യവസ്ഥ ചെയ്തു. ഉന്നയിച്ച എല്ലാ ആവശ്യങ്ങളും നേടിക്കൊണ്ടാണ് പ്രഖ്യാപിച്ച അനിശ്ചിത കാലസമരം ജൂൺ 13 ന് തൊഴിൽ മന്ത്രി ടി പി രാമകൃഷ്ണന്റെ സാന്നിധ്യത്തിൽ ഒത്തുതീർപ്പായത്.

സിന്തെറ്റ്സ് ഇൻഡസ്ട്രീസ് അനാവശ്യമായി സ്ഥലം മാറ്റിയ എല്ലാ തൊഴിലാളികളുടെയും കാര്യത്തിൽ ക്രമീകരണം വരുത്തി. പ്രതികാര നടപടികൾ എല്ലാം അവസാനിപ്പിച്ചു. യൂണിയൻ അംഗീകാരത്തിനുള്ള പ്രാരംഭ നടപടിക്ക് പച്ചക്കൊടി കാണിച്ചു. ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ ജൂൺ 13 ന് സമരം അവസാനിപ്പിച്ച് തൊഴിലാളികൾ ജോലിയിൽ പ്രവേശിച്ചു.

ഇത്തരം ആധുനിക മാനേജ്മെന്റുകൾ ഇനിയെങ്കിലും കരിങ്കാലികൾക്ക് പ്രോത്സാഹനം നൽകുന്ന രീതിക്ക് മാറ്റം വരുത്തണം. സിന്തെറ്റിൽ 'സേവ്' എന്ന പേരിലും, മുത്തൂറ്റു ഫിനാൻസിൽ 'ലോയൽ ആർമി' എന്ന പേരിലുമാണ് മാനേജ്മെന്റ് സ്പോൺസേർഡ് യൂണിയനുകൾ രൂപീകരിച്ചിട്ടുള്ളത്. പിണിയാളർക്ക് വഴിവിട്ട സഹായമാണ് മാനേജ്മെന്റ് നൽകി വരുന്നത്. സ്വാർത്ഥമതികളും കുഴലൂത്തുകാരുമായ ഈ ആർമികളുടെ തലപ്പത്തുള്ളവർ പോപ്പിനെക്കാൾ വലിയ റോമാക്കാരാണെന്നുള്ള ഭാവത്തിലാണ് ഇത്തരം ക്രാഫ്റ്റ് സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നത്. ഒരു മോഡേൺ മാനേജ്മെന്റിനും ഭൂഷണമല്ലാത്ത കാര്യമാണെന്നത് അവർ തിരിച്ചറിയണം.

തൊഴിലാളി ചൂഷണത്തിനെതിരെ ഇനിയും കൂടുതൽ ശക്തമായ ചെറുത്തുനിൽപ്പ് എത്ര ആധുനിക മാനേജ്മെന്റുകളാണെങ്കിലും സ്വാഭാവികമായെങ്കിലും ഉയർന്നുവരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# പൊരുതി നേടിയ ഉജ്ജ്വല വിജയം

**എം. കൃഷ്ണൻ**
**സെക്രട്ടറി ജനറൽ, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് & വർക്കേഴ്സ്**

**ഇന്ത്യയുടെ ഗ്രാമങ്ങളിൽ ചിതറിക്കിടക്കുന്ന മൂന്ന്ലക്ഷം ഗ്രാമീൺ ഡാക്സേവക് ജീവനക്കാരുടെ നിശ്ചയദാർഢ്യവും തകർക്കാനാവാത്ത ഐക്യവും കീഴടങ്ങാത്ത മനസ്സുമാണ് പണിമുടക്ക് വിജയത്തിന് പ്രധാനകാരണം. മഹാരാഷ്ട്രയിലെ കർഷകരുടെ ചരിത്രം തിരുത്തിക്കുറിച്ച പ്രക്ഷോഭണത്തിന് ശേഷം ബി.ജെ.പി. ഗവണ്മെന്റിനേറ്റ കനത്ത പ്രഹരമാണ് ജി.ഡി.എസ്. ജീവനക്കാരുടെ പണിമുടക്ക് വിജയം.**

ഗ്രാമീണ തപാലാഫീസുകളിൽ ജോലിചെയ്യുന്ന ജീവനക്കാരെ സമീപകാലംവരെ "എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ ജീവനക്കാർ" (ഇ.ഡി. ജീവനക്കാർ) എന്നാണ് ഔദ്യോഗികമായി വിളിച്ചിരുന്നത്. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ആകെ ഇ.ഡിജീവനക്കാരുടെ എണ്ണം 25,000 മാത്രമായിരുന്നു. 20 രൂപ മുതൽ 40 രൂപവരെയായിരുന്നു പ്രതിമാസ പ്രതിഫലം.

സ്വാതന്ത്ര്യത്തിനുശേഷം അധികാരത്തിൽ വന്ന ജനാധിപത്യ സർക്കാരുകൾ ഇ.ഡി. സമ്പ്രദായം വ്യാപകമാക്കുകയും രാജ്യത്ത് നിലനിൽക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മയെ ചൂഷണം ചെയ്തുകൊണ്ട് തുച്ഛമായ വേതനത്തിന് ആയിരക്കണക്കിന് ഇ.ഡി. ജീവനക്കാരെ നിയമിക്കുകയും ചെയ്തു. തുടക്കത്തിൽ പദവിക്ക് വേണ്ടിയായിരുന്നുവെങ്കിൽ പിന്നീട് ജീവിതമാർഗം എന്ന നിലയിലാണ് തുച്ഛമായ പ്രതിഫലമായിട്ടുപോലും ഈ ജോലി ചെയ്യാൻ അഭ്യസ്ഥവിദ്യരായ യുവതീ-യുവാക്കൾ തയ്യാറായത്. 1993 ൽ നിയമിക്കപ്പെട്ട ജസ്റ്റിസ് ചരൺജിത്ത് തൽവാർ കമ്മിറ്റി ശുപാർശയുടെ ഭാഗമായാണ് "എക്സ്ട്രാ ഡിപ്പാർട്ടുമെന്റൽ" (ഇ.ഡി) എന്ന പേരുമാറി "ഗ്രാമീൺ ഡാക് സേവക്" ജീവനക്കാർ എന്ന് പുനർനാമകരണം ചെയ്തത്. പേര് മാറ്റിയതൊഴിച്ചാൽ ജുഡീഷ്യൽ കമ്മിറ്റി ശുപാർശചെയ്ത ആനുകൂല്യങ്ങളൊന്നും അംഗീകരിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ല.

2018 ലെ കണക്കനുസരിച്ച് തപാൽ വകുപ്പിൽ ആകെയുള്ള 1,55,000 പോസ്റ്റോഫീസുകളിൽ 1,29,346 എണ്ണം ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ബ്രാഞ്ച് പോസ്റ്റോഫീസുകളാണ്. ആകെയുള്ള അഞ്ച് ലക്ഷം ജീവനക്കാരിൽ 3.07 ലക്ഷം പേരും ഗ്രാമീൺ ഡാക് സേവക് ജീവനക്കാരാണ്. ഈ വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ തുലോം പരിതാപകരമാണ്. മൂന്നുമണിക്കൂർ ജോലിക്ക് 2290 രൂപ മുതൽ അഞ്ച്മണിക്കൂർ ജോലിക്ക് 4575 രൂപവരെയാണ് പ്രതിമാസ വേതനം. ക്ഷാമബത്ത, ബോണസ് ഒഴികെ ഡിപ്പാർട്ടുമെന്റൽ ജീവനക്കാർക്ക് ലഭിക്കുന്ന വീട്ടുവാടക അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, ചിൽഡ്രൺ എഡ്യൂക്കേഷൻ അലവൻസ്, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ആറുമാസ പ്രസവാവധി, മൂന്നു സമയബന്ധിത പ്രമോഷൻ, ഏൺഡ് ലീവ് തുടങ്ങിയ ആനുകൂല്യങ്ങളൊന്നും ഈ വിഭാഗം ജീവനക്കാർക്കില്ല. ജി.ഡി.എസ്. സർവീസ് പെൻഷന് കണക്കിലെടുക്കുന്നില്ല. ബ്രാഞ്ച് പോസ്റ്റോഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകയും ഇലക്ട്രിസിറ്റി ചാർജും ബ്രാഞ്ച് പോസ്റ്റുമാസ്റ്ററുടെ പോക്കറ്റിൽ നിന്നാണ് നൽകുന്നത്. 90% ജി.ഡി.എസ്. ജീവനക്കാരും റെഗുലർ ജീവനക്കാരായി പ്രമോഷൻ ലഭിക്കാതെ ജി.ഡി.എസ്. ജീവനക്കാരായിത്തന്നെ റിട്ടയർ ചെയ്യുകയാണ്.

ജി.ഡി.എസ്. ജീവനക്കാരെ കേന്ദ്രസർക്കാർ ജീവനക്കാരായി പരിഗണിക്കാൻ തയ്യാറല്ല. "വകുപ്പിന് വെളിയിലുള്ള" ജീവനക്കാരായിട്ടാണ് അവരെ കണക്കാക്കുന്നത്. മുമ്പ് നാഷണൽ ഫെഡറേഷൻ ഓഫ് പി & ടി എംപ്ലോയീസും (എൻ.എഫ്.പി.ടി.ഇ) പിന്നീട് നാഷണൽ ഫെഡറേഷൻ ഓഫ് പോസ്റ്റൽ എംപ്ലോയീസും(എൻ.എഫ്.പി.ഇ) നടത്തിയ നിരവധി പണിമുടക്കുകളുടെയും പ്രക്ഷോഭ സമരങ്ങളുടേയും ഫലമായി സേവനവേതന വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ ഉണ്ടാക്കാനായെങ്കിലും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക എന്ന മുഖ്യ ആവശ്യം ഇപ്പോഴും അംഗീകരിച്ചിട്ടില്ല.

**പണിമുടക്കിനിടയാക്കിയ സാഹചര്യം:**

സർക്കാർ ജീവനക്കാരല്ല എന്ന കാരണത്താൽ ഏഴാം ശമ്പളക്കമ്മീഷന്റെ പരിധിയിൽ ജി.ഡി.എസ്. ജീവനക്കാരെ ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ല. പകരം റിട്ടയർഡ് പോസ്റ്റൽ ബോർഡ് മെമ്പർ കമലേഷ്ചന്ദ്ര ചെയർമാനായിക്കൊണ്ടുള്ള ഒരു പ്രത്യേക കമ്മിറ്റിയെ നിയമിക്കുകയാണ് ചെയ്തത്. മുൻകാല ഉദ്യോഗസ്ഥതല കമ്മിറ്റികളിൽ നിന്ന് വ്യത്യസ്ഥമായി ജി.ഡി.എസ്.

ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സമഗ്രമായി പരിശോധിക്കാനും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ശുപാർശ ചെയ്യാനും ഈ കമ്മിറ്റി തയ്യാറായി. ബ്രാഞ്ച് പോസ്റ്റുമാസ്റ്റർക്ക് ഏറ്റവും ചുരുങ്ങിയ പ്രതിമാസ വേതനം നാല് മണിക്കൂറിന് 12000 രൂപയും ക്ഷാമബത്തയും, അഞ്ച് മണിക്കൂറിന് 14,500 രൂപയും ക്ഷാമബത്തയും മറ്റ് വിഭാഗം ജീവനക്കാർക്ക് 4 മണിക്കൂറിന് 10,000 രൂപയും ക്ഷാമബ്തയും, 5 മണിക്കൂറിന് 12,000 രൂപയും ക്ഷാമബത്തയും കമ്മിറ്റി ശുപാർശ ചെയ്തു.

ഇതിന് പുറമേ വീട്ടുവാടക അലവൻസിന് പകരമായി കോമ്പോസിറ്റ് അലവൻസ്, ചിൽഡ്രൺ എഡ്യൂക്കേഷൻ അലവൻസ്, ആറ്മാസ പ്രസവാവധി, മൂന്ന് സമയബന്ധിത പ്രമോഷൻ, 35 ദിവസത്തെ ഓർഡിനറി ലീവ് തുടങ്ങിയ ആനുകൂല്യങ്ങളും കമ്മിറ്റി ശുപാർശ ചെയ്തു. കമ്മിറ്റി റിപ്പോർട്ട് 2016 നവംബർ മാസം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും 18 മാസം കഴിഞ്ഞിട്ടും ശുപാർശകൾ നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായില്ല. ഇതിനെതിരെ മെയ്മാസത്തിൽ അനിശ്ചിതകാല പണിമുടക്കം ആരംഭിക്കാൻ 2018 ഫെബ്രുവരിയിൽ അലഹബാദിൽ ചേർന്ന എൻ.എഫ്.പി.ഇയുടെ ഘടക സംഘടനയായ ആൾ ഇന്ത്യാ പോസ്റ്റൽ എംപ്ലോയീസ് യൂണിയൻ ജി.ഡി.എസ്. തീരുമാനിച്ചു.

### പണിമുടക്കവും ഗവൺമെന്റിന്റെ നിലപാടും

ബി.എം.എസ്. യൂണിയൻ ഒഴികെയുള്ള മറ്റ് മൂന്നു സംഘടനകളും (ഐ.എൻ.ടി.യു.സി ഉൾപ്പെടെ) പണിമുടക്ക് രംഗത്ത് യോജിച്ച് നീങ്ങാൻ തീരുമാനിച്ചു. ബി.എം.എസ്. സംഘടന പ്രത്യേകമായി പണിമുടക്കാൻ തീരുമാനിച്ചു. മുഴുവൻ ജി.ഡി.എസ്. ജീവനക്കാരും 2018 മെയ് 22 മുതൽ രാജ്യവ്യാപകമായി അനിശ്ചിതകാല പണിമുടക്കം ആരംഭിച്ചു. ഗ്രാമീണ തപാൽ മേഖല പൂർണമായും സ്തംഭിച്ചു. എല്ലാ സംസ്ഥാനങ്ങളിലും ആൻഡമാൻ നിക്കോബാർ അടക്കമുള്ള കേന്ദ്രഭരണ പ്രദേശങ്ങളിലും മുഴുവൻ ജി.ഡി.എസ്. ജീവനക്കാരും പണിമുടക്കി. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ ഭീഷണികളെയും ഭിന്നിപ്പിക്കൽ തന്ത്രങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ട് മുഴുവൻ ജീവനക്കാരും സമരരംഗത്ത് ഒറ്റക്കെട്ടായി നിലകൊണ്ടു.

### അഭൂതപൂർവമായ ജനപിന്തുണ

പണിമുടക്കിന് തുടക്കം മുതൽ എല്ലാവിഭാഗം തൊഴിലാളികളുടെയും ജനങ്ങളുടെയും പിന്തുണ നേടിയെടുക്കാൻ കഴിഞ്ഞു.

സിഐടിയു അടക്കമുള്ള സെൻട്രൽ ട്രെയ്ഡ് യൂണിയനുകൾ, വേൾഡ് ഫെഡറേഷൻ ഓഫ് ട്രെയ്ഡ് യൂണിയൻസ്, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് & വർക്കേഴ്സ്, വിവിധ സർവീസ് സംഘടനകൾ തുടങ്ങി മുഴുവൻ തൊഴിലാളി സംഘടനകളും പണിമുടക്കിനെ പിന്തുണച്ചു. എൻ.എഫ്.പി.ഇ. അടക്കമുള്ള പോസ്റ്റൽ ഫെഡറേഷനുകൾ പണിമുടക്കിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ദിവസേന പ്രകടനങ്ങളും ധർണകളും നടത്തി. കേരളമുഖ്യമന്ത്രി പിണറായി വിജയൻ, സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാംയെച്ചൂരി, സിഐടിയു ജനറൽ സെക്രട്ടറി തപൻസെൻ, എൻ.എഫ്.പി.ഇ. സംസ്ഥാന ഏകോപനസമിതി ചെയർമാൻ പി.കരുണാകരൻ,എം.പി. തുടങ്ങി നിരവധി ജനനേതാക്കൾ കമലേഷ് ചന്ദ്ര കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കിക്കൊണ്ട് പണിമുടക്കം ഉടൻ ഒത്തുതീർപ്പിലെത്തിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് കത്തെഴുതി.

കേരളം, തമിഴ്നാട്, ആന്ധ്രാ, തെലുങ്കാന, പശ്ചിമബംഗാൾ എന്നീ സംസ്ഥാന ങ്ങളിൽ തപാൽ വകുപ്പിലെ ഡിപ്പാർട്ടുമെന്റ് ജീവനക്കാർ സ്വന്തം സഹോദരങ്ങളുടെ ജീവന്മരണ പോരാട്ടത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നാല്ദിവസം മുതൽ പത്ത് ദിവസംവരെ (കേരളത്തിൽ പത്ത് ദിവസം) ഒറ്റക്കെട്ടായി പണിമുടക്കിയത് ആവേശകരമായ അനുഭവമായിരുന്നു.

### മോഡിഗവൺമെന്റ് കീഴടങ്ങുന്നു

ജി.ഡി.എസ്.ജീവനക്കാരുടെ ഐക്യശക്തിക്ക് മുമ്പിൽ ആവശ്യങ്ങളനുവദിച്ചുകൊണ്ട് അടിയറവ് പറയുകയല്ലാതെ ഗത്യന്തരമില്ലെന്ന് ബിജെപി. ഗവൺമെന്റിന് മനസ്സിലായി. മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തവിധം പണിമുടക്കം നടന്നുകൊണ്ടിരിക്കുമ്പോൾ 16-ാം ദിവസം കേന്ദ്രകാബിനറ്റ് യോഗം ചേർന്ന് കമലേഷ് ചന്ദ്ര കമ്മിറ്റി റിപ്പോർട്ടിലെ വേതനവർധന സംബന്ധിച്ച പ്രധാന ശുപാർശ അംഗീകരിച്ചു. മറ്റ് ശുപാർശകളിന്മേൽ തീരുമാനമായിട്ടില്ലെങ്കിലും ഏറ്റവും പ്രധാനപ്പെട്ട ശുപാർശ അംഗീകരിച്ച സാഹചര്യത്തിൽ ഇന്ത്യയുടെ ഗ്രാമീണതപാൽ മേഖലയെ നിശ്ചലമാക്കിക്കൊണ്ട് 16 ദിവസം നീണ്ടുനിന്ന അനിശ്ചിതകാല പണിമുടക്കം 2018 ജൂൺ 6ന് വൈകുന്നേരം പിൻവലിക്കാൻ നാല് സംഘടനകളും തീരുമാനിച്ചു. രാജ്യവ്യാപകമായി ആഹ്ലാദ പ്രകടനങ്ങളും മധുരപലഹാര വിതരണവും നടന്നു.

### പണിമുടക്കം നൽകുന്ന പാഠം

മഹാരാഷ്ട്രയിലെ കർഷകരുടെ ചരിത്രം തിരുത്തിക്കുറിച്ച പ്രക്ഷോഭണത്തിന് ശേഷം ബിജെ.പി. ഗവണ്മെന്റിനേറ്റ കനത്ത പ്രഹരമാണ് ജി.ഡി.എസ്. ജീവനക്കാരുടെ പണിമുടക്ക് വിജയം. രണ്ട് സമരത്തിലും ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുത്തുകൊണ്ടാണ് പ്രക്ഷോഭണം അവസാനിച്ചത്. ഇന്ത്യയുടെ ഗ്രാമങ്ങളിൽ ചിതറിക്കിടക്കുന്ന മൂന്ന് ലക്ഷം ഗ്രാമീൺ ഡാക്സേവക് ജീവനക്കാരുടെ നിശ്ചയദാർഢ്യവും തകർക്കാനാവാത്ത ഐക്യവും കീഴടങ്ങാത്ത മനസ്സുമാണ് ഈ പണിമുടക്ക് വിജയത്തിന് പ്രധാനകാരണം. ■

# കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്



കേരള സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്കും കൈത്തറി വ്യവസായത്തിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്ന നിയമമാണ് 1989 ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമം. പ്രസ്തുത നിയമത്തിന് 1989 ജനുവരി 30-ന് ഗവർണറുടെ അനുമതി ലഭിക്കുകയും മെയ് 4-ന് നിയമം പ്രാബല്യത്തിൽ വരികയും ചെയ്തു. ക്ഷേമനിധി നിയമത്തിലെ 3-ാം വകുപ്പു പ്രകാരം സർക്കാർ 'കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പദ്ധതി' ആവിഷ്ക്കരിക്കുകയും 1989 ജൂൺ 1 മുതൽ പ്രസ്തുത പദ്ധതി നിലവിൽ വരികയും ചെയ്തു.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 6(1) വകുപ്പു പ്രകാരം നിധിയുടെ നടത്തിപ്പിനും, നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി സർക്കാർ രൂപീകരിച്ചിട്ടുള്ള ബോർഡ് ആണ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്. സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 15 അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഡയറക്ടർ ബോർഡ്. ഡയറക്ടർമാരിൽ 5 പേർ തൊഴിലാളി-സ്വയംതൊഴിൽ വിഭാഗക്കാരുടെ പ്രതിനിധികളും, 5 പേർ വ്യാപാരി-തൊഴിലുടമാ പ്രതിനിധികളും, 5 പേർ സർക്കാർ പ്രതിനിധികളും ആണ്. ഡയറക്ടർമാരിൽ ഒരാളെ ബോർഡിന്റെ ചെയർമാനായി സർക്കാർ നിയമിക്കുന്നു. 3 വർഷമാണ് ഒരു ഡയറക്ടർ ബോർഡിന്റെ ഔദ്യോഗിക കാലാവധി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം സിഐടിയു സംസ്ഥാന കമ്മിറ്റിയംഗം അരക്കൻ ബാലൻ ചെയർമാനായി ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി.



ടി. പി. രാമകൃഷ്ണൻ

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയുടെ ഗുണഭോക്താക്കൾ നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള കൈത്തറി തൊഴിലാളികളും, കൈത്തറി വ്യവസായത്തിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുമാണ്. നിലവിൽ 58200 തോളം അംഗങ്ങൾ രജിസ്ററർ ചെയ്തിട്ടുണ്ട്. മരണമടഞ്ഞവർ, പെൻഷനായവർ, വിവിധ കാരണങ്ങളാൽ ജോലി ഉപേക്ഷിച്ചവർ എന്നിവരെ ഒഴിവാക്കിയാൽ അംശദായം അടച്ചു വരുന്ന അംഗങ്ങൾ നിലവിൽ 29518 പേരാണ്. നിലവിൽ ആകെ പെൻഷൻകാരുടെ എണ്ണം 9886 ആണ്.

നിധിയുടെ വരുമാനമാർഗ്ഗം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അംശദായങ്ങളാണ്. ഇതിൽ മുഖ്യ വരുമാനം 4(2) വകുപ്പു പ്രകാരമുള്ള 'വ്യാപാരി അംശദായ'മായിരുന്നു. എന്നാൽ 22.2.2002 ൽ ഉണ്ടായ

ബഹു:കേരള ഹൈക്കോടതി വിധിയെത്തുടർന്ന് വ്യാപാരി അംശദായം പിരിച്ചെടുക്കാനാവാതെ വന്നു.

ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയ 2002 ലെ കോടതിവിധി മറികടക്കുന്നതിനായി, 2006 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ഓർഡിനൻസും, 2007 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് നിയമവും, 2008 ൽ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് പദ്ധതിയും നിലവിൽ വന്നു. ഈ നിയമ പ്രകാരം 5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവുള്ള സംസ്ഥാനത്തെ വസ്ത്ര-നൂൽ ഉല്പാദകർ, സംഭരണം നടത്തുന്നവരും വിൽക്കുന്നതും, കയറ്റുമതി ചെയ്യുന്നതുമായ സ്ഥാപനങ്ങൾ എന്നിവർ അവരുടെ വാർഷിക വിറ്റുവരവിന്റെ 0.25% സെസ്സ് നൽകാൻ ബാദ്ധ്യസ്ഥരാണ്. നിയമപ്രകാരം സർക്കാർ ആണ് സെസ്സ് ഈടാക്കി ബോർഡിന് നൽകേണ്ടത്. സർക്കാർ ഇതിനായി ജില്ല ലേബർ ഓഫീസർമാരെ അസസ്സിങ്ങ് ഓഫീസർമാരായി നിയമിക്കുകയും, സെസ്സ് പിരിക്കുന്നതിനുള്ള ഫോറങ്ങൾ ബോർഡ് തന്നെ അച്ചടിച്ച് നൽകുകയും ചെയ്തെങ്കിലും, ബോർഡിന് ഇതുവരെ ഈ ഇനത്തിൽ വരുമാനമൊന്നും ലഭ്യമായിട്ടില്ല. 2012-ൽ സെസ്സ് പിരിച്ചെടുക്കാനുള്ള പ്രാരംഭനടപടികൾ സർക്കാർ ആരംഭിച്ചെങ്കിലും, സെസ്സ് പിരിവിനെതിരെ വ്യാപാരികൾ ബഹുഹൈക്കോടതിയെ സമീപിച്ചതിനാൽ സെസ്സ് പിരിച്ചെടുക്കാനുള്ള നടപടിക്രമങ്ങൾ നിലച്ചു.

നിലവിൽ ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്:

(1) പ്രതിമാസം 3 രൂപ നിരക്കിലുള്ള തൊഴിലാളി അംശദായം
(2) പ്രതിമാസം 5 രൂപ നിരക്കിലുള്ള സ്വയംതൊഴിൽ വിഭാഗക്കാരുടെ അംശദായം
(3) ഓരോ തൊഴിലാളിക്കും പ്രതിമാസം 6 രൂപ നിരക്കിലുള്ള തൊഴിലുടമാ അംശദായം
(4) തൊഴിലാളി-സ്വയംതൊഴിൽ വിഭാഗ അംശദായത്തിന്

**തുല്യമായ സർക്കാർ അംശദായം.**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഹെഡ്ഡാഫീസ് കണ്ണൂരിലാണ്. 1989 ജൂലായ് 17 ന് ഈ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. കണ്ണൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ബോർഡിന്റെ 4 മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

ബോർഡിന്റെ ഹെഡ്ഡാഫീസിന്റെ ചുമതല ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിലും, മേഖലാ ഓഫീസുകളുടെ ചുമതല ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരിലും നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ 4 മേഖലാ ഓഫീസുകൾക്ക് പുറമേ കൊല്ലം ജില്ലയിൽ ഒരു ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നുവെങ്കിലും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം പ്രസ്തുത ഓഫീസ് പ്രവർത്തനം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് കൈത്തറി തൊഴിലാളികൾക്ക് നൽ

## അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസഗ്രാന്റ്

അംഗങ്ങളുടെ മക്കളുടെ ഹൈസ്ക്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പടെയുള്ള വിദ്യാഭ്യാസത്തിന് ഗ്രാന്റ് നൽകുന്നു. വിവിധ കോഴ്സുകൾക്ക് അനുവദിച്ചുവരുന്ന ഗ്രാന്റ് തുക ചുവടെ ചേർക്കുന്നു.

| ക്രമ | കോഴ്സിന്റെ പേര് | ബോർഡ് നൽകിവരുന്ന വിദ്യാഭ്യാസ ഗ്രാന്റ് - തുക |
|---|---|---|
| 1 | ഹൈസ്കൂൾ വിദ്യാഭ്യാസം VIII.IX,X | 500 |
| 2 | ഉന്നത വിദ്യാഭ്യസം - പ്രീ.ഡിഗ്രി, ഹയർ സെക്കന്ററി, വോക്കേഷണൽ ഹയർസെക്കന്ററി | 750 |
| 3 | ടി.ടി സി | 750 |
| 4 | ഐ ടി ഐ | 750 |
| 5 | ഡിപ്ലോമ കോഴ്സ് - പോളിടെക്നിക്ക്, കംപ്യൂട്ടർ സയൻസ്, പാരാമെഡിക്കൽ സയൻസ്, ഡിഎസ്ഡബ്ല്യു, ഡിഎസ്എസ് | 1000 |
| 6 | ഡിഗ്രി കോഴ്സ് - ബിഎ, ബി കോം, ബിഎസ്.സി, ബിസിഎ, ബിബിഎ,ബിബി.എം | 750 |
| 7 | ബിരുദാനന്തര ബിരുദം - എംഎ, എംഎസ്.സി, എം കോം, എം.എസ് ഡബ്ല്യു, എംബിഎ, എം.സി.എ | 1000 |
| 8 | ബിഎഡ് കോഴ്സ് | 1000 |
| 9 (a) | പ്രൊഫഷണൽ കോഴ്സ് - എംബിബിഎസ്, എഞ്ചിനീയറിംഗ് ബിഎഎം.എസ്, ബിഎച്ച്എംഎസ്,ബിഡിഎസ്, ബിഎസ്സി.(അഗ്രികൾച്ചർ), ബിവിഎസ്.സി, | 5000 |
| (b) | എൽഎൽബി, ബിഎസ്സി. (നഴ്സിങ്ങ്) | 2000 |

കിവരുന്ന ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.

### പ്രതിമാസ പെൻഷൻ

58 വയസ്സ് പൂർത്തിയായി സർവ്വീസ്സിൽ നിന്നു വിരമിക്കുന്ന സ്ഥാപനതൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും, ശാരീരിക വൈകല്യത്താലോ സ്ഥായിയായ അവശതമൂലമോ ജോലി ചെയ്യാൻ കഴിയാതാകുമ്പോൾ ജോലിയിൽ നിന്ന് വിരമിക്കുന്ന തൊഴിലാളിക്കും പെൻഷന് അർഹതയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് പെൻഷൻ തുക 1100 രൂപയായി വർദ്ധിപ്പിക്കുകയും കുടിശ്ശിക പൂർണമായി വിതരണം ചെയ്യുകയും ചെയ്തു.

### എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം

ജോലിക്കിടയിൽ അപകടമരണം സംഭവിക്കുന്ന അംഗങ്ങളുടെ ആശ്രിതർക്കും ദീർഘകാല ചികിത്സ മൂലവും സ്ഥായിയായ അവശത മൂലവും ജോലി ചെയ്യാനാവാത്ത അംഗങ്ങൾക്കും 5,000/ രൂപ വരെ എക്സ്ഗ്രേഷ്യാ ധനസഹായമായി അനുവദിക്കുന്നു.

### മരണമടഞ്ഞ അംഗത്തിന്റെ ആശ്രിതർക്കുള്ള ധനസഹായം

ജോലിയിലിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് 5,000/ രൂപ ധനസഹായം നൽകിവരുന്നുണ്ട്.

### മരണമടഞ്ഞ അംഗത്തിന്റെ അംശദായ റീഫണ്ട്

ജോലിയിലിരിക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് മരണപ്പെട്ട അംഗത്തിന്റെ അംശദായ റീഫണ്ട് വകയിൽ 1,000/ രൂപ അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

### എസ്.എസ്.എൽ.സി. സ്വർണ്ണപ്പതക്കവും പാരിതോഷികവും

അംഗങ്ങളുടെ മക്കളിൽ ഓരോ വർഷവും ഓരോ ജില്ലയിലും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിക്കുന്നവർക്ക് 500/ രൂപ പാരിതോഷികമായി നൽകിവരുന്നത്. 02.02.2006 തീയതിയിലെ ജി.ഒ.(പി) 12/06/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി 43(ബി)ഖണ്ഡിക ഭേദഗതി ചെയ്ത് അംഗങ്ങളുടെ മക്കളിൽ എസ്എസ്എൽസി. പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടിക്ക് ഒരു സ്വർണ്ണപ്പതക്കവും തൊട്ട് താഴെ മാർക്ക് ലഭിക്കുന്ന ഒരുകുട്ടിക്ക് 1,000/ രൂപ പാരിതോഷികവും മറ്റ് ജില്ലാതല ഉന്നതവിജയികൾക്ക് 500/ രൂപ പാരിതോഷികവും നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഗ്രേഡിങ്ങ് രീതി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഷയങ്ങളിലും എ+ നേടിയ മുഴുവൻ കുട്ടികൾക്കും സ്വർണ്ണപ്പതക്കം നൽകി വരുന്നു.

### വിവാഹ ധനസഹായം

വനിതാ അംഗത്തിന്റെ വിവാഹത്തിനും അംഗത്തിന്റെ 2 പെൺമക്കളുടെ വിവാഹത്തിനും 3,000 രൂപ വീതം ധനസഹായം നൽകുന്നു.

### പ്രസവാനുകൂല്യം

പ്രസവാനുകൂല്യമായി 13500/ രൂപ (2012 ലെ അസംഘടിത മേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതിയിൽ ഉൾപ്പെടുത്തി) ക്ഷേമനിധിയിലെ വനിതാ അംഗത്തിന് അനുവദിച്ചുവരുന്നു.

ഭവന വായ്പ, ചികിത്സാ ചെലവ്, കുടുംബ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി മൂലം ഇതുവരെ വിതരണം ആരംഭിക്കാന് കഴിഞ്ഞിച്ചിട്ടില്ല.

ബോർഡിന്റെ സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തി ക്ഷേമനിധി നിയമത്തിൽ പ്രതിപാദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അംഗതൊഴിലാളികൾക്ക് ലഭ്യമാക്കാനാണ് ബോർഡ് ശ്രമിക്കുന്നത്.

നിലവിലെ അംശദായം 3 രൂപ, 6 രൂപ എന്നത് യഥാക്രമം 10 രൂപ, 30 രൂപ, 20 രൂപ എന്നാക്കി വർദ്ധിപ്പിക്കണമെന്ന ബോർഡ് ശുപാർശ സർക്കാർ പരിഗണനയിലാണ്.

സെസ്സ് പിരിവിൽ നിന്നുള്ള വരുമാനം ലഭിക്കുകയും, അംശദായം വർദ്ധിപ്പിക്കുകയും, പവ്വർലൂം-അനുബന്ധ തൊഴിലാളികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്താൽ ഈ ബോർഡ് സാമ്പത്തികമായി സ്വയം പര്യാപ്തമാകും.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ സ്കൂൾ യൂണിഫോം പദ്ധതി, പ്രോഡക്ഷൻ ഇൻസന്റീവ്, ഇൻകം സപ്പോർട്ട് സകീം. തുടങ്ങി കൈത്തറി മേഖലയുമായി ബന്ധപ്പെട്ട, പദ്ധതികളുടെ ഭാഗമായി ഈ മേഖലക്ക് ഒരു പുത്തൻ ഉണർവ്വ് ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ക്ഷേമനിധി അംഗത്വരജിസ്ട്രേഷനിൽ അടുത്ത കാലത്ത് ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പുന:സംഘടിപ്പിക്കപ്പെട്ട ഭരണസമിതിയുടെ നേതൃത്വത്തിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാക്കുന്നതിനും സംസ്ഥാനത്തെ സുപ്രധാന പരമ്പരാഗത വ്യവസായ മേഖലകളിലൊന്നായ കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒപ്പമുണ്ടാകും.

# കേരള സംസ്ഥാന വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ

## ഒന്നാം സംസ്ഥാന സമ്മേളനം



ഡോ. കെ.എസ്.പ്രദീപ്കുമാർ
(പ്രസിഡന്റ്)



ആർ.വി. ഇക്ബാൽ
(ജനറൽ സെക്രട്ടറി)

കേരള സംസ്ഥാന വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു) സംസ്ഥാന സമ്മേളനം 2018 മെയ് 12 മുതൽ 14 വരെയുള്ള തീയതികളിൽ പാലക്കാട് വച്ച് നടന്നു.

സമ്മേളനത്തിന് മുന്നോടിയായി മെയ് 3 ന് ജില്ലകളിലും, ഏര്യാ കേന്ദ്രങ്ങളിലും പതാകദിനം ആചരിച്ചു. പാലക്കാട് ജില്ലയിൽ മുഴുവൻ തൊഴിൽ കേന്ദ്രങ്ങളിലും തൊഴിലാളികളുടെ വീടുകളിലും പതാക ഉയർത്തി

മെയ് 9 ന് സമ്മേളന പ്രചാരണത്തിന്റെ ഭാഗമായി ജില്ലാ കേന്ദ്രങ്ങളിൽ വിളംബര ജാഥകൾ സംഘടിപ്പിച്ചു.

മെയ് 12 ന് എൻ.ജി.ഒ. യൂണിയൻ ഹാളിൽ വൈകുന്നേരം സംഘടിപ്പിച്ച സെമിനാർ (തൊഴിലും ഉപജീവനവും കവർന്നെടുക്കുന്ന സാമ്പത്തികനയം) നിയമവകുപ്പ് മന്ത്രിയും, സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റുമായ സ:എ.കെ.ബാലൻ ഉദ്ഘാടനം നിർവ്വഹിച്ചു. വിഷയം അവതരിപ്പിച്ചുകൊണ്ട് സ.കെ.ടി.കുഞ്ഞികണ്ണൻ സംസാരിച്ചു. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി സ.സി.കെ.രാജേന്ദ്രൻ, സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി സ. എം.ഹംസ, സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എം.അച്ചുതൻ, കെ.എസ്.പ്രദീപ് കുമാർ എന്നിവർ പങ്കെടുത്തു. എസ്.കൃഷ്ണദാസ് സ്വാഗതം പറഞ്ഞു. സ. ആർ.വി.ഇക്ബാൽ അദ്ധ്യക്ഷത വഹിച്ചു.

ഫെഡറേഷൻ സംസ്ഥാന സമ്മേളനത്തിൽ ഡോ: പ്രദീപ്കുമാർ അദ്ധ്യക്ഷത വഹിച്ചു. സംഘാടക സമിതിക്കുവേണ്ടി ജനറൽ കൺവീനർ സ.എസ്.കൃഷ്ണദാസ് സ്വാഗതം ആസംസിച്ചു.

മുനിസിപ്പൽ ൌൺഹാളിൽ ചേർന്ന പ്രതിനിധിസമ്മേളനം സി.ഐ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി സ.എളമരം കരീം ഉദ്ഘാടനം ചെയ്തു. സംഘടനയെ കൂടുതൽ ശക്തിപ്പെടുത്താൻ ഉതകുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൽഘാടന പ്രസംഗത്തിൽ ഉണ്ടായി. തൊഴിലാളികൾക്ക് ആവേശകരായ അനുഭവമായിരുന്നു ഇത്. പങ്കെടുത്തതിൽ 70% തൊഴിലാളികൾ ആയിരുന്നു.

സംഘടനാ രേഖയും, സംഘടനാ റിപ്പോർട്ടും ഫെഡറേഷൻ ജനറൽ സെക്രട്ടറി സ.ആർ.വി.ഇക്ബാലും, വരവ്-ചെലവ് കണക്കുകൾ ട്രഷറർ സ. എം.എച്ച്.സലീമും അവതരിപ്പിച്ചു.

സംഘടനയെ കൂടുതൽ ശക്തിയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള പൊതു ചർച്ച നല്ല നിലവാരം ഉയർത്തുന്നതായിരുന്നു. സി.ഐ.ടി.യു. അഖിലേന്ത്യാ സെക്രട്ടറി സ.കെ.കെ.ദിവാകരൻ സമ്മേളനത്തിന്റെ ആദ്യാവസാനംവരെ പങ്കെടുക്കുകയും സംഘടനാപരമായ കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു.

പൊതു ചർച്ചകൾക്ക് ജനറൽ സെക്രട്ടറി മറുപടി പറഞ്ഞതിനുശേഷം റിപ്പോർട്ടും, സംഘടനാരേഖയും, വരവ്-ചെലവ് കണക്കും സമ്മേളനം അംഗീകരിച്ചു. 75 അംഗ സംസ്ഥാന കമ്മിറ്റിയേയും, 220 അംഗങ്ങൾ ഉള്ള കൗൺസിൽ അംഗങ്ങളേയും സമ്മേളനം തീരുമാനിച്ചു.
സംസ്ഥാന ഭാരവാഹികളായി: സ. ഡോ.കെ.എസ്. പ്രദീപ്കുമാർ (പ്രസിഡന്റ്), സ. ആർ.വി.ഇക്ബാൽ (ജനറൽ സെക്രട്ടറി) സ. എം.എച്ച്. സലീം (ട്രഷറർ) എന്നിവരെയും വൈസ് പ്രസിഡന്റുമാരായി യു. കെ.പവിത്രൻ, എം.ആർ.ദിനേശൻ, കെ.സി.കൃഷ്ണൻകുട്ടി, എ.എസ്.ജാഫർഖാൻ, മീരാസാഹിബ്,പി.കെ.ഫൈസൽ, കുമാരി, സെക്രട്ടറിമാരായി എസ്.അനിൽകുമാർ, എം.ബാപ്പുട്ടി, എം.സുനിൽകുമാർ, കെ.പ്രബീഷ്, എസ്.കൃഷ്ണദാസ്, കെ.വേണുഗോപാൽ, ടി.എൻ.ത്യാഗരാജൻ എന്നിവരെ തെരഞ്ഞെടുത്തു.

മെയ് 14 ന് വൈകുന്നേരം 6 മണിക്ക് കോട്ടമൈതാനിയിൽ സ: എം.ബി.രാജേഷ് എം.പി.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനം കേരള സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സ: കെ.ടി.ജലീൽ ഉദ്ഘാടനം നിർവ്വഹിച്ചു. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി സ.സി.കെ.രാജേന്ദ്രൻ, ഫെഡറേഷൻ ജനറൽ സെക്രട്ടറി സ.ആർ.വി.ഇക്ബാൽ, പ്രസിഡന്റ് ഡോ.കെ.എസ്. പ്രദീപ്കുമാർ എന്നിവർ സംസാരിച്ചു. ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി സ.എസ്.കൃഷ്ണദാസ് സ്വാഗതമാശംസിച്ചു.

സഖാക്കൾ കെ.കെ.ദിവാകരൻ, അച്യുതൻ, എം.ഹംസ, പ്രഭാകരൻ എന്നിവർ പ്രതിനിധി സമ്മേളനത്തിലും, പൊതു സമ്മേളനത്തിലും പങ്കെടുത്തു. പാലക്കാട് ജില്ലയിലെ പൊതു ജനാധിപത്യപ്രസ്ഥാനവും, സി.ഐ.ടി.യു. ജില്ലാ നേതൃത്വവും അകമഴിഞ്ഞ സഹായമാണ് ഫെഡറേഷൻ സമ്മേളനം വിജയിപ്പിക്കാൻ നൽകിയത്. കഴിഞ്ഞ സംസ്ഥാന സ്ക്കൂൾ കലാ മത്സരത്തിൽ കുച്ചുപ്പുടിയിൽ എ. ഗ്രേഡ് ലഭിച്ച ഓഫീസ് സെക്രട്ടറി സ:ഹുസൈന്റെ മകൾ ഷെഹനാസിന് മന്ത്രിയും, എം.പി.യും ചേർന്ന് ഉപഹാരം നൽകി.

# സംഘടനാ വാർത്തകൾ

### നോൺ ബാങ്കിംഗ് & പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷൻ

## മണപ്പുറം ഫിനാൻസ് യൂണിറ്റ് കൺവെൻഷൻ

സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനവും ഇതര ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് നോൺബാങ്കിംഗ് & പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷൻ മണപ്പുറം ഫിനാൻസ് യൂണിറ്റ് സംസ്ഥാന കൺവെൻഷൻ ആവശ്യപ്പെട്ടു. കോഴിക്കോട് എൻജിഒ യൂണിയൻ ഹാളിൽ ചേർന്ന കൺവെൻഷൻ സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉത്ഘാടനം ചെയ്തു.

ബാങ്കിംഗ്, നോൺബാങ്കിംഗ്, ഇൻഷുറൻസ്, മൈക്രോ ഫിനാൻസ്, വിദേശ നാണ്യ വിനിമയം, ഹയർ പർച്ചേസ്, ചിട്ടി, കുറി, പണയസ്ഥാപനങ്ങൾ എന്നിവയിൽ പതിനായിരക്കണക്കിന് ജീവനക്കാർ സംസ്ഥാനത്ത് ജോലി ചെയ്തു വരുന്നു. ആധുനിക സാങ്കേതിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ള യുവതീയുവാക്കളാണ് ഈ സ്ഥാപനങ്ങളുടെ കരുത്ത്. എന്നാൽ ഇവിടെയുള്ള ജീവനക്കാരുടെ അവസ്ഥ ഏറെ ദയനീയമാണ്. മിക്ക സ്ഥാപനങ്ങളിലും 8000 മുതൽ 10,000 രൂപവരെയാണ് ശമ്പളം. സിഐടിയു ഇടപെടലിനെ തുടർന്ന് ഇക്കാര്യങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി ശുപാർശകൾക്കെതിരെ സ്ഥാപനങ്ങൾ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങിയതോടെ ഈ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം പോലും നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ഈ സ്റ്റേ പിൻവലിക്കാൻ സർക്കാർ കക്ഷി ചേരണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു.

യൂണിയന്റെ വൈസ് പ്രസിഡന്റ് എ കുഞ്ഞികൃഷ്ണൻ അധ്യക്ഷനായ യോഗത്തിൽ യൂണിയൻ ജനറൽ സെക്രട്ടറി സി സി രതീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു നേതാക്കളായ ടി




ദാസൻ, എ സിയാവുദീൻ, ടി അപ്പുക്കുട്ടൻ, എം കെ വേലായുധൻ, മുത്തൂറ്റ് യൂണിറ്റ് വൈസ് പ്രസിഡന്റ് പി പ്രമോദ്, മുത്തൂറ്റ് ഫിൻകോർപ് പ്രസിഡന്റ് സംഗീത നായർ, മിനി മുത്തൂറ്റ് നേതാവ് മിറയുമ്മ തയ്യിൽ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ : ടി കെ വിനീഷ് (പ്രസിഡന്റ്) സനൂപ്, ജനീഷ്, അനൂപ് (വൈസ് പ്രസിഡന്റുമാർ), ടെസി തങ്കച്ചൻ (സെക്രട്ടറി), ശരത് സുകുമാർ, എൻ കെ നികേഷ്, അനിത (ജോയിന്റ് സെക്രട്ടറിമാർ), രതിനേഷ് (ട്രഷറർ)



ടി.കെ. വിനീഷ്
(പ്രസിഡന്റ്)



ടെസി തങ്കച്ചൻ
(സെക്രട്ടറി)

## കൺസ്യൂമർഫെഡ് ജീവനക്കാർ പണിമുടക്കിലേക്ക്

ശമ്പള പരിഷ്കരണം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പണിമുടക്ക് സംഘടിപ്പിക്കാൻ കൺസ്യൂമർഫെഡ് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ കൗൺസിൽ തീരുമാനിച്ചു. ജീവനക്കാരെ സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാരിന്റെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയിൽ കൺസ്യൂമർഫെഡ് ജീവനക്കാരെകൂടി കൊണ്ടുവരണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. കൊല്ലം വൈഎംസിഎ ഹാളിൽ ചേർന്ന കൗൺസിൽ സിഐടിയു അഖിലേന്ത്യാ സെക്രട്ടറി പി നന്ദകുമാർ ഉത്ഘാടനം ചെയ്തു. അസോസിയേഷൻ ജനറൽ സെക്രട്ടറി കെ ജെ ജിജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു കൊല്ലം ജില്ലാ പ്രസിഡന്റ് ബി തുളസീധനകുറുപ്പ് ഉൾപ്പെടെ പ്രമുഖ നേതാക്കൾ സംസാരിച്ചു.




കേരളത്തിലെ സ്കൂൾ പാചക തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങളുയർത്തി കേരള സംസ്ഥാന സ്കൂൾ പാചക തൊഴിലാളി ഫെഡറേഷൻ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തിയ മാർച്ചും ധർണയും സ: എം. ചന്ദ്രൻ ഉത്ഘാടനം ചെയ്യുന്നു.

## ആർആർഡി ഓഫീസിനുമുന്നിൽ ധർണ




സിഐടിയു നേതൃത്വത്തിലുള്ള റെയിൽവെ കൺസ്ട്രക്ഷൻ ലേബർ യൂണിയന്റെ ആഭിമുഖ്യത്തിൽ റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡിനു മുന്നിൽ ധർണ നടത്തി. റിക്രൂട്ട്മെന്റ് സെൽ നടത്തുന്ന ട്രാക്മാൻ ഒഴിവുകളിൽ, 1990 മുതൽ ട്രാക് മെയിന്റനൻസ് ജോലികളിൽ ഏർപ്പെട്ടിരുന്ന പരിചയ സമ്പന്നരായ കരാർ തൊഴിലാളികളെയും നിയമിക്കണമെന്നതാണ് പ്രധാന ആവശ്യം. തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുക, തൊഴിലാളികളുടെ ലൈവ് രജിസ്റ്റർ തയാറാക്കി തിരിച്ചറിയൽ കാർഡ് നൽകുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. യൂണിയന്റെ സംസ്ഥാന പ്രസിഡന്റ് ടി കെ അച്ചുതൻ, സിഐടിയു നേതാക്കളായ എസ് എസ് പോറ്റി, ചാല മോഹനൻ, ലോക്കോ റണ്ണിംഗ് സ്റ്റാഫ് അസോസിയേഷൻ നേതാവ് ജി ശ്രീകണ്഻ൻ തുടങ്ങിയവർ സംസാരിച്ചു

## കേരളാ ഐസിപിഎസ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കൺവെൻഷൻ

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സംഘടനയായ കേരളാ ഐസിപിഎസ് എംപ്ലോയീസ് യൂണിയന്റെ പ്രഥമ കൺവെൻഷൻ മെയ് 12 ന് തിരുവനന്തപുരം തൈക്കാട് കെഎസ്ടിഎ ഹാളിൽ വച്ച് നടന്നു. സിഐടിയു സംസ്ഥാന സെക്രട്ടറി സ: വി ശിവൻകുട്ടി കൺവെൻഷൻ ഉത്ഘാടനം ചെയ്തു. സിഐടിയു നേതാവ് സ: കെ എസ് സുനിൽകുമാർ അഭിസംബോധന ചെയ്തു. പ്രസിഡന്റ് ശ്രീ വിശാഖ് വി എസും ജനറൽ സെക്രട്ടറി ശ്രീ സൗജിത് പിഎസും സംസാരിച്ചു.



# സിഐടിയു സ്ഥാപകദിനം




സിഐടിയു സ്ഥാപകദിനം മേയ് 30-ന് കേരളത്തിലെ എല്ലാ സിഐടിയു യൂണിറ്റുകളും പതാക ഉയർത്തിക്കൊണ്ട് സമുചിതമായി ആചരിച്ചു. ആചരണത്തിനോടനുബന്ധിച്ച് സഖാക്കൾ പ്രതിജ്ഞയെടുക്കുകയും ചെയ്തു. പൊതുസ്ഥലങ്ങളായ ആശുപത്രികൾ, മാർക്കറ്റുകൾ, ജോലിസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങളും സ്ഥാപകദിനത്തോടനുബന്ധിച്ച് നടത്തി. തിരുവനന്തപുരത്ത് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദനാണ് ശുചീകരണ പരിപാടിക്ക് നേതൃത്വം നൽകിയത്. കണ്ണൂരിൽ സ. പി. നന്ദകുമാറും പാലക്കാട്ട് സ. കെ.കെ. ദിവാകരനും എറണാകുളത്ത് സ. കെ. ചന്ദ്രൻപിള്ളയും ആലപ്പുഴയിൽ സ. കെ.ഒ. ഹബീബും നേതൃത്വം നൽകി.



പാലക്കാട്



തൃശൂർ



എറണാകുളം




കോട്ടയം




മലപ്പുറം



കൊല്ലം




കേരള ആർട്ടിസാൻസ് യൂണിയൻ സംസ്ഥാന കുടുംബസംഗമം
കേരള മുഖ്യമന്ത്രി സ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു




കൺസ്യൂമർഫെഡ് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന കൺവെൻഷൻ സ. പി നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു




വഴിയോര കച്ചവട തൊഴിലാളികളുടെ ഫെഡറേഷൻ ഒന്നാം സംസ്ഥാന സമ്മേളനം
സ. എളമരം കരീം ഉദ്ഘാടനം ചെയ്യുന്നു

RNI No. KERMAL /2012/45813
KL/TV(N)/635/2018-20
Licenced to Post without Prepayment
No: KL/TV(N)/WPP/70/2018-20

CITU SANDESAM
MONTHLY

Date of Publication: 25 June 2018
Vol.6
Issue No.11
Annual Subscription ₹ 150

Mazdoor-Kisan Sangharsh Rally
5 September 18 • At Parliament
CITU-AIKS-AIAWU

# ജനവിരുദ്ധ ദേശവിരുദ്ധ ഭരണം തൂത്തെറിയുക

# പാർലമെന്റിലേക്ക് തൊഴിലാളി-കർഷക മാർച്ച്

## 2018 സെപ്തംബർ 5




Centre of Indian Trade Unions (CITU) Kerala State Committe, Publisher: Elamaram Kareem,
Printer: Elamaram Kareem, Editor: Elamaram Kareem, Printed at P.Krishnapillai Memorial Printing & Publishing Co. (P) Ltd.,
(Reg. No. 4066/84), P.B. No. 20, Aristo Jn., Thampanoor, Thiruvananthapuram -695 001 & Published at
E. Balanandan Smaraka Mandiram, Melethampanoor, Thiruvananthapuram -695 001 Email: citu.sandesam@gmail.com